TRUTH SHALL MAKE YOU FREE

മലങ്കരസഭ

മാസിക



സ്ഥാനാരോഹണദിനം

ഒക്ടോബർ 27

പുസ്തകം 32. 1977 ഒക്ടോബർ

ലക്കം 10

മലങ്കരസഭ

ഓർത്തഡോക്സ് സഭയുടെ മുഖപത്രം

1977 ഒക്ടോബർ 5. 1152 കന്നി 21

ഈ ലക്കത്തിൽ



കാലംചെയ്തു

തിരുവല്ലാ ബിഷപ്പ് സഖറിയാസ് മാർ അത്താനാസ്യോസ് (റീത്ത്) 1977 സെപ്ററംബർ 28–ാംനു- ബുധനാഴ്ച വൈകിട്ട് 7. 20–ന് തിരുവല്ലാ പുഷ്പഗിരി ആസ്പത്രിയിൽവച്ച് ഹൃദ്രോഗംമൂലം 68–ാമത്തെ വയസ്സിൽ കാലംചെയ്തു. മൃതശരീരം 30–ാം തീയതി വെള്ളിയാഴ്ച രാവിലെ തിരുവല്ലാ സെൻറ് ജോൺസ് കത്തീഡ്റലിൽ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള കബറിൽ സംസ്കരിച്ചു.

ദുഃഖവാർത്ത അറിഞ്ഞയുടനെ പ. കാതോലിക്കാബാവാ തിരുമേനി തൻെറ ബാല്യകാലസുഹൃത്തും ഇന്നോളം തൻെറ സ്നേഹിതനുമായ തിരുവല്ലാ ബിഷപ്പ് സഖറിയാസ് അത്താനാസ്യോസിൻെറ ആകസ്മികമായ ദേഹവിയോഗത്തിൽ താൻ അഗാധമായി ദുഃഖിക്കുന്നു എന്നും അദ്ദേഹത്തിൻെറ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുന്നു എന്നും ഒരു സന്ദേശത്തിൽക്കൂടെ അനുശോചനം അറിയിക്കുകയും 29–ാം തീയതി രാവിലെ മൃതദേഹം സന്ദർശിച്ച് ധൂപപ്രാർത്ഥന നടത്തുകയും പുഷ്പചക്രം സമർപ്പിച്ച് അന്തിമോപചാരം അർപ്പിക്കുകയും ചെയ്തു.

ധ്യാനപംക്തി

കടന്നുപോകുന്നവനായ യേശുവിനെ കണ്ടെത്തുക

മത്തായി 20: 29–34

നമ്മുടെ കർത്താവിൻെറ യരുശലേമിലേക്കുള്ള അന്ത്യയാത്ര. യോർദ്ദാൻനദി കടന്ന് യരിഹോവിൽ താൻ പ്രവേശിക്കുന്നു. യോർദ്ദാൻ താഴ്വരയിലുള്ള വളരെ പ്രധാനവും ഏററം ഫലഭൂയിഷ്ഠവുമായ ഒരു പട്ടണമാണിത്. ഇവിടെ ധാരാളം ഈന്തപനതോട്ടങ്ങളും ലോകപ്രസിദ്ധമായ ബൽസാം തോപ്പുകളുമുണ്ടായിരുന്നു.

ബൽസാമിൻെറ സുഗന്ധം മൈലുകളോളം വായുമണ്ഡലത്തിൽ പരിമളം പരത്തുന്നതാണ്. ''മ്ശിഹാതമ്പുരാൻെറ പരിമളവാസന''യാകുന്ന വി. മൂറോൻ തൈലം ഉണ്ടാക്കുന്നതിനും ഇതു് ഉപയോഗിച്ചുപോരുന്നു. റോമാക്കാർ യരിഹോവിലെ ഈന്തപഴവും ബൽസാമും ദിഗന്തങ്ങളിൽ വ്യാപാരചരക്കാക്കുകമൂലം ഈ പട്ടണം വളരെ പ്രസിദ്ധി ആർജ്ജിച്ചിരുന്നു. ഈ കാരണത്താൽ ഇതു് പലസ്തീനിലെ സുപ്രധാന ചുങ്കസ്ഥലങ്ങളിൽ ഒന്നായിതീർന്നു. ചുങ്കക്കാരൻ സഖായിയുടെ ജന്മസ്ഥലവും ഇതുതന്നെ.

ബഥാന്യൻ

യരുശലേമിൽ പെസഹാപെരുന്നാളിനു പോകുയായിരുന്നു യേശു. തീർത്ഥാടകർ ഓരോ സംഘമായിട്ടത്രെ യാത്ര ചെയ്തിരുന്നതു്. യാത്രചെയ്കയിൽ റബിമാർ (ഗുരുക്കന്മാർ) ഉപദേശങ്ങൾ നല്കുക പതിവായിരുന്നു. നസറേത്തിലെ ഈ വലിയ റബിയുടെ ഉപദേശങ്ങൾ ശ്രവിക്കുന്നതിനു ജനതതി തന്നോടു ചേർന്നു നടന്നിരുന്നു. തീർത്ഥാടകസംഘങ്ങൾ കടന്നുപോകുന്ന പട്ടണങ്ങളിലും ഗ്രാമങ്ങളിലും അവരെ വീക്ഷിപ്പാനും മംഗളങ്ങൾ നേരുവാനുമായി റോഡിൻെറ ഇരു പാർശ്വങ്ങളിലും ജനങ്ങൾ തടിച്ചുകൂടിയിരുന്നു.

ഭിക്ഷ യാചിപ്പാനായിരിക്കണം കുരുടന്മാരും ജനക്കൂട്ടത്തിനിടയിൽ സ്ഥലം പിടിച്ചിരുന്നതു്. ജനങ്ങളുടെ ആരവാരം കേട്ട് കാരണം ആരാഞ്ഞപ്പോൾ നസറായനായ യേശു കടന്നു പോകയാണെന്ന് അവർ ഗ്രഹിച്ചു. ''കർത്താവേ, ദാവീദുപുത്രാ ഞങ്ങളുടെമേൽ കരുണ തോന്നേണമെ'' എന്ന് അവർ അപേക്ഷിക്കയാണ്. മിണ്ടാതിരിപ്പാൻ ജനങ്ങൾ അവരെ അമർച്ചയായി ശാസിച്ചെങ്കിലും അതു കൂട്ടാക്കാതെ അവർ ഏററം ഉച്ചത്തിൽ നിലവിളിക്കുന്നു. യേശു മനസ്സലിഞ്ഞു് അവരുടെ കണ്ണുകളെ തൊടുകയും അവ തുറക്കപ്പെടുകയും ചെയ്യുന്നു. അവർ അവനെ പിന്തുടരുകയും ചെയ്തു.

1. ഈ രണ്ടു കുരുടന്മാരും യേശുവിൻെറ വീര്യപ്രവർത്തികളെപ്പററി കേട്ടിരുന്നു. അതു് അവരുടെമേൽ ഒന്നു പ്രയോഗിച്ചിരുന്നെങ്കിൽ എന്ന് അവർ അതിയായി വാഞ്ഛിച്ചിരിക്കണം. അവർ കാത്തിരിക്കയായിരുന്നു. അവസരം വന്നപ്പോൾ അവർ തക്കത്തിൽ വിനിയോഗിക്കുന്നു. യേശു കടന്നുപോകയായിരുന്നു. കടന്നുപോകുവാൻ അവർ അവനെ അനുവദിച്ചിരുന്നെങ്കിൽ അവരുടെ അവസരം എന്നേക്കുമായി നഷ്ടപ്പെടുമായിരുന്നു.

ഒരു നിമിഷത്തിൽ ചെയ്യേണ്ട പല കാര്യങ്ങളുമുണ്ട്. അല്ലാഞ്ഞാൽ അവ ഒരിക്കലും നിർവ്വഹിക്കപ്പെടുകയില്ല. ഉടനടി ഒരു തീരുമാനമെടുക്കേണ്ട പലതു കണ്ടേക്കാം. അപ്രകാരം ചെയ്യാഞ്ഞാൽ ഒരിക്കലും ആ തീരുമാനം എടുക്കപ്പെടുകയില്ല. പ്രവർത്തിപ്പാനുള്ള നിമിഷം കടന്നുപോകുന്നു. തീരുമാനം എടുക്കാനുള്ള ഉത്സാഹം നഷ്ടപ്പെടുന്നു. പ്രവർത്തിപ്പാൻ ഒരു സമയമുണ്ട്. തീരുമാനം എടുപ്പാനുമുണ്ട് ഒരു സമയം.

പൗലോസ് അഥേനയിലെ അരയോപഗകുന്നിന്മേൽ പ്രസംഗിക്കവേ ''ഞങ്ങൾ ഇതേപ്പററി പിന്നെയും നിൻെറ പ്രസംഗം കേൾക്കാം'' (പ്രവൃത്തി 17: 32)എന്നു പറഞ്ഞു് ചിലർ ഒഴിഞ്ഞു മാറി. അപ്രകാരമുള്ള സമയം ഉണ്ടാകയില്ലന്നുള്ളതാണ് സാധാരണ സംഭവിക്കുക.

2. പ്രതിബന്ധങ്ങളെ കൂട്ടാക്കാതെയുള്ള ആ കുരുടന്മാരുടെ മുട്ടിപ്പായ അപേക്ഷയാണു യേശുവിൻെ ശ്രദ്ധയെ പിടിച്ചുപററിയതു്. ഹൃദയം നിറഞ്ഞു കവിയുന്ന പ്രാർത്ഥനയാണ് സ്വർഗ്ഗവാതിൽ തുറക്കുന്നതു്.' ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളുമായി തിരികെവരുന്നതു് ''യാചിപ്പീൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പീൻ നിങ്ങൾ കണ്ടെത്തും; മുട്ടുവീൻ എന്നാൽ നിങ്ങൾക്കു തുറക്കും'' ലൂക്കോസ് 11: 9.

അർദ്ധരാത്രിക്ക് സ്നേഹിതൻെറ വാതിൽക്കൽ മുട്ടി മൂന്നപ്പം വായ്പ ചോദിച്ച ആളിൻെറ ഉപമയിലും ഈ സത്യം തന്നെയാണല്ലോ നമ്മുടെ കർത്താവ് പഠിപ്പിക്കുന്നത്. '' അവൻ സ്നേഹിതനാകകൊണ്ട് അവന് കൊടുക്കയില്ലെങ്കിലും അവൻ ലജ്ജകൂടാതെ മുട്ടിക്കനിമിത്തം എഴുന്നേറ്റ് അവന് വേണ്ടുവോളം കൊടുക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു''. ലൂക്കോസ് 11: 8.

നമ്മുടെ കർത്താവിൻെറ ദ്റഷ്ടാന്തവും ഇതു തന്നെയല്ലേ നമ്മെ പഠിപ്പിക്കുന്നത്. ''ക്രിസ്തു തൻെറ ഐഹിക ജീവിതകാലത്തു് തന്നെ മരണത്തിൽനിന്ന് രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തിനിമിത്തം ഉത്തരം ലഭിക്കയും ചെയ്തു''. എബ്രായർ 5: 7. ഹ്റദയത്തിൻെറയും മനസ്സിൻെറ ആത്മാവിൻെറയും സർവശക്തികളും ഉൾക്കൊള്ളുന്ന അതീവ ശ്രമകരവും ഗൗരവതരവുമായ ഒരു വേലയായിരുന്നു യേശുവിന് പ്രാർത്ഥന.

ഇതിൻെറ വെളിച്ചത്തിൽ എൻെറ ആത്മാവേ, നിൻെറ പ്രാർത്ഥന എത്ര ബലഹീനമാണ്. പൂർണ്ണ ഹ്റദയത്തോടെ അവനെ വിളിച്ചപേക്ഷിക്കുക. എത്ര പ്രതിബന്ധങ്ങൾ ഉണ്ടായാലും യേശുവിൽ നിന്ന് അകന്നു പോകാത്ത ആളാണ് അന്ത്യത്തിൽ അവനെ കണ്ടെത്തുക. ഈ രണ്ടു കുരുടന്മാരും, യേശുവിൽനിന്ന് അനുഗ്രഹം പിടിച്ചുപററിയ ആ കനാന്യാസ്ത്രീയും 'മറിയം മഗ്ദലനയും' എല്ലാം ഇതിന് ഉത്തമ ദ്റഷ്ടാന്തങ്ങളത്രെ.

3. യേശുവിനെപ്പററിയുള്ള ഈ രണ്ടു കുരുടന്മാരുടെ വിശ്വാസം വളരെ അപൂർണ്ണമായിരുന്നെങ്കിലും ഉള്ള വിശ്വാസത്തിന്മേൽ പ്രവർത്തിപ്പാൻ അവർ ദൃഢ പ്രതിജ്ഞരായിരുന്നു. ''ദാവീദുപുത്രാ,' എന്നാണ് അവർ തന്നെ സംബോധന ചെയ്തത്. രാജകീയ ഭൗമീകാധികാരമുള്ളവനായിട്ടത്രെ തന്നെ അവർ പരിഗണിച്ചത്. അതു് അപൂർണ്ണമായ വിശ്വാസമായിരുന്നെങ്കിലും അതിന്മേൽ അവർ പ്രവർത്തിച്ചു. കർത്താവ് അതു് അംഗീകരിക്കയും ചെയ്തു. നമ്മുടെ വിശ്വാസം അപൂർണ്ണമാണെങ്കിലും ഉള്ള വിശ്വാസം അംഗീകരിക്കുന്നവനാണ് യേശു എന്നതു് എത്ര ആശ്വാസകരം!

4. ഇവർ രണ്ടുപേരും വലിയ ഒരു അപേക്ഷ സമർപ്പിക്കുന്നതിൽ ഒട്ടും ഭയം കാണിച്ചില്ല. അവർ യാചകന്മാരെങ്കിലും പണമല്ല അവർ ആവശ്യപ്പെട്ടതു്. നമ്മുടെ ഏതു യാചനയും യേശുവിൻെറ പക്കൽ സമർപ്പിക്കാവുന്നതാണ്. എന്നാൽ സ്വന്തം ഇഷ്ടം നടക്കണമെന്ന് നിർബന്ധം പിടിക്കരുതെന്നുമാത്രം. ദൈവതിരുവിഷ്ടം നമ്മിലും മററുള്ളവരിലും നിവർത്തിയാകണമെന്നുള്ളതായിരിക്കണം എല്ലാ പ്രാർത്ഥനയുടെയും സാരാംശം.

5. യേശുവിൻെറ മനസ്സലിവ് എത്ര വലുതു്? ഒററവാക്കുകൊണ്ട് അവരെ സൗഖ്യമാക്കാമായിരുന്നെങ്കിലും താൻ അവരെ തൊട്ടു സൗഖ്യമാക്കുന്നു. സമൂഹായ മ്റഷ്ടനായ കുഷ്ഠരോഗിയോടും അപ്രകാരംതന്നെ താൻ വർത്തിക്കുന്നു. അടുത്തുചെല്ലുവാൻ നിവർത്തിയില്ലാതെ അങ്ങകലെ നിന്നവനെ കൈ നീട്ടി തൊട്ട് സൗഖ്യമാക്കി എന്നാണല്ലോ രേഖപ്പെടുത്തിയിരിക്കുന്നതു്. എൻെറ ആത്മാവേ, യേശുവിൻെറ മനസ്സലിവിനെ ഗ്രഹിച്ച് ധൈര്യപൂർവം നീ അവനെ സമീപിക്ക. അവൻ നിൻെറ മേലും കരുണ ചെയ്യും. അപ്രകാരംതന്നെ നീയും മററുള്ളവരോട് മനസ്സലിവു് കാണിക്കുക.

6. ഈ രണ്ടു കുരുടന്മാരും കൃതജ്ഞതയുള്ളവരായിരുന്നു. കാര്യം സാധിച്ചപ്പോൾ അവരുടെ വഴിക്കു പോകയല്ല അവർ ചെയ്തതു്. ചെയ്ത ഉപകാരം അവർ മറന്നില്ല. അവർ യേശുവിനെ പിന്തുടർന്നു. എന്നാൽ പലരും ആത്മീകമാ ലൗകീ

ഉപകാരസ്മരണയ്ക്ക്



ആനി വർഗീസ്, ഷാഡോറം.



ഒരു വിശ്വാസി, ബോംബെ.



ആനി തോമ്മസ്. താമസിച്ചതിൽ ക്ഷമിക്കണം.



സി. മാത്യു.

എഡിറ്റോറിയൽ

1977–78–ലെ സഭാബജററ്

26–8–77–ൽ കൂടിയ സഭാമാനേജിംഗ്കമ്മററി 1977–78–ലെ ബജററ് പാസ്സാക്കിയിരിക്കുകയാണല്ലോ. നിർഭാഗ്യകരമായ ഭിന്നതകൾ സഭയിൽ നിലവിലുണ്ടെങ്കിലും നമ്മുടെ ബജററ് സമുദായത്തിൻെറ ക്രമാനുഗതമായ പുരോഗതിയെയാണ് സൂചിപ്പിക്കുന്നതെന്നുള്ളതു്, സഭാംഗങ്ങളായ ഏവർക്കും അഭിമാനത്തിനും സന്തോഷത്തിനും വക നല്കുന്നതാണ്. കഴിഞ്ഞകൊല്ലം (1976–77) നമ്മുടെ ബജററുതുക ഒരു കോടി മുപ്പത്തേഴുലക്ഷം രൂപാ ആയിരുന്നെങ്കിൽ ഇക്കൊല്ലം അതു് 2 കോടി 41 ലക്ഷത്തിൽപരം രൂപാ ആണ്. അതായതു് 76 ശതമാനത്തിൻെറ വർദ്ധനവുണ്ടായിട്ടുണ്ട്. സഭയുടെ വകയായ പല സ്ഥാപനങ്ങളുടെയും വസ്തുക്കളുടെയും ബജററുകൾ ഇതിൽ ഉൾപ്പെടുത്തുവാൻ തരപ്പെട്ടിട്ടില്ല എന്ന് അസോസ്യേഷൻ സെക്രട്ടറി ബജററ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഈ കുറവ് അടുത്തകൊല്ലമെങ്കിലും പരിഹരിക്കപ്പെടുവാൻ ബന്ധപ്പെട്ടവർ സഹകരിക്കുമെന്നു വിശ്വസിക്കുന്നതോടൊപ്പം സമ്പൂർണ്ണമായ ഒരു ബജററ് അവതരിപ്പിക്കുവാനുള്ള സെക്രട്ടറിയുടെ ശ്രമത്തിന് വിജയമാശംസിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ കൊല്ലം സി. ഷെഡ്യൂളിലായിരുന്ന എം. ഡി. കൊമേർഷ്യൽ സെൻററിൻെറ ബജററ്, വരവു ചെലവുകൾ മാനേജിംഗ്കമ്മററിയെ ബോദ്ധ്യപ്പെടുത്തേണ്ടതായ ഇനങ്ങൾ ഉൾപ്പെടുന്ന എ. ഷെഡ്യൂളിൽ ചേർത്തിട്ടുണ്ട്. പരുമല സെൻറ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷ്യൻ ഹോസ്പിററലിൻെറ ബജററ് സി. ഷെഡ്യൂളിലാണ് (വരവുചെലവുകൾ അതാതു് ഗവർണിംഗ് ബോഡുകളെയോ കമ്മററികളെയോ ബോദ്ധ്യപ്പെടുത്തുകയും മാനേജിംഗ് കമ്മററിയുടെ അറിവിനായി സമർപ്പിക്കുകയും ചെയ്യേണ്ടവ) അവതരിപ്പിക്കപ്പെട്ടതെങ്കിലും അതു് ബി. ഷെഡ്യൂളിൽ (കണക്കുകൾ പ. സുന്നഹദോസിനെ ബോദ്ധ്യപ്പെടുത്തുകയും മാനേജിംഗ് കമ്മററിയുടെ അറിവിനായി സമർപ്പിക്കുകയും ചെയ്യേണ്ടവ) ചേർക്കുവാനുള്ള തീരുമാനം അംഗീകരിക്കപ്പെടുകയാണുണ്ടായതു്. ഇതുപോലെ തന്നെ പരുമല സിമ്മനാരിയുടെ കണക്കുകളും അടുത്ത കൊല്ലം മുതൽ ബി. ഷെഡ്യൂളിൽ ചേർത്തു് പ്രസിദ്ധപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. കാതോലിക്കേററ് അരമനയുടെ കണക്കുകൾ—കബറിങ്കൽനിന്നുള്ള കർബാനപ്പണമുൾപ്പെടെയുള്ള എല്ലാ വരവിനങ്ങളും ചേർത്തുകൊണ്ടുള്ളതു്—ബി. ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും മാനേജിംഗ് കമ്മററിയിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. കബറിങ്കലെ പണത്തിൻെറ കണക്ക് പ്രസിദ്ധപ്പെടുത്തുന്നില്ല എന്നുള്ള ചിലരുടെ ആരോപണം അർത്ഥശൂന്യമാണെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ.

പഴയസിമ്മനാരിയിൽ കബറടങ്ങിയിട്ടുള്ള തിരുമേനിമാരുടെ കബറിടങ്ങൾ പുതുക്കിപ്പണിയുന്നതിനും അതോടുകൂടി അവിടത്തെ മററു കെട്ടിടങ്ങൾക്കനുയോജ്യമായ രീതിയിൽ ചാപ്പലിൻെറ മുഖഛായ മാററുന്നതിനും ഉള്ള പരിശ്രമം വിജയിക്കട്ടെ എന്നാശംസിക്കുകയും അതിന് മുൻകൈ എടുത്തു പ്രവർത്തിക്കുന്ന സഭാസ്നേഹികളെ അഭിനന്ദിക്കുകയും ചെയ്യുന്നു. ദേവലോകം കാതോലിക്കേററ് അരമനക്കെട്ടിടം അതിമനോഹരമായി പണിതു് പൂർത്തിയാക്കുവാനുള്ള യത്നം ഉടനെ തന്നെ ആരംഭിക്കുകയാണെന്നറിയുന്നതിൽ സന്തോഷിക്കുകയും സമുദായ സ്നേഹികളായ ഏവരുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ഈ ഉദ്യമങ്ങൾക്കുണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. എം. ഡി. സിമ്മനാരി കോമ്പൗണ്ട് സഭയ്ക്കു് പൂർണ്ണമായി പ്രയോജനപ്പെടത്തക്കവണ്ണം അവിടെ വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അവയുടെ ആവശ്യങ്ങൾക്കുതകുന്ന രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാനനുവാദം നൽകുന്നതിനെ സംബന്ധിച്ച് ആലോ

ചിക്കാവുന്നതാണെന്നുള്ള ബജററു പ്രസംഗത്തിൽ സൂചപിപ്പിച്ചതു് തികച്ചും സ്വാഗതാർഹമാണെന്നാണു് ഞങ്ങളുടെ അഭിപ്രായം.

1977–ലെ കാതോലിക്കാദിനപ്പിരിവു് മൂന്നു ലക്ഷത്തോടു് സമീപിച്ചുകൊണ്ടിരിക്കുകയാണു്. കാതോലിക്കാദിനപ്പിരിവിനുള്ള കവറുകളിൽ മുദ്രണം ചെയ്യുകയും, പിരിവു സംബന്ധിച്ചു് കൂടിയ പ്രചരണയോഗങ്ങളിൽ വിശദീകരിക്കുകയും ചെയ്തിരുന്നതുപോലെ പിരിവുതുകയുടെ വിനിയോഗം ബജററിൽ ക്രമീകരിച്ചിട്ടുണ്ടു്. സഭയിലെ ആത്മീയസംഘടനകൾക്കു് പൂർണ്ണസമയം പ്രവർത്തിക്കുന്ന സംഘാടകരെ നിയമിക്കുന്നതിനു് സഹായകമാകത്തക്കവണ്ണം ഓരോന്നിനുമുള്ള ഗ്രാന്റു് വർദ്ധിപ്പിച്ചിട്ടുണ്ടു്. പ്രാർത്ഥനാഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനും അവധിക്കാലത്തുള്ള ബൈബിൾ പഠനം വ്യാപകമാക്കുന്നതിനും വേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കു് 2,000 രൂപാവീതം വകയിരുത്തിയിട്ടുണ്ടു്. ഈദൃശ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതോടുകൂടി കൂടുതൽ തുക നീക്കിവയ്ക്കപ്പെടും എന്നു പ്രതീക്ഷിക്കാം. ഈ രണ്ടു കാര്യങ്ങൾക്കും മുൻപു് ധനസഹായം നൽകിയിരുന്നില്ല എന്നുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണു്. കാതോലിക്കാദിനപ്പിരിവു വിഹിതം കുറവുള്ള മെത്രാസനങ്ങൾക്കു് ഗ്രാൻറായി നൽകുന്നതിനു് 25,000 രൂപായും, സാമ്പത്തികമായി ബുദ്ധിമുട്ടുള്ള പള്ളികൾക്കു് സഹായധനം കൊടുക്കുന്നതിനു് 10,000 രൂപായും വകകൊള്ളിച്ചിട്ടുണ്ടു്. അനാഥസംരക്ഷണം, ആതുരസേവനം, സാമൂഹ്യക്ഷേമം ഇവയ്ക്കു് 5,000 രൂപാ വീതം മാത്രമെ ഈ വർഷം ബജററു ചെയ്തിട്ടുള്ളു എങ്കിലും ഇതുപോലുള്ള പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതു് സഭാകേന്ദ്രത്തിൻെറ കർത്തവ്യമാണെന്ന തത്വം അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നതിൻെറ തെളിവായി ഇതിനെ പരിഗണിക്കാം. ഇതും ഒരു പുതിയ കാൽവയ്പാണു്. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ തുക ഈ വക കാര്യങ്ങൾക്കു് നീക്കിവയ്ക്കപ്പെടും എന്നു പ്രതീക്ഷിക്കുകയാണു്. മിഷ്യനറി പ്രവർത്തനങ്ങൾക്കു് കൊള്ളിച്ചിട്ടുള്ള 10,000 രൂപായും അപര്യാപ്തമാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. എന്നിരുന്നാലും സഭാകേന്ദ്രത്തിൻെറയും മെത്രാസനങ്ങളുടെയും സുഗമമായ പ്രവർത്തനത്തിനു് അത്യാവശ്യമായ തുകകൾ നീക്കിവച്ചതിനു ശേഷം മാത്രമെ ജീവകാരുണ്യപരമായ കാര്യങ്ങൾക്കു് വകകൊള്ളിക്കുവാൻ സാധിക്കയുള്ളു എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ കാതോലിക്കാദിനപ്പിരിവിൻെറ ബജററു് പൊതുവെ സ്വാഗതാർഹമാണെന്നുള്ള അഭിപ്രായമാണു് ഞങ്ങൾക്കുള്ളതു്. ഓരോ ഇനത്തിലും നീക്കിവച്ചിട്ടുള്ള തുക അതാതിനു തന്നെ വിനിയോഗിക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണമെന്നു് ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ.

വെള്ളപ്പൊക്കം, ഭൂകമ്പം, സാംക്രമികരോഗം ആദിയായവമൂലം ദുരിതമനുഭവിക്കുന്നവർക്കു് അടിയന്തിരസഹായമെത്തിക്കുക, സാമ്പത്തികക്ലേശം അനുഭവിക്കുന്ന രക്ഷിതാക്കളുടെ പ്രതിഭാസമ്പന്നരായ കുട്ടികളെ ഉപരിപഠനത്തിനു് സഹായിക്കുക, തുടങ്ങിയ കാര്യങ്ങൾക്കു് വിനിയോഗിക്കുവാൻ ബസ്സേലിയോസ് മാർ തോമ്മാ ചാരിററി ഫണ്ടു് എന്ന പേരിൽ ഒരു പ്രസ്ഥാനം പ. ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമേനി സമാരംഭിച്ചിട്ടുണ്ടു് എന്ന വിവരം ഇതിനകം ഏവരും അറിഞ്ഞിരിക്കുമെന്നു കരുതുന്നു. പ്രസ്തുത ഫണ്ടിലേക്കു് ഇക്കൊല്ലത്തെ കാതോലിക്കാദിനപ്പിരിവിൽനിന്നു് 5000 രൂപാ നൽകുവാൻ നീക്കിവച്ചിട്ടുണ്ടു് എന്ന വസ്തുതയും നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള താല്പര്യത്തിൻെറ പ്രതീകമെന്ന നിലയിൽ സ്വാഗതാർഹമാണു്.

1978–ലെ കാതോലിക്കാദിനപ്പിരിവിൻെറ ലക്ഷ്യം 5 ലക്ഷമായി മാനേജിംഗ്കമ്മററി പ്രഖ്യാപിച്ചിട്ടുണ്ടു്. സഭാംഗങ്ങൾ ആത്മാർത്ഥമായി സഹകരിച്ചാൽ ഇതു നിഷ്പ്രയാസം പ്രാപിക്കാവുന്ന ലക്ഷ്യവുമാണു്–പ്രത്യേകിച്ചു് 1977–ലെ പിരിവു് ഉദ്ദിഷ്ടകാര്യങ്ങൾക്കായി വിനിയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിൻെറ പശ്ചാത്തലത്തിൽ–പിരിവുതുക വർദ്ധിക്കുന്നതനുസരിച്ചു് കൂടുതൽ കൂടുതൽ തുകകൾ ക്രൈസ്തവാദർശങ്ങൾക്കനുയോജ്യമായ കാര്യങ്ങൾക്കു് വിനിയോഗിക്കുമെന്നു് നമുക്കു് ന്യായമായി പ്രതീക്ഷിക്കാം.

ബജററുവർഷം ഏതാണ്ടു് പകുതി ആയപ്പോൾ മാത്രമാണു് ഈ കൊല്ലത്തെ ബജററ്സമ്മേളനം കൂടിയിട്ടുള്ളതു്. 1977 മെയ്മാസത്തിൽ കൂടിയ മലങ്കരസുറിയാനിക്രിസ്ത്യാനി അസോസ്യേഷൻെറ ക്രമീകരണങ്ങൾ സംബന്ധിച്ചുള്ള ബദ്ധപ്പാടുകൾ കാരണമാണു് ഇപ്രകാരം വൈകിയതു് എന്നു കരുതുന്നു. അടുത്തകൊല്ലംമുതൽ കഴിവതും വർഷാരംഭത്തിനു മുൻപുതന്നെ ബജററുസമ്മേളനം കൂടുന്നതു നന്നായിരിക്കുമെന്നുള്ളതാണു് ഞങ്ങളുടെ അഭിപ്രായം.

നമ്മുടെ സഭ പുരോഗതിയുടെ പാതയിലൂടെ മുന്നേറുന്നു എന്നതിൻെറ ഒരു തെളിവാണു് ഇക്കൊല്ലത്തെ ബജററു്. പല വിധത്തിൽ പുതുമയുള്ള പ്രസ്തുത ബജററു് അവതരിപ്പിക്കുവാൻ സാധിച്ചതിൽ അസോസ്യേഷൻ സെക്രട്ടറിയെ ഞങ്ങൾ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

വി. മറിയം ദൈവമാതാവുതന്നെ

(പ. കാതോലിക്കാബാവാ തിരുമേനി മാതാവിൻെറ ജനനപ്പെരുനാളിനോടനുബന്ധിച്ചു് പുതുപ്പള്ളി സെൻറു് ജോർജ്ജ് ചാപ്പലിൽവച്ചുചെയ്ത പ്രസംഗം)

കർത്താവിൽ പ്രിയരെ, വി. മാതാവിനോടു് നമുക്കുള്ള ഭക്തിയും സ്നേഹവും ബഹുമാനവും വലുതാണു്. കാരണം, മറെറാരു സ്ത്രീക്കും ലഭിച്ചിട്ടില്ലാത്ത ദൈവത്തിൻെറ മാതാവു് എന്നുള്ള സ്ഥാനം തനിക്കു് ഉള്ളതുകൊണ്ടാണു്. സർവ്വശക്തനും സർവ്വ വ്യാപിയും സർവ്വത്തിനും കാരണഭൂതനുമായ ദൈവത്തിനു് മാതാവുണ്ടോ എന്നുള്ളതു് ഒരു ന്യായമായ സംശയമാണു്. തന്മൂലം മറിയാം ദൈവത്തിൻെറ മാതാവു് എന്നു പറയുന്നതിനെ നെസ്തോറിയോസ് ചോദ്യം ചെയ്തു. മറിയാം ദൈവത്തിൻെറ മാതാവു് (Theotokos) അല്ല പിന്നെയോ ക്രിസ്തുവിൻെറ മാതാവാണു് (Christotokos) എന്നു് നെസ്തോർ പറഞ്ഞു. എ. ഡി. 431–ൽ കൂടിയ എഫേസൂസ് സുന്നഹദോസ് നെസ്തോറിയോസിനെ ശപിച്ചു മുടക്കിയെങ്കിൽതന്നെയും നെസ്തോറിയോസ് സൃഷ്ടിച്ച വേദവിപരീതത്തിൻെറ അലയടികൾ ഇന്നും കേൾക്കുന്നുണ്ടു്. മറിയാം ദൈവത്തെയാണു് പ്രസവിച്ചതെന്നു് എല്ലാ പൗരാണിക സഭകളും വിശ്വസിക്കുന്നു. തിങ്കളാഴ്ച രാത്രിയുടെ ഒന്നാം കൗമയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നുണ്ടു്. 'കന്യക ദൈവത്തെ പ്രസവിച്ചു എന്നു് കബറിൽനിന്നു എൻെറ അസ്ഥികൾപോലും അട്ടഹസിക്കും. ഞാൻ സംശയിക്കുന്നുവെങ്കിൽ സത്യത്തിൽനിന്നു് തള്ളപ്പെടും. എൻെറ നീരൂപണയിൽ ശങ്കയുണ്ടായാൽ നെസ്തോറിനോടുകൂടെ നരകത്തിൽ വീഴുകയും ചെയ്യും'. ദൈവമാതാവു് എന്നുള്ള പേരിനു് അർഹയായിക്കഴിഞ്ഞപ്പോൾമുതൽ വി. മറിയാമിൻെറ സ്ഥാനം വർദ്ധിച്ചു.

മാതാവു് ദൈവത്തെ പ്രസവിച്ചു എന്നതു് വാസ്തവമാണെങ്കിൽ അതിനു മുൻപു് ദൈവം ഇല്ലായിരുന്നുവോ എന്നതു് വേദവിപരീതികൾ ഉന്നയിക്കുന്ന വേറൊരു ചോദ്യമാണു്. ദൈവം നിത്യനാണു്. താൻ ഇല്ലാതിരുന്ന ഒരു കാലമില്ല. പിന്നെയോ, തൻെറ സ്നേഹാതിരേകത്താൽ താൻ സൃഷ്ടിച്ച മനുഷ്യനെ പാപത്തിൻെറ അടിമത്വത്തിൽനിന്നു് രക്ഷിക്കുന്നതിനായി, നിത്യജീവൻെറ അവകാശിയാക്കുന്നതിനായി കാലത്തികവിൽ മനുഷ്യനായി ജഡധാരണം ചെയ്തു് കന്യകയിൽകൂടി ജനിക്കുകയാണു ചെയ്തതു്. അങ്ങനെ ദൈവം മനുഷ്യനായി അവതരിച്ചു. മറിയാം ദൈവത്തെ മനുഷ്യനായി പ്രസവിച്ചു.

വി. മറിയാം ദൈവത്തെ പ്രസവിച്ചു എന്നതു് ശരിയാണെങ്കിൽതന്നെയും അവൻെറ ദൈവത്വം മാതാവു് കൊടുത്തിട്ടുള്ള ഒന്നല്ല. ആ ദൈവത്വം മുൻപിനാലെ ഉള്ളതായിരുന്നു. എന്നാൽ അവനിലുള്ള ശ്രേഷ്ഠമായ, ശ്ളാഘനീയമായ മനുഷ്യത്വം അവളുടേതായിരുന്നു. മാതാപിതാക്കൾ, പ്രത്യേകിച്ചും മാതാക്കൾ ഇതോർത്തിരിക്കുന്നതു നല്ലതാണു്. തങ്ങളുടെ മക്കളിൽ കാണുന്ന നല്ലതും ചീത്തയുമായ സ്വഭാവങ്ങൾക്കു് ഒരു പരിധിവരെ മാതാപിതാക്കൾ ഉത്തരവാദികളാണു്. ഇപ്രകാരം ഉന്നതമായ സ്ഥാനം മാതാവിനുള്ളതുകൊണ്ടാണു് എക്കാലവും സഭ അവളെ ബഹുമാനിക്കുന്നതും സ്മരിക്കുന്നതും.

മാതാവു് ഭാഗ്യവതിയാണു്. വാഴ്ത്തപ്പെട്ടവളാണു്. അനുഗ്രഹിക്കപ്പെട്ടവളാണു്. ദൈവഇഷ്ടത്തിനു് വിധേയമായി പ്രവർത്തിച്ചു. സംശയലേശമെന്യെ ഗബ്രിയേൽ മാലാഖായുടെ ദൂതു് അവൾ സ്വീകരിച്ചു. 'കണ്ടാലും ഞാൻ കർത്താവിൻെറ ദാസി. നിൻെറ ഇഷ്ടംപോലെ എനിക്കു ഭവിക്കട്ടെ'. ദൈവത്തിൻെറ ഇഷ്ടം പ്രവർത്തിച്ചു് അതനുസരിച്ചു് ജീവിക്കുന്നതാണു് അഭികാമ്യമായിട്ടുള്ളതു്.

റോമൻ കത്തോലിക്കാസഭ മാതാവിനെക്കുറിച്ചു പറയുന്ന അമലോത്ഭവ വാദത്തോടു് (Immaculate conception) നമുക്കു യോജിക്കുവാൻ സാധിക്കുകയില്ല. ഇതിനു് ഉപോത്ബലകമായ തെളിവുകൾ യാതൊന്നും വി. വേദത്തിലോ സഭയുടെ പാരമ്പര്യത്തിലോ കാണുന്നില്ല. അവർ ഒരു സാധാരണ സ്ത്രീയായിരുന്നു. സാധാരണ മാതാപിതാക്കളിൽനിന്നു ജനിച്ചവൾ. മാതാപിതാക്കന്മാർ തന്നെയും പാപത്തിൽ ഇരിക്കുന്നവരാണു്. പാപത്തിൻെറ നീർച്ചാൽ അവരിൽ ഉണ്ടു്. അങ്ങനെയുള്ള നീർച്ചാലിൽനിന്നും പൊട്ടി പുറപ്പെട്ട ഒരു ശിശു കളങ്കമില്ലാത്തതായി പരിഗണിക്കുവാൻ പ്രയാസമാണു്. മററുള്ളവരെപ്പോലെ ഒരു വലിയ വംശത്തിൻെറ പിൻതുടർച്ച അവളിലുമുണ്ടു്. ആ പിൻതുടർച്ചയിൽകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന പാപസ്വഭാവം തിന്മയിലേക്കുള്ള പ്രവണത അവളിലും വന്നുചേർന്നു. തന്മൂലം അവൾക്കും Original Sin ഉണ്ടു്,

എന്നാൽ സാധാരണ മനുഷ്യരുടെ ജനനത്തേക്കാൾ ഒരു പ്രത്യേകത മാതാവിന്റെ ജനനത്തിനുണ്ട്. മറിയാം ഒരു തെരഞ്ഞെടുക്കപ്പെട്ട സ്ത്രീയായിരുന്നു. ആദിമാതാപിതാക്കൾ പാപത്തിൽ വീണപ്പോൾതന്നെ ഇവളെക്കുറിച്ച് സൂചനയുണ്ടായിരുന്നു. 'സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും'. സർപ്പത്തിന്റെ തല തകർത്ത് ലോകത്തിനു രക്ഷ പ്രദാനം ചെയ്യുന്ന ആ സന്തതി ആരായിരിക്കും. ആരുടെ ഉദരത്തിൽനിന്നുണ്ടാകും. ആരിൽനിന്നും ഭൂജാതനാകും. ആ സ്ത്രീയേയും സന്തതിയേയും കാണുവാൻ ലോകം ആകാംക്ഷയോടും താല്പര്യത്തോടുംകൂടി കാത്തിരുന്നു. തലമുറകൾക്കു മുൻപ് ദൈവം ഏതു സ്ത്രീയെക്കുറിച്ചു പ്രവചിച്ചുവോ ആ സ്ത്രീയായിരുന്നു യൊയാക്കീമിന്റെയും ഹന്നായുടെയും മകളായി ഗലീലയിലെ നസ്രേത്തു പട്ടണത്തിൽ ജനിച്ചത് എന്ന് ഗബ്രിയേൽ മാലാഖാ പ്രത്യക്ഷപ്പെടുന്നതുവരെ ആരും മനസ്സിലാക്കിയിരുന്നില്ല. ഇതായിരുന്നു മാതാവിന്റെ ജനനത്തിനുള്ള പ്രത്യേകത. തലമുറ തലമുറയായി അവളുടെ വംശാവലി നാം നോക്കിയാൽ ദൈവത്തിന്റെ ഇഷ്ടപ്രകാരം യഹൂദമതത്തിന്റെ കല്പനകൾ അനുസരിച്ചു ജീവിച്ച മാതാപിതാക്കളുടെ ഒരു സന്തതിപരമ്പരയുടെ പിൻഗാമിത്വം വഹിച്ചു വന്നിട്ടുള്ളവളാണ് ദൈവമാതാവ്.

വളരെയേറെ നന്മ അവളിലുണ്ട്. തിന്മയുടെ പ്രവണത മറിയാമിലില്ല എന്നു പറയുവാൻ പാടില്ല. എങ്കിലും അവളിലുള്ള നന്മയുമായി താരതമ്യപ്പെടുത്തുമ്പോൾ അതു വളരെ തുച്ഛമായിരുന്നു. വളരെ നാളത്തെ തെരഞ്ഞെടുപ്പിന്റെ ഫലമായി ഉണ്ടായ മറിയാമിൽ നന്മ വർദ്ധിച്ചതിനാൽ പാപം ചെയ്യുന്നതിനുള്ള താല്പര്യം അവളിൽ കുറഞ്ഞു. മാതാവ് നിഷ്കളങ്കയായിരുന്നു എന്നുള്ളത് എല്ലാ സഭകളും അംഗീകരിക്കുന്ന വസ്തുതയാണ്.

മാതാവ് നിത്യകന്യകയായിരുന്നു. അവളുടെ ആയുഷ്പര്യന്തം മുഴുവനും കന്യകയായിത്തന്നെ ജീവിച്ചു. ഏകജാതനെ പ്രസവിച്ചതിനു ശേഷം ആ ഉദരം വേറൊരു ശിശുവിനു സ്ഥാനം കൊടുക്കത്തക്കവണ്ണം അവൾ ഏല്പിച്ചുകൊടുത്തില്ല. പൂർവ്വീക നീതിമാന്മാർ മോഹനീയങ്ങളും മനോഹരങ്ങളുമായ നാമങ്ങളാൽ അവളെ സംബോധന ചെയ്തിരിക്കുന്നതിൽനിന്ന് ഇതു മനസ്സിലാക്കുവാൻ സാധിക്കും. 'അടയ്ക്കപ്പെട്ട വാതിൽ' എന്നും 'മുദ്രയിടപ്പെട്ട ഉറവ'യെന്നും ആണ് അവളെ വിളിച്ചിരിക്കുന്നത്. എന്നിരുന്നാലും ചില പ്രോട്ടസ്റ്റന്റു സഭകൾ മാതാവിന്റെ സ്ഥാനത്തിന് മങ്ങൽ വരത്തക്ക രീതിയിൽ അവളുടെ കന്യകാത്വത്തെ ചോദ്യം ചെയ്യുന്നുണ്ട്. അതു മാതാവിനോടു ചെയ്യുന്ന കടുത്ത അപരാധമാകുന്നു. അധർമ്മമാകുന്നു. മാതാവിന്റെ കന്യകാത്വത്തെക്കുറിച്ച് പൗരാണിക സഭകൾക്കൊന്നും യാതൊരു സംശയവുമില്ല.

പുത്രനും മാതാവും തമ്മിലുള്ള ബന്ധം വളരെ ദൃഢതരമായിരുന്നു. പുത്രൻ അവളെ അങ്ങേയററം കാര്യമായി കരുതി. മാതാവിനെ നോക്കാതെ നിർവിചാരകനായി നമ്മുടെ കർത്താവ് ജീവിച്ചു എന്നു പറയുവാൻ സാധിക്കയില്ല. അതുകൊണ്ടാണല്ലോ താൻ കുരിശിൽ കിടന്ന അവസരത്തിൽ തന്റെ മാതാവിനെ വാത്സല്യ ശിഷ്യനായ യോഹന്നാന്റെ കൈകളിൽ ഭരമേല്പിക്കുന്നത്. അവന്റെ ജീവകാലമൊക്കെയും അവളുടെ മേൽനോട്ടം അവനിലുണ്ടായിരുന്നു. നമ്മുടെ കർത്താവ് ഈ ലോകത്തിൽനിന്ന് വിട്ടുപോയെങ്കിൽ തന്നെയും ശിഷ്യന്മാർ അനാഥരായി തീർന്നില്ല. കാരണം മാതാവ് അവരോടുകൂടിയുണ്ടായിരുന്നു. അവളുടെ സാന്നിദ്ധ്യം അവർക്ക് ആശ്വാസവും ധൈര്യവും പ്രചോദനവും നൽകി. നമ്മുടെ കർത്താവിന്റെ മുപ്പതു വയസ്സുവരെയുള്ള ജീവിതത്തിൽ നടന്ന സംഭവങ്ങളും സംസാരങ്ങളും അവർ താല്പര്യപൂർവ്വം മാതാവിൽനിന്നു കേട്ടിരുന്നു.

പ്രിയമുള്ളവരെ, ഇത്ര അത്ഭുതകരമായ ഒരു സ്ത്രീക്ക് നമ്മുടെ കർത്താവിന്റെ അടുക്കൽ അപേക്ഷാസ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണല്ലൊ, നാം മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നത്. അവൾ തന്റെ പുത്രനോടു യാചിച്ച് ഏതു നല്ല കാര്യവും നമുക്കു സാധിച്ചുതരുവാൻ സന്നദ്ധയാണ്. അവളുടെ ശരീരമാണല്ലൊ നമ്മുടെ കർത്താവിന്റെ ശരീരം. ആ ശരീരത്തിൽ ഇരിക്കുന്നവനായ കർത്താവിനോട് 9 മാസം തന്നെ വഹിച്ച് വേദനയോടുകൂടി പ്രസവിച്ച മാതാവ് അപേക്ഷിച്ചാൽ നിശ്ചയമായും താൻ കേൾക്കും. കാനാവിലെ കല്യാണവിരുന്നിൽ നടന്ന അത്ഭുത സംഭവം അതിന് ഒരുദാഹരണമാണ്.

മാതാവിന് എല്ലാസമയത്തും തന്റെ മക്കളായ നമ്മെക്കുറിച്ച് കരുതലുണ്ട്. അവൾ സഭയുടെ മദ്ധ്യസ്ഥയാണ്. സഭയുടെ മദ്ധ്യത്തിൽ ഇരുന്നുകൊണ്ട് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വി. മാതാവിന്റെ മദ്ധ്യസ്ഥത നമുക്കു കോട്ടയും സങ്കേതസ്ഥാനവുമായിരിക്കട്ടെ. അവളുടെ മദ്ധ്യസ്ഥതയിൽ നമുക്കഭയം പ്രാപിക്കാം.

ശാരീരികസുഖങ്ങൾക്കായി അനേകം മരുന്നുകൾ കഴിക്കുന്ന ഇന്നത്തെ ചെറുപ്പക്കാർക്ക് ആത്മീയവും മാനസീകവുമായ സൗഖ്യത്തിന് മതമെന്ന മയക്കമരുന്ന് എന്തുകൊണ്ടു കഴിച്ചുകൂടാ? ....

മതം മയക്കമരുന്നോ?

കുഞ്ഞുമോൻ, വാരിക്കാടു്

മതം മയക്കമരുന്നായും, ദൈവത്തെ പരേതനായും കാണുന്ന ഇന്നത്തെ സമൂഹത്തിൽ മതത്തിന്റെ സ്വാധീനം കേവലം ഉപരിപ്ലവമായ സംഗതികളിൽ മാത്രം ഒതുങ്ങിനില്ക്കുന്ന സമൂഹത്തിലെ ബുദ്ധിജീവികൾ എന്നഭിമാനിക്കുന്ന ചില ആളുകൾ ദൈവത്തെയും, മതത്തെയും കൈ ഒഴിഞ്ഞിരിക്കുന്നു. ദേശീയമനോഭാവത്തെ ധ്വംസിക്കുകയും രാഷ്ട്രീയത്തിൽ വർഗ്ഗീയ വിഷം കലർത്തുകയും സമൂഹത്തിലെ മുതലാളിമാർക്കും കുത്തക താല്പര്യക്കാർക്കും പുകമറയായിരിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനമായി മതം മുദ്രയടിക്കപ്പെട്ടുകഴിഞ്ഞു. മതം എന്നു പറഞ്ഞാൽ വെറും പ്രഹസനമല്ലേ? കുറച്ചാളുകളുടെ ഉപജീവനത്തിനുള്ള മാർഗ്ഗമല്ലേ? ദൈവം എന്നുള്ളത് വെറുമൊരു സങ്കല്പം മാത്രമല്ലേ? ഇന്ന് പലരിൽനിന്ന് ഉയർന്നു വരുന്ന ചോദ്യങ്ങളാണിവ.

ഇന്നത്തെ മതത്തിന്റെ ന്യൂനതകൾ മതനേതാക്കൾക്കും വേദശാസ്ത്രപണ്ഡിതന്മാർക്കും മററും ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നു. മതത്തിനുള്ളിലെ പല അനുഷ്ഠാനങ്ങളും ഇന്നത്തെ ചെറുപ്പക്കാരിൽ അന്ധവിശ്വാസം ഉളവാക്കുന്നവയായിട്ടാണ് അവർക്കു തോന്നുന്നത്. എല്ലാ മതങ്ങളിലെയും ചില പുരോഹിതന്മാർ മതാനുഷ്ഠാനങ്ങൾ വെറും ഒരു ചടങ്ങായും, സ്വാർത്ഥലാഭത്തിനും, പണസമ്പാദനത്തിനുള്ള ഒരു ഉപാധിയായും ദുരുപയോഗം ചെയ്യുന്നു. ഇതിൽ ഹിന്ദുവെന്നോ, മുസ്ളീമെന്നോ, ക്രിസ്ത്യാനിയെന്നോ പറഞ്ഞ് ആരെയും ഒഴിച്ചു നിർത്താനാവില്ല.

ഇന്ന് ലോകത്തിൽ ഏററവും അധികം ചൂഷണവും അക്രമവും നടക്കുന്നത് മതത്തിന്റെ പേരിലാണെന്നാണ് പൊതുവെ പറയപ്പെടുന്നത്. മതം മനുഷ്യനിൽ വർഗ്ഗവിദ്വേഷത്തിന് രൂപം കൊടുക്കുന്നുവെന്ന ആരോപണം ശരിയല്ല. ഒരു മതവും മററു മതവിശ്വാസികളെ ദ്വേഷിക്കണമെന്നോ, പീഡിപ്പിക്കണമെന്നോ പഠിപ്പിക്കുന്നില്ല. മതത്തിന്റെ പേരിൽ അക്രമവും അനീതിയും നടന്നിട്ടുണ്ടെങ്കിൽ അഥവാ നടന്നുകൊണ്ടിരിക്കുന്നുവെങ്കിൽ അതു് ആ മതത്തിന്റെ അംഗീകൃത തത്വങ്ങൾക്കെതിരാണ്. ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ നടത്തുന്ന അക്രമങ്ങൾക്കും തട്ടിപ്പുകൾക്കും പുറകിലുള്ളത് വ്യക്തികളുടെ ഇടുങ്ങിയ മനസ്ഥിതിയും, സ്വാർത്ഥലാഭവും ചില മത നേതാക്കന്മാരുടെ പ്രകോപനപരമായ നടപടികളുമാണ്.

മതത്തിന്റെ പോരായ്മകൾ

ഏതൊരു മതാനുയായിക്കും താൻ വിശ്വസിക്കുന്ന മതത്തിന്റെ ഉപദേശങ്ങളെക്കുറിച്ച് വിശദമായതും യഥാർത്ഥവുമായ അറിവു ലഭിക്കുന്നില്ലായെന്നതാണു സത്യം. സാധാരണക്കാരെ സംബന്ധിച്ചിട

കമോ ആയ അനുഗ്രഹങ്ങൾ പ്രാപിച്ചശേഷം കൃതജ്ഞത പറവാൻപോലും കൂട്ടാക്കാറില്ല.

കൃതഘ്നതയാണ് എല്ലാ പാപങ്ങളിലും ഏററം ഹീനമായിട്ടുള്ളത്. കർത്താവ് സുഖപ്പെടുത്തിയ പത്തു കുഷ്ഠരോഗികളിൽ ഒരുവൻ മാത്രം കൃതജ്ഞത പറവാൻ തിരികെ ചെന്നപ്പോൾ ''ഒൻപതുപേർ എവിടെ?'' എന്നു താൻ ചോദിക്കുന്നുണ്ടല്ലോ. നാം നന്ദിയുള്ളവരായിരിക്കണമെന്ന് ദൈവവും നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നു. മനുഷ്യരോടും നാം കൃതജ്ഞതയുള്ളവരായിരിക്കണം.

എന്റെ ആത്മാവേ, ദൈവത്തിന് സ്തോത്രം പറയുന്ന സ്വഭാവം നിനക്കുണ്ടോ? കൃതജ്ഞതാർപ്പണത്തിന് നിന്റെ പ്രാർത്ഥനയിൽ ഒരു പ്രധാന സ്ഥാനം ഉണ്ടായിരിക്കട്ടെ.

പ്രാർത്ഥന.

''എൻ മനമെ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമെ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻ മനമെ, യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ യാതൊന്നും മറക്കരുതെ''. സങ്കീർത്തനങ്ങൾ 103: 1.

—0—

ത്തോളം പ്രാഥമികാവശ്യങ്ങൾപോലും നിറവേറ്റുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നവന് മതതത്വങ്ങളെപ്പററി പഠിക്കുക അത്ര സുഖകരമായിരിക്കുകയില്ല. പ്രായോഗിക ജീവിതത്തിൽ ഉപദേശങ്ങളുടെ ഭാഗികമായ ഒരാവിഷ്ക്കരണം കാണാത്തിടത്തോളം മതത്തിൻെറ പ്രായോഗികതയെക്കുറിച്ച് എപ്പോഴും ചിലർ സംശയാലുക്കൾ ആയിരിക്കും. സ്വന്തം ജീവിതത്തിൽ അതിൻെറ ശരിയായ ഒരു രൂപം പ്രകാശിപ്പിക്കുന്നതിന് അവന് പലപ്പോഴും കഴിയുകയില്ല. ഇതുമൂലമാണ് മോഹനസുന്ദരവാഗ്ദാനങ്ങൾ തരുന്ന, കാറൽ മാർക്സിൻെറ സിദ്ധാന്തപ്രകാരം മതം മയക്കുമരുന്നായി അനുഭവപ്പെടുന്നത്.

ആദർശങ്ങളുടെയും, നിഷ്ഠകളുടെയും, തത്വങ്ങളുടെയും അതിപ്രസരണവും പ്രവർത്തനത്തിൻെറ ദൗർലഭ്യതയുമാണ് മതത്തെ വെറും താളടികളാക്കി മാററുന്നത്. ഒരാൾ ഒരു മതത്തിൽ അല്പമായി വിശ്വസിച്ചാൽ മാത്രം സത്യസ്വരൂപനായ ദൈവത്തിൻെറ ശരിയായ രൂപം അവന് ലഭിക്കുകയെന്നതു് പ്രയാസമാണ്. ബാഹ്യമായ ആഡംബരങ്ങളിലും ചടങ്ങുകളിലും മാത്രം വിശ്വസിക്കുന്ന ഒരു മതത്തിനും ദൈവത്തെ കാണിച്ചുകൊടുക്കുവാൻ സാധിക്കുകയില്ല. ഹിന്ദുമതമാകട്ടെ, ക്രിസ്തീയമതമാകട്ടെ പാരമ്പര്യാധിഷ്ഠിതവും ആഡംബരവുമായ ആചാരാനുഷ്ഠാനങ്ങൾ അണുവിട തെററാതെ നടത്തുകയെന്നതല്ലാതെ അതിൻെറ അർത്ഥം എന്താണെന്നോ, ഏതു രൂപത്തിലായിരിക്കണമെന്നോ മനസ്സിലാക്കിക്കൊടുക്കുന്നില്ല. എല്ലാ രംഗങ്ങളിലും പരിവർത്തനം രൂപം കൊള്ളുമ്പോൾ മതത്തിൻെറ മണ്ഡലത്തിലും കാലത്തിനു യോജിച്ച മാററങ്ങൾ ഉണ്ടാകണമെങ്കിലും എല്ലാം പഴഞ്ചനെന്നു മുദ്രയടിച്ചുകൊണ്ട് അപ്പാടെ മാററം വരുത്തുന്നതും ശരിയല്ല.

വഴി പിഴപ്പിക്കുന്നതു് ആരു്?

മതത്തെ തരം താഴ്ത്തിക്കാണിക്കുന്ന പ്രവചനക്കാർ, കൈനോട്ടക്കാർ, ക്ഷുദ്രപ്രയോഗം നടത്തുന്നവർ, അത്ഭുതസിദ്ധിക്കാർ തുടങ്ങി മനുഷ്യരെ വഴിതെററിക്കുന്നവരുടെ സമൂഹത്തിൽനിന്നും പിന്മാറേണ്ടതു് അത്യാവശ്യമാണ്. വിശ്വാസം നഷ്ടപ്പെടുത്തുന്ന ഇതുപോലെയുള്ള പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കരുതു്. അശാസ്ത്രീയവും, കപടവുമായ മാർഗ്ഗത്തിലൂടെ അത്ഭുതസിദ്ധികൾ പ്രകടിപ്പിച്ചശേഷം ദൈവമെന്നോ, ദിവ്യപുരുഷനെന്നോ നടിച്ച് ജനങ്ങളെ വഞ്ചിക്കുന്ന ഇന്ദ്രജാലക്കാരായ ഇവരാണ് യുവാക്കളെയും, യുവതികളെയും വഴി തെററിക്കുന്നതു്. ഇതുപോലെയുള്ള ദൈവങ്ങൾക്കു വഴിപ്പെടുന്ന നമ്മെപ്പോലെയുള്ള ആളുകളാണ് ഇതിനെ പ്രോത്സാഹിപ്പിക്കുന്നതു്.

ഉപകാരസ്മരണയ്ക്ക്



John Mathai, John Mathew (Baby) Mariamma John, Tehran.

രോഗബാധ ദേവിയുടെ കോപം കൊണ്ടാണെന്നും, ഭൂതബാധയാണെന്നും, പിശാചുബാധയാണെന്നും മററും പറഞ്ഞു് ദേവപ്രീതിക്കായി സാധുക്കളെ ഞെക്കിപ്പിഴിയുന്ന മതവിശ്വാസികളും ഉണ്ട്. ഇതു് മനുഷ്യനന്മയ്ക്കോ? ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ഇങ്ങനെയുള്ള മതത്തിന് ദൈവത്തെ കാണിച്ചുകൊടുക്കുവാൻ സാധിക്കുമോ എന്നു സംശയിച്ചുപോകും. ഇൻഡ്യയിലെ മതങ്ങൾ പ്രത്യേകിച്ച് ക്രിസ്തീയ മിഷ്യനറി സ്ഥാപനങ്ങൾ സേവനം ചെയ്യുന്നുണ്ടെങ്കിലും മറുവശത്തു് വിശ്വാസത്തിനു് കോട്ടം തട്ടുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും കാണാം. അതുപോലെതന്നെ വിശ്വാസികളും വിശ്വാസത്തിൻെറ പേരിൽ നെടുങ്കൻ പള്ളി മേടകളും അംബരചുംബികളായ കുരിശിൻതൊട്ടികളും പണിയുന്നതിനും മററും പണം ധൂർത്തടിച്ചു കളയുന്നു. ഒരു നേരത്തെ ആഹാരത്തിനു നിവൃത്തിയില്ലാതെ വിഷമിക്കുന്നവൻെറ അടുക്കൽ ഇതുപോലെയുള്ള പ്രവർത്തനങ്ങൾ മുഖേന മതത്തിനും അതിൻെറ ആദർശങ്ങൾക്കും യാതൊരു വിലയുമില്ല. സാധാരണക്കാരൻെറ കഷ്ടപ്പാടുകൾ കുറെയെങ്കിലും ലഘൂകരിക്കുവാൻ കഴിയുന്നവെങ്കിൽ മാത്രമേ മതപ്രബോധനത്തിന് സ്ഥാനമുള്ളു. അപ്പോൾ മതം മാനവരാശിക്ക് ആവശ്യമാണെന്നുള്ള ബോധം ഉണ്ടാകും.

വ്യതിയാനം ആവശ്യം

മതത്തിൻെറ അടിസ്ഥാനപരമായ അന്തസത്തയിൽ മാററം വരുത്താതെ പ്രവർത്തന ശൈലിയിൽ ആവശ്യമായ പരിഷ്ക്കാരം ഉണ്ടാകണം. ആരാധനയുടെ ലക്ഷ്യം ദൈവവുമായുള്ള സംസർഗ്ഗമാണ്. പഴയ കാലത്തു് വെറും പ്രബോധനത്തിലും ആരാധനയിലും മാത്രം കഴിഞ്ഞുകൂടിയിരുന്ന മതം ഇന്നു് മനുഷ്യൻെറ വ്യക്തിത്വത്തിൻെറ നാനാമുഖങ്ങളായ വികസനങ്ങൾക്കു വേണ്ടി പരിശ്രമിക്കുവാൻ തുടങ്ങിയെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണ്. സമുദായസേവനം എന്നതു് ഏതൊരു മതത്തിൻെറയും ഒഴിച്ചുകൂടാൻ പാടില്ലാത്ത ലക്ഷ്യവും കടമയുമായി തീർന്നിട്ടുണ്ട്. മനുഷ്യൻെറ എല്ലാവിധ കഴിവുകൾക്കും മതങ്ങൾ അംഗീകാരം നൽകുകയും മനുഷ്യൻെറ ആത്മാവിനെയും, ശരീരത്തെയും, മനസ്സിനെയും സുഖപ്പെടുത്തുവാൻ തക്കവണ്ണം വളർന്നുവരേണ്ടതാവശ്യവുമാണ്. മനുഷ്യജീവിതത്തിൻെറ ആഴവും അർത്ഥവും മനസ്സിലാക്കുവാൻ മതത്തിനു കഴിയണം. മനുഷ്യനെ, അവൻെറ ദൈനംദിന പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാൻ സഹായിക്കുന്ന ഹസ്തമായി മതം ആയിത്തീരണം. അല്ലാതെ പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടുവാൻ മാത്രമുള്ള സങ്കേതമാകരുതു്. ഇങ്ങനെ മനുഷ്യന് അവൻെറ ജീവിതത്തിൻെറ നാനാവശങ്ങളെയും സ്പർശിക്കുന്ന പ്രയോജനപ്രദമായ ഒരു മതത്തെ കാഴ്ച വയ്ക്കുവാൻ കഴിഞ്ഞാൽ മതം മയക്കുമരുന്നാണെന്ന് കാറൽ മാർക്സിനെപ്പോലെയുള്ളവർക്ക് പറയുവാൻ സാധിക്കുകയില്ല.

മതം രാഷ്ട്രത്തിൻെറയോ, സമൂഹത്തിൻെറയൊ ആന്തരികമായ പുരോഗതിക്കു തടസ്സം നിൽക്കരുതു്. മതത്തിൻെറ വളർച്ചയ്ക്ക് രാഷ്ട്രത്തിൻെറ സഹകരണവും ആവശ്യമാണ്. പ്രശ്നങ്ങളുടെ പരിഹാരത്തിന് നൂതനവും, ക്രിയാത്മകവും, തത്വാധിഷ്ഠിതവുമായ നിർദ്ദേശങ്ങൾ നൽകുവാൻ മതത്തിനു കടമയുണ്ട്. ഭാരതത്തെപ്പോലെയുള്ള ഒരു രാജ്യത്തു് മതനേതാക്കൾക്ക് സമൂഹത്തിൽ ഒരു വലിയ സ്ഥാനമുണ്ട്. എന്നാൽ മതനേതാക്കന്മാർ രാഷ്ട്രീയത്തിൽ കടക്കരുതു്. ഏതു രംഗത്തും മതത്തിന് അതിൻേറതായ അഭിപ്രായങ്ങൾ ഉണ്ടായിരിക്കണം. സാമൂഹ്യപരമായ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തുടച്ചു നീക്കേണ്ടതു് മതത്തിൻെറ പ്രധാനപ്പെട്ട ചുമതലയാണ്. സാമൂഹ്യ നീതിയും സമത്വവും കൈവരിക്കുന്നതിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും മതം നിർലോഭമായി രാഷ്ട്രത്തിനു നല്കണം. അനീതിയെ എതിർക്കുക, സത്യത്തിനു വേണ്ടി പോരാടുക, ജനങ്ങൾക്ക് അവരുടെ ജീവിതത്തിൽ വിവിധ വശങ്ങളെക്കുറിച്ച് ധാർമ്മീകമായ കാഴ്ചപ്പാടുകൾ നൽകുക മുതലായവയാണ് മതത്തിന് സമൂഹത്തിൽ ചെയ്യുവാനുള്ളതു്.

മതം—പ്രത്യാശയുടെ മാർഗം

മതത്തെ സ്നേഹത്തിൻെറ സന്ദേശഗാനമായി ചിത്രീകരിക്കുമ്പോൾ മാർക്സും അനുയായികളും അതിനെ എതിർത്തേക്കാം. തൻെറ ജീവിതകാലത്തു് മതത്തിൻെറ ക്രൂരമുഖം മാത്രം കാണുവാനിടവന്ന ആ ഹതഭാഗ്യന് അത്രമാത്രമേ കഴിഞ്ഞുള്ളുവെന്നതാണ് കാരണം. എന്നാൽ ഇന്നുയോളം ജീവിച്ചിരുന്നിട്ടുള്ള മനുഷ്യസ്നേഹികളായ മഹാന്മാരെല്ലാം മതത്തിൽനിന്നും പ്രചോദനം നേടിയിട്ടുള്ളവരാണെന്നു കേൾക്കുമ്പോൾ ഒരുപക്ഷെ അത്ഭുതം തോന്നും. മഹാന്മാരായ ആളുകൾ തങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അതു് മതത്തിൽനിന്നു മാത്രമാണ്, ദൈവത്തിൽനിന്നു മാത്രമാണ്.

ക്രിസ്തീയമതത്തെപ്പററി പറയുമ്പോൾ അതിന്റെ ഏററവും വലിയ സവിശേഷത മനുഷ്യന്റെ കഷ്ടപ്പാടുകൾക്ക നേരെ യാഥാർത്ഥ്യബോധത്തോടുകൂടി അഭിമുഖീകരിക്കുവാൻ പഠിപ്പിക്കുന്നുവെന്നതാണ്. ദൈവത്തെ ഒരു പരാശക്തിയായി മാത്രം കാണാതെ പൂർണ്ണ ആളത്വമുള്ള, പൂർണ്ണസ്നേഹമുള്ള ദൈവമായി കാണണം. മനുഷ്യരുടെ കഷ്ടപ്പാടുകൾ സ്വയം വഹിച്ച ഒരേ ഒരു ശക്തി ദൈവം മനുഷ്യനായിത്തീർന്ന യേശുക്രിസ്തു മാത്രമാണ്. ആ ദൈവത്തിൽനിന്നുതന്നെ ഇന്നേയോളവും, ഇന്നും, ഭാവിയിലും ത്യാഗത്തിനും സേവനത്തിനുമുള്ള പ്രചോദനം ലഭിച്ചുകൊണ്ടേയിരിക്കുമെന്നുള്ളതിൽ സംശയമില്ല. മനുഷ്യനായിത്തീർന്ന ദൈവം കാണിച്ച കാലടികളെ പിൻതുടരുകയാണ് നമ്മുടെ ആവശ്യം.

മതം മനുഷ്യനെ സഹായിക്കുന്ന ഏററവും പ്രധാനമായ ഒരു മാർഗ്ഗമാണ്. ദുഃഖത്തിന്റെ കരകാണാക്കടലിൽ പെട്ടുഴലുന്ന മനുഷ്യന് പ്രത്യാശയുടെ നൗകയാണ് മതം. ലോകത്തിൽ ഇന്നേവരെയുണ്ടായിട്ടുള്ള നിരാശാബോധം ജനിപ്പിക്കുന്ന എല്ലാത്തരം ഇമ്പങ്ങളാലും വെറുക്കപ്പെട്ടിട്ടും മതം ഇന്നും അതിന്റെ പുരോഗതിയിലേക്ക് സഞ്ചരിക്കുകയാണ്. അതോടൊപ്പം മാനവരാശിയുടെ പ്രശ്നങ്ങളെ പൂർണ്ണമായിട്ടല്ലായെങ്കിൽതന്നെയും കുറച്ചൊക്കെ പരിഹരിക്കുവാനും മതങ്ങൾക്ക കഴിഞ്ഞിട്ടുണ്ട്. ഈ ധാരണയാണ് ജീവിതത്തിൽ നേരിടുന്ന പ്രയാസങ്ങളെ അനുഭവിക്കുവാനും നന്മ ചെയ്യുവാനും പ്രേരണ നൽകുന്ന ഘടകം. ജീവിതത്തിന് അർത്ഥവും വ്യാപ്തിയും നൽകുകയെന്നുള്ളതാണ് മതത്തിന് ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളതിലേക്കും വച്ച് ഏററവും വലിയ നേട്ടം.

ഉപകാരസ്മരണയ്ക്ക്



സി. ററി. ജോർജ്ജ്, ബോംബെ.

ഒരു വിശ്വാസി, തൈമറവുങ്കര.

ജോർജ്ജ്കുട്ടി, തുമ്പമൺ.

ഫാ. സി.സി. വർഗീസ്, ബോംബെ.

സാജു, മുളക്കുളം.

ഈപ്പൻ.

യുക്തിവാദികളോടു്

ദൈവത്തെക്കുറിച്ച് യുക്തിവാദികൾക്ക് വിവിധ ധാരണകൾ ഉണ്ട്. ഒന്നാമതായി അവർക്ക് പറയുവാനുള്ളതു് ഈ ലോകത്തിൽ ദൈവം ഇല്ല എന്നാണ്. ഉണ്ടായിരുന്നുവെങ്കിൽ നമ്മുടെ ദൃഷ്ടിക്ക് വിഷയീഭവിക്കുമായിരുന്നു. മറെറാന്ന് ദൈവം എന്ന് ഉണ്ടെങ്കിൽ അദ്ദേഹം ശക്തിഹീനനാണ്. നീതിയുടേതായ ദൈവം നിലവിലുണ്ടെങ്കിൽ ലോകത്തിൽ നടക്കുന്ന അഴിമതിയും, അന്യായവും, അക്രമവും ഇല്ലാതാക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല? ദൈവം ഉണ്ടെങ്കിൽതന്നെ നമ്മെക്കുറിച്ച് യാതൊരു കരുതലും ഇല്ല. മനുഷ്യരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ തികച്ചും നിസ്സംഗതനാണ്. നാലാമതായി ദൈവം ഉണ്ടെങ്കിൽത്തന്നെ അവൻ അധാർമ്മികവാദിയാണ്. കാരണം ഈ ലോകത്തിലെ അക്രമികൾക്കും, അസാന്മാർഗ്ഗികവാദികൾക്കും സുഖവും, നീതിമാന്മാർക്ക് ദുഃഖവും കഷ്ടപ്പാടുകളും ലഭിക്കുന്നതു് വിരളമല്ല. ഈ നാലു ധാരണകളും ബാലിശങ്ങളാണ്. ദൈവം നമ്മെ ലോകത്തിലേക്ക് അയച്ചിരിക്കുന്നതു് കഷ്ടപ്പെടുവാനും, ക്രൂശിതനായ ദൈവത്തിന്റെ മാതൃക പിൻതുടരുവാനുമാണ് എന്ന് ഒരു ക്രിസ്ത്യാനി മനസ്സിലാക്കുമ്പോൾ ഈ പറഞ്ഞ നാലു വാദങ്ങളുടെയും നിരർത്ഥകത ബോദ്ധ്യപ്പെടും. ഇതിന്റെ ഫലമായി അരാജകത്വവാദങ്ങളെയും നിരാശാബോധത്തെയും തരണം ചെയ്യുവാൻ സഹായിക്കുന്ന ഒരു ഘടകമാണ് ഈശ്വരവിശ്വാസം. യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവം മുൻപറഞ്ഞ നാലു വാദങ്ങളും ഖണ്ഡിക്കുന്നു.

'കാണ്മീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെതന്നെ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരെ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു (1 യോഹ. 3: 1–2) എന്നുള്ള ക്രിസ്തീയ വിശ്വാസമാണ് സൗഹൃദത്തിനും സാഹോദര്യത്തിനും കളമൊരുക്കിയിരിക്കുന്നതു്. ഈ മനോഭാവം വിപ്ളവകരമായ പല പരിവർത്തനങ്ങൾക്കും കളമൊരുക്കിയിട്ടുണ്ട്. അസ്വാതന്ത്ര്യവും, അന്യായമായ അക്രമങ്ങളും പലരും വരുത്തിയെങ്കിലും യഥാർത്ഥ മതം ഇന്നും അന്യായത്തിനും വ്യക്തികളുടെ അടിമത്വത്തിനുമെതിരായി പടവാളുയർത്തുന്നു. മതങ്ങളുടെ സാഹോദര്യസിദ്ധാന്തമാണ് പല മഹാന്മാരെയും സൃഷ്ടിച്ചിരിക്കുന്നതു്.

ഒരു നല്ല മതവും മനുഷ്യനെ അധാർമ്മികതയിലേക്ക് വലിച്ചിഴയ്ക്കുന്നില്ല. എന്നാൽ എല്ലായ്പോഴും ധാർമ്മികതയെക്കുറിച്ചുള്ള ബോധം മനുഷ്യമനസ്സിലുണ്ടാക്കാനാണ് ശ്രമിച്ചിട്ടുള്ളതും ശ്രമിച്ചുകൊണ്ടിരിക്കുന്നതും. ഓരോ മതത്തിലും ഓരോ കാലത്തും എഴുന്നേററിട്ടുള്ള പിതാക്കന്മാർ അതതു കാലത്തിനനുസരിച്ചുള്ള നിർവ്വചനം മതതത്വങ്ങൾക്ക നൽകുവാനും ജനങ്ങളെ നേർവഴിക്കു നടക്കുവാനും പ്രേരിപ്പിക്കുന്നു. ഇന്നയോളം ജീവിച്ചിരുന്നിട്ടുള്ള മതാചാര്യന്മാർ ഇവിടെ ജനിക്കാതിരുന്നുവെങ്കിൽ ലോകത്തിന്റെ ചരിത്രവും മാനവരാശിയുടെ മുഖവും മറെറാന്നാകുമായിരുന്നു.

മതം മയക്കുമരുന്നാണെന്നു പറയുന്നവരോട് ഈ മയക്കുമരുന്ന് എത്ര മഹാന്മാർക്ക ജന്മം നൽകി. അവർക്ക പ്രചോദനം നൽകിയ മതം ഇന്നത്തെ മതത്തിൽനിന്നും വ്യത്യസ്തമായിരുന്നിരിക്കാം. എന്നാൽ ശരിയായ വിധത്തിൽ ഇന്നത്തെ മതത്തെ വളർത്തുകയാണാവശ്യം. അങ്ങനെ മതപരമായ രംഗത്ത് ഒരു സാംസ്ക്കാരികവിപ്ളവം ഉണ്ടാകണം. അല്ലെങ്കിൽ ശാരീരിക സുഖങ്ങൾക്കായി അനേകം മരുന്നുകൾ കഴിക്കുന്ന ഇന്നത്തെ ചെറുപ്പക്കാർക്ക് ആത്മീയവും മാനസികവുമായ സൗഖ്യത്തിന് മതമെന്ന മയക്കുമരുന്ന് എന്തുകൊണ്ട് കഴിച്ചുകൂടാ. മാരകമായ രോഗം ബാധിച്ചിരിക്കുന്ന മനുഷ്യവർഗ്ഗത്തിന് ഈ മരുന്നു കൂടാതെ സൗഖ്യം ലഭിക്കുകയില്ല. അതിനാൽ ശരിയായ മതം മയക്കു മരുന്നല്ല, മരുന്നാണ്, റോാണിക്ക് ആണ്. വൃദ്ധന്റെ വടിയും, ശിശുവിന്റെ പാലും, യുവാവിന്റെ ഭക്ഷണവും, ഏവർക്കും ശുദ്ധവായുവുമാണ് യഥാർത്ഥ ദൈവവിശ്വാസം ഉള്ള മതം.

വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന

ഫാ: കെ. ഗീവർഗീസ്, അഞ്ചൽ

(അന്നാമ്മയുടെ ഭവനം. പാസ്റ്റർ പ്രവേശിക്കുന്നു)

അന്നാമ്മ—നമസ്ക്കാരം. പാസ്ററർ ഇന്നു വരുമെന്നു പറഞ്ഞിരുന്നല്ലൊ. വളരെ സന്തോഷം.

പാസ്ററർ—സ്തോത്രം. ഞാനിന്നു വന്നതു് ഒരു പ്രത്യേക കാര്യത്തെപ്പററി തിരുവചനപ്രകാരം സംസാരിക്കാനാണ്.

അ—വളരെ സന്തോഷം. എന്താണ് ആ പ്രത്യേക കാര്യം?

പാ—പറയാം. പക്ഷെ തിരുവചനങ്ങളെ അടിസ്ഥാനമാക്കി മാത്രമാണ് സംസാരിക്കേണ്ടതു്. അല്ലാതെ പൂർവ്വ നടപടിയെന്നും പിതാക്കന്മാരുടെ കാനോനാകളെന്നും ഒക്കെ പറഞ്ഞാൽ പററില്ല.

അ—കാര്യം പറഞ്ഞാട്ടെ പാസ്ററെ. വി. സഭയുടെ പൂർവ്വ നടപടികളും വി. പിതാക്കന്മാരുടെ കാനോനാകളും എല്ലാം തിരുവചനത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അല്ലാതൊരും ഒന്നും പറയുന്നില്ല; ചെയ്യുന്നുമില്ല.

പാ—എന്നാൽ വേദത്തെളിവു തരണം. നിങ്ങൾ കന്യകമറിയാമിനോടും മരിച്ച വിശുദ്ധന്മാരോടും ഒക്കെ പ്രാർത്ഥിക്കുന്നതെന്തിനാണ്?

അ—അതു് മദ്ധ്യസ്ഥപ്രാർത്ഥനയല്ലേ. അവർ നമുക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുകയാണ്. അല്ലാതെ അവർ നമ്മെ അനുഗ്രഹിക്കണമേയെന്ന് പ്രാർത്ഥിക്കുന്നില്ല.

പാ—അതാണ് ഞാൻ ചോദിക്കുന്നതു്. അതൊരനാവശ്യമല്ലേ? മൂഢാചാരമല്ലേ?

അ—വിശുദ്ധന്മാരോട് മദ്ധ്യസ്ഥപ്രാർത്ഥന നടത്തരുതെന്ന് വേദപുസ്തകത്തിലെവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

പാ—ഉണ്ട്. തിരുവചനമുണ്ട്. 'ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഏകമദ്ധ്യസ്ഥൻ യേശുക്രിസ്തു' (1 തീമോ. 2: 5) എന്ന് വി. പൗലൂസ് ഇതാ വ്യക്തമായി പറഞ്ഞിരിക്കുന്നു. യേശുക്രിസ്തുവാകുന്ന ഏകമദ്ധ്യസ്ഥനേ ഉള്ളുവെന്ന് തിരുവചനമുള്ളപ്പോൾ നിങ്ങൾ വിശുദ്ധന്മാരോട് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നത് സ്പഷ്ടമായ തെററല്ലേ?

അ—പറയാം. യേശുക്രിസ്തു ഏകമദ്ധ്യസ്ഥനാകുന്നുവെന്നും അതുകൊണ്ട് വേറെ മദ്ധ്യസ്ഥൻ ഉണ്ടായിക്കൂടെന്നുമാണോ പാസ്റററർ പറയുന്നത്?

പാ—അതേ. അങ്ങനെതന്നെ. തിരുവചനം അങ്ങനെയാണു പറയുന്നത്. ഏകമദ്ധ്യസ്ഥനേ ഉള്ളു. അതു് ക്രിസ്തു മാത്രം.

അ—ശരി. 1 തെസ്സ. 5: 25 വായിച്ചാട്ടെ.

പാ—(വായിക്കുന്നു) 'സഹോദരന്മാരെ! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പീൻ' ഇതു് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള പ്രാർത്ഥനയാണ്.

അ—റോമാ. 15: 31 കൂടെ വായിച്ചാട്ടെ.

പാ—'....... നിങ്ങൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടണമെന്ന് .... നിങ്ങളെ പ്രബോധിപ്പിക്കുന്നു'. ഇതും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാണ്. അല്ലാതെ മരിച്ചുപോയ വിശുദ്ധന്മാരെക്കുറിച്ചല്ല.

അ—ദൈവത്തോടപേക്ഷിപ്പാൻ ഏക മദ്ധ്യസ്ഥനേ ഉള്ളുവെന്ന് പറഞ്ഞതു് വി. പൗലൂസാണ്. ക്രിസ്തുവിനോടല്ലാതെ വേറെ മദ്ധ്യസ്ഥന്മാരോടപേക്ഷിച്ചതും വി. പൗലൂസ് തന്നെ. അതു് എങ്ങനെ നീതീകരിക്കുന്നു?

പാ—സ്തോത്രം. സ്തോത്രം. വി. പൗലൂസ് അപേക്ഷിച്ചതു് ജീവനോടിരിക്കുന്നവരോടാണ്. മരിച്ചവരോടല്ല.

അ—അതു ശരി. ഏകമദ്ധ്യസ്ഥൻ ക്രിസ്തുവേ ഉള്ളുവെന്ന് വ്യക്തമായി പറഞ്ഞ വി. പൗലൂസ്, ജീവിച്ചിരിക്കുന്ന വേറെ മദ്ധ്യസ്ഥന്മാരെ ഉപയോഗിച്ചിരുന്നുവെന്ന് സമ്മതിക്കുന്നില്ലേ? അപ്പോൾ വേറെ മദ്ധ്യസ്ഥന്മാർ ആകാം.

പാ—സമ്മതിക്കുന്നു.

അ—ജീവിച്ചിരിക്കുന്ന വേറെ മദ്ധ്യസ്ഥന്മാർ ഉണ്ടാകാമെന്ന് പാസ്റററർ സമ്മതിക്കുന്നു. ശരീരത്തിൽനിന്നും വേർപെട്ട് ജീവിക്കുന്ന വിശുദ്ധാത്മാക്കളോട് പ്രാർത്ഥിക്കരുതെന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടോ?

പാ—അങ്ങനെ പറഞ്ഞിട്ടില്ലെങ്കിലും പ്രാർത്ഥിക്കണമെന്ന് പറഞ്ഞിട്ടില്ല.

അ—പ്രാർത്ഥിക്കണമെന്നോ പ്രാർത്ഥിക്കരുതെന്നോ പറഞ്ഞിട്ടില്ല. അല്ലേ?

പാ—അതേ.

അ—അത്തരത്തിൽ വ്യക്തമായ വേദവാക്യങ്ങൾ ഇല്ലാതിരിക്കുമ്പോഴാണ് വി. ശ്ലീഹന്മാരുടെ നടപടികളേയും അവരിൽനിന്നും കണ്ടും കേട്ടും ഗ്രഹിച്ചും ഉള്ള പൂർവ്വ പിതാക്കന്മാരുടെ ഉപദേശങ്ങളെയും ചട്ടങ്ങളെയും (കാനോനാകൾ) നാം ആശ്രയിക്കുന്നതു്. അങ്ങനെ ആശ്രയിക്കണമെന്നുള്ളതു് വേദാനുസരണവുമാണല്ലൊ (2 തീമോ. 2: 2; ഫിലി. 4: 9). ആദിമ അപ്പോസ്തോലിക സഭയിലെ നടപടി ക്രമങ്ങളെയും നാം അറിഞ്ഞിരിക്കേണ്ടതാണ്. അതും നിഷേധിക്കാനാവുന്നതല്ല.

ഉപകാരസ്മരണയ്ക്ക്



കെ. എം. വർഗീസ്, ജബൽപൂർ. എൻ. എസ്. വർഗീസ്, തിരുവനന്തപുരം. തങ്കമ്മയും ചെറിയാനും.

പാ—അതൊക്കെ ശരിതന്നെ. ഈ മരിച്ചുപോയ വിശുദ്ധരോട് പ്രാർത്ഥിച്ചാൽ അവർക്കതു് കേൾക്കാൻ സാധിക്കുമോ? അവർക്ക് സംസാരശക്തി ഉണ്ടാകുമോ? അവർ നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കുമോ? പ്രാർത്ഥിച്ചാൽ ദൈവം കേൾക്കുമോ? ഇതൊക്കെയാണറിയേണ്ടതു്.

അ—പറയാം. വാങ്ങിപ്പോയ വിശുദ്ധന്മാർക്ക് കേൾക്കുവാനും ഗ്രഹിക്കുവാനും പ്രാർത്ഥിക്കുവാനും സംസാരിക്കുവാനും കഴിവുണ്ടെന്ന് തിരുവചനപ്രകാരം തെളിയിക്കുന്നതിന് കഴിഞ്ഞാൽ വിശുദ്ധരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ശരിയും ആവശ്യവുമാണെന്ന് പാസ്റ്റർ സമ്മതിക്കും. അല്ല?

പാ—അതു മാത്രം പോരാ. അങ്ങനെ പ്രാർത്ഥിച്ചിട്ടുള്ളതായും ഫലം ലഭിച്ചിട്ടുള്ളതായും കൂടെ തെളിയിക്കണം.

അ—ശരി. വാങ്ങിപ്പോയവർക്കു സംസാരശക്തി ഉണ്ടാകുമോ എന്നതന്നെ ആദ്യമായി പരിശോധിക്കാം. 1 ശമു. 28: 11–19 വരെ വായിച്ചാട്ടെ.

പാ—ശൗൽ രാജാവിനു് എന്തു ഭവിച്ചുവെന്നും ഭാവിയിൽ എന്താണു ഭവിക്കാൻ പോകുന്നതെന്നും ശമുവേൽ പറയുന്ന ഭാഗമാണിതു്.

അ—ഈ ശമുവേൽ നേരത്തെ മരിച്ചുപോയ ആളല്ലേ? മരിച്ചുപോയ ശമുവേൽ ജീവിച്ചിരുന്ന ശൗൽ രാജാവിനോട് സംഭവിച്ചതും സംഭവിക്കാനിരുന്നതുമായ കാര്യങ്ങൾ പറഞ്ഞതായി തിരുവെഴുത്തുകളിൽ കാണുമ്പോൾ മരിച്ചവർക്കു് സംസാരശക്തി ഉണ്ടെന്നുള്ള യാഥാർത്ഥ്യം സമ്മതിക്കാമോ?

പാ—കൂടുതൽ തെളിവുകൾ ഉണ്ടെങ്കിൽ കേൾക്കാനാഗ്രഹമുണ്ട്.

അ—ഇനിയും കേൾക്കണമോ? ഈ ഒററ സംഭവംകൊണ്ടുതന്നെ സത്യം ബോദ്ധ്യമായില്ലേ? എന്നാലും പറയാം. ഹസ്കി. 32: 21. 'വീരന്മാരിൽ ബലവാന്മാരായവർ അവന്റെ സഹായക്കാരോടുകൂടെ പാതാളത്തിന്റെ നടുവിൽനിന്ന് അവരോടു സംസാരിക്കും'. പരേതർക്കു് സംസാരിക്കാം. ലൂക്കോ. 9: 28–33 വരെ വാക്യങ്ങൾ വായിച്ചാട്ടെ.

പാ—മോശയും ഏലിയായും വന്നു് കർത്താവിനോടു സംസാരിക്കുന്ന ഭാഗമാണിതു്.

അ—കർത്താവിനു വളരെ മുമ്പേ മരിച്ചുപോയ മോശയും ഏലിയായും വന്നു് കർത്താവിനോട് സംസാരിക്കുന്നു. അപ്പോൾ മരിച്ചവർക്കു് സംസാരശക്തിയുണ്ടോ? എന്തു പറയുന്നു? എന്തെങ്കിലും സംശയമുണ്ടോ? ഇനിയും പറയാം.

പാ—വേണ്ട അന്നാമ്മെ. സ്തോത്രം. സ്തോത്രം. അതു സമ്മതിക്കുന്നു. എന്നാൽ യേശുക്രിസ്തു മോശയും ഏലിയായുമായി സംസാരിക്കുന്നതു് മുഖാമുഖം കണ്ടുകൊണ്ടാണ്. നിങ്ങൾ പ്രാർത്ഥിക്കുന്നതു് അങ്ങനെയല്ലല്ലൊ. അപ്പോളെങ്ങനെയാണ് നിങ്ങളുടെ പ്രാർത്ഥനയും ഹൃദയവിചാരങ്ങളും അവൻ അറിയുന്നുവെന്ന് ബോദ്ധ്യമാകുന്നതു്?

അ—അനന്യാസിന്റെയും സഫീറയുടെയും വഞ്ചനയെപ്പററി അവരോ മററാരെങ്കിലുമോ പറയാതെ എങ്ങനെയാണ് വി. പത്രോസ് മനസിലാക്കിയതു്? ജീവിച്ചിരിക്കുമ്പോൾ ദൈവം നൽകിയ ഈ ശക്തി മരണശേഷം എടുത്തുകളയുമെന്ന് വിചാരിക്കുന്നതെന്തിനാണ്?

പാ—മരണശേഷം നമ്മുടെ പ്രാർത്ഥനയോ ആവശ്യങ്ങളൊ അവർ അറിയുന്നുവെന്നുള്ളതിനു് തെളിവെന്താണ്?

അ—ലൂക്കോ. 15; 10–ൽ 'അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിലെ മാലാഖമാർ സന്തോഷിക്കുന്നു'വെന്ന് കർത്താവു പറയുന്നു. ഭൂമിയിലുള്ള പാപിയുടെ അനുതാപം സ്വർഗ്ഗത്തിലെ മാലാഖമാർ എങ്ങനെ അറിഞ്ഞു് സന്തോഷിക്കുന്നു?

പാ—അതു് മാലാഖമാരല്ലേ? മരിച്ചുപോയ വിശുദ്ധന്മാരല്ലല്ലൊ.

അ—മത്താ. 22: 30–ൽ മരിച്ചുപോയ വിശുദ്ധർ പ്രകൃതിയിൽ ദൈവദൂതന്മാരായ മാലാഖമാരെപ്പോലെയാകുന്നുവെന്ന് കാണുന്നു.

പാ—അതുകൊണ്ടെന്താണ്?

അ—എബ്രാ. 1: 14–ൽ 'ദൈവദൂതന്മാർ രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയൊ?' എന്നു ചോദിക്കുന്നു. മത്താ. 22: 30–ൽ പുനരുത്ഥാനത്തിന്റെ മക്കൾ സ്വർഗ്ഗത്തിലെ ദൈവദൂതന്മാരെപ്പോലെയായിരിക്കും എന്നും വായിക്കുന്നു.

പാ—ഈ വാക്യങ്ങൾകൊണ്ട് അന്നാമ്മ എന്താണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതു്? സ്തോ....ത്രം.

അ—പാസ്റ്ററേ! നിഷ്പക്ഷമായും മുൻവിധി കൂടാതെ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കണമല്ലൊ. മനുഷ്യവിചാരങ്ങൾ അറിവാൻ മാലാഖമാർക്കു കഴിയുമെങ്കിൽ, പ്രകൃതിയിൽ മാലാഖമാർക്ക് സദൃശരും ശുശ്രൂഷയ്ക്ക് സേവകാത്മാക്കളായി മാലാഖമാരെ ലഭിച്ചിട്ടുള്ളവരും, മാലാഖമാരേക്കാൾ അധികാരവും ശക്തിയും കൂടുതലായി ലഭിച്ചിട്ടുള്ളവരും, പുത്രസ്വീകാരം ലഭിച്ചിട്ടുള്ളവരും നിത്യതയിൽ വസിക്കുന്നവരുമായ വിശുദ്ധന്മാരുടെ ആത്മാക്കൾക്കു്

നമ്മുടെ പ്രാർത്ഥന കേഠപ്പാൻ നിശ്ചയമായും സാധിക്കുകയില്ലേ?

പാ—അതൊരു യുക്തിവാദമാണ്.

അ—യുക്തി ഒരു ദുർഗ്ഗുണമാണോ? കാര്യകാരണങ്ങളെ വസ്തുനിഷ്ഠമായി ഇണക്കിച്ചേർത്തു ചിന്തിക്കുമ്പോഠം സംശയരഹിതമായി ലഭിക്കുന്ന ബോദ്ധ്യത്തെയാണ് യുക്തി എന്നു പറയുന്നത്. അതൊരു യാഥാർത്ഥ്യമാണ്.

പാ—നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും മരിച്ചുപോയ വിശുദ്ധന്മാർ അറിയുന്നുവെന്നുള്ളതിന് വേറെ തെളിവുകളുണ്ടോ?

അ—ധാരാളമുണ്ട്. പറയാം. മത്താ. 19: 28–ൽ ശ്ലീഹന്മാർ പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിക്കുമെന്നും, 1 കോരി. 6: 2–ൽ 'ശുദ്ധിമാന്മാർ ലോകത്തോട് ന്യായം വിധിക്കു'മെന്നും, വെളിപാട് 2: 22–ൽ 'അവസാനത്തോളം എൻെറ ക്രിയകളെ കാത്തുകൊള്ളുന്നവന് ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കു'മെന്നും എഴുതിയിരിക്കുന്നു. ലോകത്തിൽ നടക്കുന്ന കാര്യങ്ങളറിവാൻ മരിച്ചുപോയ വിശുദ്ധന്മാർക്കു സാധിക്കുന്നില്ലെങ്കിൽ അവർ ന്യായം വിധിക്കയും അധികാരം നടത്തുകയും ചെയ്യുന്നതെങ്ങനെ?

പാ—ലോകത്തിലെ സംഭവങ്ങഠം അവർക്കറിയാമായിരിക്കാം. എന്നാൽ കർത്താവ് മോശയും ഏലിയായുമായി മുഖാമുഖം സംസാരിച്ചതുപോലെയോ അല്ലാത്തപക്ഷം മരിച്ചുപോയ ഒരു വിശുദ്ധനുമായി ജീവിച്ചിരിക്കുന്ന ഒരുവൻ മുഖാമുഖമായി സംസാരിക്കയോ അപേക്ഷിക്കയോ അപേക്ഷ കേഠക്കയോ ചെയ്തതിന് തെളിവുണ്ടോ? അതാണറിയേണ്ടത്.

അ—ഉണ്ട് പാസ്റ്ററേ. പറയാം. 1 ശമു. 28: 15–19 വരെ വാക്യങ്ങളിൽ മരിച്ചുപോയ ശമുവേൽ ശൗൽ രാജാവിന് പ്രത്യക്ഷപ്പെട്ട് അവർ തങ്ങളിൽ സംസാരിക്കയും ശൗലിൻെറ അപേക്ഷാനുസരണം ദൈവനിശ്ചയം അവനെ അറിയിക്കയും ചെയ്യുന്ന ഭാഗം മുമ്പേ പാസ്റ്റർ വായിച്ചുവല്ലോ. മരിച്ചുപോയ വിശുദ്ധന്മാർക്ക് സംസാരശക്തിയുണ്ടെന്നും ഭൂമിയിലെ കാര്യങ്ങഠം അവർക്ക് ഗ്രഹിപ്പാൻ ശക്തിയുണ്ടെന്നും നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും അവർക്ക് കേഠക്കാൻ കഴിയുമെന്നും മനസ്സിലായല്ലൊ. (തുടരും)

—0—

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്




താമസിച്ചതിനു ക്ഷമാപണം—റി. ജോയിക്കുട്ടി



റയിച്ചൽ, ജോർജ്ജ്,



ഫാ. ഡേവിഡ്, പയ്യംപള്ളിൽ.



എ. മാത്യു, കൽക്കട്ട.



റജി & റഞ്ചു, ചെമ്പരത്തിമൂട്ടിൽ.




മത്തായി, മാംപള്ളിൽ



പ്രിയ കുട്ടുകാരേ,

കുഞ്ഞിച്ചായൻ പറയുന്ന കഥകഠം ഓരോന്നും വളരെ ശ്രദ്ധയോടെയാണ് ഞാൻ വായിക്കാറ്. നിങ്ങളും അങ്ങനെ തന്നെയാണെന്ന് എനിക്കറിയാം. ഇപ്പോഠം ഞാനെഴുതിയ ഒരു കഥ കുട്ടുകാരോട് പറയാനെനിക്കു സന്തോഷമുണ്ട്. കുട്ടുകാർക്കിഷ്ടപ്പെടുമോ ആവോ....

പണ്ടൊരിക്കൽ ഒരിടത്ത് മാർട്ടിൻ എന്നൊരു വിശ്വാസി ഉണ്ടായിരുന്നു. അയാഠം എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുക പതിവായിരുന്നു. ഒരു ഞായറാഴ്ച മാർട്ടിൻ ഇങ്ങനെ പ്രാർത്ഥിച്ചു. 'പിതാവേ! അങ്ങ് എൻെറ വീട്ടിലേക്ക് വരേണമേ, അങ്ങയെ ഞാൻ സൽകരിക്കാം' പ്രാർത്ഥിച്ചു തീർന്നപ്പോഴേക്കും ഒരു ശബ്ദം മുഴങ്ങി. 'മാർട്ടിൻ! മാർട്ടിൻ! എന്തെന്നാൽ നാളെ ഞാൻ നിൻെറ വീട്ടിൽ വരും. എന്നെ നീ സൽക്കരിക്കുക'.

മാർട്ടിൻ വീട്ടിലേക്ക് തിരിച്ചു. അവൻ സന്തോഷംകൊണ്ട് മതിമറന്നു. നാളെ തൻെറ വീട്ടിൽ രാജാധിരാജനായ യേശു വരികയാണ്. അദ്ദേഹത്തെ വേണ്ടവിധത്തിൽ സൽക്കരിക്കണം. തൻെറ സൽക്കാരത്തിൽ യേശു സന്തോഷിക്കണം. അപ്പോഠം തനിക്ക് അത്ഭുതങ്ങഠം പ്രവർത്തിപ്പാൻ ശക്തിലഭിക്കും.... മാർട്ടിൻ വിചാരിച്ചു.

അവൻ വീട്ടിൽ എത്തി. നാളെ അതിരാവിലെ പലഹാരങ്ങഠം ഉണ്ടാക്കണം. യേശു വരുമ്പോഠം കൊടുക്കേണ്ടേ?

മാർട്ടിൻ അപ്പം ചുടുവാൻ വേണ്ടി മാവുകുഴച്ചുവച്ചു. കാപ്പി അനത്തുന്നതിനുവേണ്ട ചക്കരയും കാപ്പിപൊടിയും എടുത്തുവച്ചു. വിറക് ശേഖരിച്ചു. ഇങ്ങനെ അവശ്യംവേണ്ട സാധനങ്ങഠം എടുത്തു വച്ചിട്ട് അവൻ ഉറങ്ങാൻ കിടന്നു.

പിറേറദിവസം വെളുപ്പിനെതന്നെ മാർട്ടിൻ ഉണർന്നു. ആദ്യം കാപ്പി അനത്തി മററു പല വിഭവങ്ങളും ഉണ്ടാക്കിയശേഷം അവ ഒരു മേശയിൽ വച്ചു. അവസാനം അപ്പം ചുടുവാൻ തുടങ്ങി. അപ്പം ചുട്ടു തീരുന്നതിനു മുമ്പുതന്നെ നേരം പുലർന്നു. അപ്പത്തിൻെറ നല്ല സുഗന്ധം.

'ഡും, ഡും' കതകിൽ ആരോ കൊട്ടി, മാർട്ടിൻ കതകു തുറന്നു. അപ്പോഠം കണ്ടത് കീറി പറിഞ്ഞ വസ്ത്രങ്ങളോടുകൂടിയ ഒരു ഭിക്ഷക്കാരനെയാണ്. ഭിക്ഷക്കാരൻ യാചിച്ചു 'ഞാൻ വളരെ ദൂരെനിന്നും വരികയാണ്. രാവിലത്തെ ഭക്ഷണത്തിന് വിഷമമില്ലല്ലോ!'

മാർട്ടിൻ തൻെറ ശകനത്തെ പഴിച്ചു. അവൻ ആക്രോശിച്ചു 'നേരം പുലർന്നില്ല: അതിനുമുമ്പേതുടങ്ങി ഇവററകളെകൊണ്ടുള്ള ശല്യം പോയാട്ടെ, ഇവിടെ ഭക്ഷണത്തിന് യാതൊന്നുമില്ല' ആ ഭിക്ഷക്കാരൻ ദയനീയ ഭാവത്തിൽ മാർട്ടിനെ നോക്കിയിട്ട്പോയി.

മാർട്ടിൻ അപ്പം ചുട്ടുതീർന്നു യേശുവിന് കൊടുക്കുവാനുള്ള കാപ്പിയും മററു പലഹാരങ്ങളും എടുത്ത് മേശ നല്ലവണ്ണം തുടച്ചിട്ട് അതിൽ വച്ചു. അതിനുശേഷം വാതിക്കൽപോയി യേശുവിനെ കാത്തിരുപ്പായി.

ആരോ ഒരാഠം പടികടന്നു വന്നു. മാർട്ടിൻ സൂക്ഷിച്ചുനോക്കിയപ്പോഠം കണ്ടത് ചുടല കാവൽക്കാരനെയാണ് അയാഠം അപേക്ഷിച്ചു. 'ദാഹം കൊണ്ടു തൊണ്ടവരളുന്നേ, അല്പം വെള്ളം തരേണേ'

മാർട്ടിൻ ഗർജ്ജിച്ചു 'കടന്നുപോകണം; എൻെറ മുമ്പിന്നേ! ആ ചുടലകാവൽക്കാരർ മാർട്ടിൻെറ ഗർജ്ജന കേട്ട് ഞെട്ടി ഓടി. ഉച്ചയായിട്ടും യേശു വന്നില്ല. മാർട്ടിന് നിരാശയായി. ഇരുന്ന ഇരുപ്പിൽ തന്നെ മാർട്ടിൻ ഒരു ദർശനം കണ്ടു. ദൈവം കോപിച്ച് തൻെറ അടുക്കൽ നില്ക്കുന്നു. കോപാവേശത്തോടെ ദൈവം ഗർജ്ജിച്ചുകൊണ്ട് പറയുകയാണ് 'ഞാൻ വിശന്നു വലയുന്നവനായിവന്നു. നീ എനിക്കു

ശോഭയേറിയ മാണിക്യരത്നങ്ങൾ

മലങ്കരസഭയുടെ പരിശുദ്ധ സുന്നഹദോസ് ഈ കഴിഞ്ഞ ജൂലൈ മാസത്തിൽ സമ്മേളിച്ച് സുപ്രധാനമായ പല തീരുമാനങ്ങളും എടുത്തതായി അറിയുകയുണ്ടായി. ഒരു ഭാഗത്ത് സമുദായക്കേസാകുന്ന രാഹു സഭയെ ഗ്രസിച്ചുകഴിഞ്ഞെങ്കിലും മറുഭാഗത്ത് മററുള്ളവർക്ക് കൂടുതൽ പ്രകാശം ചൊരിഞ്ഞുകൊടുക്കത്തക്കവണ്ണം ഈ സഭ പുരോഗതിയുടെ പാതയിലൂടെ അതിശീഘ്രം മുന്നേറുന്ന എന്നതിന്റെ പ്രകടമായ ലക്ഷ്യമാണ് പ്രസ്തുത തീരുമാനങ്ങളെന്ന് നിസ്സംശയം പറയാം. പ്രത്യേകിച്ചും ആണ്ടിൽ രണ്ടു പ്രാവശ്യം പരിശുദ്ധ സുന്നഹദോസ് കൂടുവാനും പ്രാർത്ഥനയിലും ധ്യാനത്തിലും ദിവസങ്ങൾ കഴിച്ചുകൂട്ടി സഭയുടെ ഭാവിയെപ്പററിയുള്ള തീരുമാനങ്ങൾ എടുക്കുവാനുമുള്ള നിശ്ചയം ഏററവും സുപ്രധാനമായ ഒരു കാൽവയ്പായി പരിഗണിക്കേണ്ടിയിരിക്കുന്നു.

സഭയുടെ കേന്ദ്രസെക്രട്ടറിയേററ് എം. ഡി. യിൽ സ്ഥാപിക്കുന്നതും വിവിധ സംഘടനകളുടെ സെക്രട്ടറിമാർ ഒരേ കേന്ദ്രത്തിൽ ഇരുന്നുകൊണ്ടു പ്രവർത്തിക്കുന്നതും, സഭയുടെ ആദ്ധ്യാത്മികസംഘടനകളുടെ പ്രവർത്തനത്തിൽ വളർച്ചയുടെ ഒരു നാഴികക്കല്ലാണ്. അതു് പ്രായോഗികമായി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ സാധിക്കുമെങ്കിൽ നമ്മുടെ സഭയ്ക്ക് നാം ആഗ്രഹിക്കുന്നതിലും പ്രതീക്ഷിക്കുന്നതിലും ഉപരിയായ രീതിയിൽ ആദ്ധ്യാത്മികവും സുവിശേഷപരവുമായ മണ്ഡലങ്ങളിൽ പ്രവർത്തിക്കുവാൻ സാധിക്കുമെന്നുള്ളതിന് സംശയമില്ല.

സണ്ടേസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് സഭയുടെ സ്ഥാപനങ്ങളിൽ അഡ്മിഷനും നിയമനങ്ങളും സംബന്ധിച്ച് പരിഗണന നൽകുമെന്നുള്ള തീരുമാനം സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് പുതിയ ജീവനും ശക്തിയും പകർന്നുകൊടുക്കുമെന്നു പ്രതീക്ഷിക്കാം. വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർക്ക് പട്ടം കൊടുക്കുന്ന കാര്യത്തിലുള്ള തീരുമാനവും സുപ്രധാനമായ ഒരു കാൽവയ്പാണ്.

എന്നാൽ ഈ തീരുമാനങ്ങളൊക്കെ 'ഏട്ടിലെ പശു' ആകാതവണ്ണം പ. സുന്നഹദോസ് ഗൗരവമായി വീക്ഷിക്കുമെന്ന് വിശ്വസിക്കുന്നു. ഉദാഹരണമായി വൈദിക വിദ്യാഭ്യാസം കഴിയാത്തവർക്ക് പട്ടം കൊടുക്കരുതെന്നുള്ള തീരുമാനം, അനേക വർഷങ്ങൾക്കു മുമ്പുതന്നെ എടുത്തിട്ടുണ്ടെങ്കിലും, അതു് അവഗണിക്കപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, സെമിനാരിയിൽനിന്നു പുറത്തായവർപോലും വൈദികസ്ഥാനത്ത് എത്തിയിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്.

സുപ്രധാനമായ പല തീരുമാനങ്ങളും പരിശുദ്ധ സുന്നഹദോസ് എടുത്തെങ്കിലും, മലങ്കരസഭാന്തരീക്ഷത്തിൽ മുഴങ്ങി കേൾക്കുന്ന മററു ചില പ്രശ്നങ്ങളുടെ തീരുമാനവും, അനേകം ആളുകളും പ്രതീക്ഷിച്ചിരുന്നതായിട്ടാണ് അറിയുന്നതു്. ഒരു പക്ഷേ കൂടുതൽ പരിചിന്തനവും പ്രാർത്ഥനാപൂർവ്വമായ തീരുമാനത്തിനുമായി പ. സുന്നഹദോസ് അ

ഫാ. മാത്യൂസ്, കുററിക്കണ്ടത്തിൽ

ത്തു മാററി വച്ചിരിക്കുകയായിരിക്കാം എന്നു വിചാരിക്കുന്നു.

ആരാധനാപരിഷ്ക്കരണം

മലങ്കരസഭയിലെ ആരാധനാ പരിഷ്ക്കരണത്തെപ്പററിയുള്ള ഏതാനും ലേഖനങ്ങൾ അടുത്ത സമയത്ത് മലങ്കരസഭാമാസികയിൽ പ്രത്യക്ഷപ്പെടുകയുണ്ടായല്ലോ. മലങ്കരസഭയുടെ ആരാധനാക്രമത്തിൽ ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായ്ക്ക് ഒരു സ്ഥാനം ലഭിക്കാതെപോയതു് അക്ഷന്തവ്യമായ ഒരു അപരാധമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. മലങ്കരസഭയെ പിൻവാതിലിൽക്കൂടി തന്റെ കീഴിലമർത്തുവാനായി പരിശ്രമിക്കുകയും, പരിശുദ്ധ സുന്നഹദോസുകളുടെയും, പൂർവ്വീക പിതാക്കന്മാരുടെയും തീരുമാനങ്ങളെയും, കാനോനാകളെയും കാററിൽ പറത്തിക്കൊണ്ടു് ഈ സഭയ്ക്കു മുമ്പിൽ പ്രതിബന്ധങ്ങളുടെയും പ്രയാസങ്ങളുടെയും നൂലാമാലകൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വേദവിപരീതിയായ ഒരു പാത്രിയർക്കീസിന്റെ നാമം നമ്മുടെ ആരാധനയിൽ സുപ്രധാനമായ ഒരു സ്ഥാനത്തു്

ഭക്ഷണം തന്നില്ല. ഞാൻ ദാഹിച്ചുവലഞ്ഞവനായി വന്നു. നീ എനിക്കു് കുടിപ്പാൻ തന്നില്ല. അതിനാൽ നീ എന്നെ സൽക്കരിച്ചില്ല'

ദൈവത്തെ സൽക്കരിക്കാതെ വഴക്കുപറഞ്ഞു് ഓടിച്ചല്ലോ എന്നോർത്തു് മാർട്ടിൻ ദുഃഖിച്ചു് കരഞ്ഞു.

കുഞ്ഞനുജന്മാർ ഇതുപോലെ കൊച്ചുകൊച്ചു കഥകൾ അയച്ചുതന്നാൽ അർഹമെങ്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

—കുഞ്ഞിച്ചായൻ

ഓർക്കപ്പെടുമ്പോൾ മലങ്കരസഭയുടെ സ്ഥാപകനും ഇതിനുവേണ്ടി രക്തം ചൊരിഞ്ഞുകൊടുക്കുകയും ചെയ്തവനുമായ ഭാഗ്യവാനായ തോമ്മാശ്ലീഹായുടെ നാമധേയം അവഗണിക്കപ്പെടുന്ന വിരോധാഭാസം തിരുത്തിയെഴുതുവാനുള്ള കാലം അതിക്രമിച്ചില്ലേ എന്നു് നാം ശാന്തമായി ചിന്തിക്കണം. മലങ്കരസഭയുടെ സംരക്ഷണത്തിനുവേണ്ടി ജീവിതത്തെ ത്യാഗത്തിന്റെ ബലിവേദിയിലർപ്പിച്ചിട്ട് മരണം പ്രാപിച്ചിട്ടുള്ള മഹാരഥന്മാരായിരുന്ന മലങ്കര മെത്രാപ്പോലീത്തന്മാർ പലരും, വിസ്മൃതിയിലാണ്ടു കിടക്കുമ്പോൾ, മലങ്കരസഭയുടെ പീഡകരും, സഭയ്ക്ക് അജ്ഞാതരും, നാമധേയസിംഹാസനധാരികളും ആയവരുടെ പേരുകൾ സ്മരിക്കപ്പെടുന്നതു് മനസ്സിലാക്കുവാൻ സാദ്ധ്യമല്ലതന്നെ. മലങ്കരസഭയ്ക്കുവേണ്ടി കാരാഗ്രഹവാസംപോലും അനുഭവിക്കേണ്ടിവന്ന ഭാഗ്യസ്മരണാർഹനായ 6–ാം മാർത്തോമ്മാ ഈ സഭയുടെ വിശ്വാസനൈർമ്മല്യത്തെ കാത്തു സംരക്ഷിച്ച, വലിയ മാർ ദീവന്നാസ്യോസ്, പീഡനങ്ങളുടെ നടുവിൽ തളരാതെ നിന്നുകൊണ്ടു് അറബി മേധാവിത്വത്തെ അറബിക്കടലിലേക്കു വലിച്ചെറിഞ്ഞ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് എന്നിവർക്കു് അവർ അർഹിക്കുന്നതായ സ്ഥാനവും ബഹുമാനവും നൽകി ആദരിക്കുവാനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞില്ലേ എന്നും നാം ശാന്തമായി ആലോചിക്കണം.

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ

മലങ്കരസഭാംഗങ്ങളുടെ ഹൃദയത്തിൽ ശാശ്വതപ്രതിഷ്ഠ ലഭിച്ചതും, കാതോലിക്കാസിംഹാസനത്തിന്റെ ചരിത്രത്തിൽ അത്യുജ്വലകാന്തിയോടുകൂടി വെട്ടിത്തിളങ്ങുന്നതുമായ ഒരു ശ്രേഷ്ഠനാമമാണ് ഗീവറുഗീസ് ദ്വിതീയൻ ബാവാതിരുമേനിയുടേതു്. ഈ സഭയുടെ സ്വാതന്ത്ര്യവും, വിശ്വാസനൈർമ്മല്യവും കാത്തു സൂക്ഷിക്കുന്നതിൽ ആ ധീരസേനാനി അനുഷ്ഠിച്ചിട്ടുള്ള ത്യാഗനിർഭരമായ സേവനങ്ങൾ ഇന്നത്തെ തലമുറയെ പറഞ്ഞുമനസ്സിലാക്കേണ്ട കാര്യമില്ല. ഒരു ഭാഗത്തു് മലങ്കരസഭയെ അന്ത്യോഖ്യൻ മേധാവിത്വത്തിൻകീഴിലമർത്തുവാനുള്ള ഉഗ്രമായ പോരാട്ടംകൊണ്ടു് തളർന്നിരുന്ന സമയത്തു് മറുഭാഗത്തു് റീത്തു പ്രസ്ഥാനത്തിന്റെ ആരംഭവും ആർച്ചുബിഷപ്പ് മെനേസീസിന്റെ കുതന്ത്രങ്ങളുടെ ആവർത്തനങ്ങളും മലങ്കര നസ്രാണികളെ റീത്തീകരിച്ച് 'ശുദ്ധീ'കരിക്കുവാനുള്ള പരിശ്രമങ്ങളും, മെത്രാപ്പോലീത്തന്മാരുടെ കാലുമാററങ്ങളും എല്ലാംകൂടെ ഒന്നിനു പുറകെ ഒന്നായി അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ ഈ സഭയുടെ ചുക്കാൻ പിടിക്കുവാനായി ദൈവംതമ്പുരാൻ അദ്ദേഹത്തെ ഒരുക്കിയില്ലായിരുന്നുവെങ്കിൽ ഇന്നു് മലങ്കരസഭയുടെ ചരിത്രം ഏതു രീതിയിലാകുമായിരുന്നുവെന്നുള്ളതും ആരെയും പറഞ്ഞറിയിക്കേണ്ട കാര്യമില്ല.

പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും നടുവിലൂടെ കടന്നുപോയ ആ കർമ്മയോഗി തന്റെ വ്രതനിഷ്ഠയും, പ്രാർത്ഥനാശക്തിയും മൂലമാണ് ജീവിതത്തിൽ വിജയം വരിച്ചതെന്നുള്ളതു് അംഗീകരിക്കപ്പെട്ട ഒരു സത്യം മാത്രമാണല്ലോ. ജീവിച്ചിരിക്കുമ്പോൾതന്നെ പരിശുദ്ധനായി അംഗീകരിക്കപ്പെട്ടിരുന്ന അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് പതിമ്മൂന്നു വർഷങ്ങളും കഴിഞ്ഞുപോയിരിക്കുന്നു. 'വൃദ്ധൻ പുന്നൂസ്' എന്നു പറഞ്ഞു് അദ്ദേഹത്തെ പരിഹസിച്ചിരുന്നവർപോലും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയിൽ ആകൃഷ്ടരായിട്ടുണ്ടെന്നു മാത്രമല്ല അദ്ദേഹം ഒരു പരിശുദ്ധനായിരുന്നുവെന്ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഉപകാരസ്മരണയ്ക്ക്



സാറാമ്മ ഏബ്രഹാം, കരിപ്പുഴ. തോമസ്, കൊച്ചി. ജോയി, കടശ്ശനാട്.

ഇതര സമുദായാംഗങ്ങളും, അക്രൈസ്തവർപോലും അദ്ദേഹത്തെ ഒരു പരിശുദ്ധനായി ബഹുമാനിച്ചിരുന്നുവല്ലൊ. അദ്ദേഹത്തിന്റെ കബറിടം ഇന്ന് അനേകർക്ക് ആശ്വാസം ചൊരിഞ്ഞുകൊടുക്കുന്ന ഒരു സങ്കേതസ്ഥാനമായിത്തീർന്നിരിക്കുകയുമാണല്ലൊ. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ കൂടി അനുഗ്രഹങ്ങളും അത്ഭുതസിദ്ധികളും പ്രാപിച്ചിട്ടുള്ളവരുടെ ഒരു നീണ്ട പട്ടികതന്നെ ഉണ്ടായിരിക്കും. മലങ്കരസഭയുടെ രണ്ടാമത്തെ പരിശുദ്ധനായി അദ്ദേഹത്തെ പ്രഖ്യാപിച്ചുകാണുവാൻ സഭ ഒന്നടങ്കം പ്രത്യാശയോടുകൂടി കാത്തിരിക്കുകയാണെന്നുള്ള കാര്യവും പരിശുദ്ധ സുന്നഹദോസിന്റെ പ്രാർത്ഥനാപൂർവ്വമായ പരിഗണനയ്ക്കു വിധേയമാകുമെന്നു വിശ്വസിക്കുന്നു.

യൂലിയോസ് മാർ അൽവാറീസ്

മലങ്കരസഭയുടെ ചരിത്രത്തിൽനിന്നും ക്രമേണ മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു നാമമാണ് യൂലിയോസ് മാർ അൽവാറീസ്. പുലിക്കോട്ട് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാലത്ത് റോമൻ കത്തോലിക്കാസഭയിൽനിന്നും അനേകംകൂട്ടം

താമസിച്ചതിനു ക്ഷമാപണം





കുഞ്ഞുമോറാം ജോയി, പന്നം.



ഏലിയാമ്മ തോമ്മസ്, രോപ്പാൽ.



ലിസി, ജോൺ.

ങ്ങളോടുകൂടി അദ്ദേഹം ഓർത്തഡോക്സ് സഭയെ ആശ്ലേഷിക്കുകയും, 1888—ൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുകയും ചെയ്തു. പക്ഷെ മതഭ്രാന്തരായ ഗോവായിലെ റോമൻ കത്തോലിക്കർ അദ്ദേഹത്തോടു് പ്രതിപകരം വീട്ടുകതന്നെ ചെയ്തു. അദ്ദേഹത്തെ എങ്ങനെയോ പിടികൂടി പൗരോഹിത്യവസ്ത്രങ്ങളെല്ലാം ഉരിഞ്ഞുകളഞ്ഞു. അർദ്ധനഗ്നനായി ഗോവായിലെ തെരുവീഥികളിൽക്കൂടി കൂകിവിളിച്ച് പരിഹസിച്ചുകൊണ്ടു പോവുകയും, മർദ്ദിക്കുകയും തടവിൽ പാർപ്പിച്ച് പീഡിപ്പിക്കുകയും അവസാനം അദ്ദേഹം അവിടെവച്ച് മരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ഗോവായിലെ പബ്ളിക്ക് സെമിത്തേരിയിൽ, ദുർമ്മാർഗ്ഗികൾക്കും അനാഥർക്കും വേണ്ടി വേർതിരിച്ചിരിക്കുന്നതായ സ്ഥലത്ത് സംസ്ക്കരിക്കുകയും ചെയ്തു.

ഇന്ന് ആ സെമിത്തേരിയിലേക്കു കടന്നുചെന്നാൽ അതിന്റെ ഒരു കോണിലായി കാട്ടുപുല്ലുകൾകൊണ്ടു മൂടിയും, കാട്ടുജന്തുക്കൾക്കു വിശ്രമം നൽകിക്കൊണ്ടും നിലകൊള്ളുന്ന ഒരു കൊച്ചു മാർബിൾ ശിലയും അതിന്റെ ഒരു കോണിലായി ആരോ ഭക്തന്മാർ നാട്ടിയ ഒരാൾ പൊക്കമുള്ള ഒരു കരിങ്കുരിശും ഉയർന്നു നില്ക്കുന്നതു കാണാം. വേദനിക്കുന്ന നൂറുനൂറു കഥകൾ ആരുമാരും തിരിഞ്ഞുനോക്കാതെ പുറംതള്ളപ്പെട്ടു കിടക്കുന്ന ആ ശവകുടീരത്തിനു് പറയുവാനുണ്ടെന്നു തോന്നും. ഓർത്തഡോക്സ് വിശ്വാസത്തിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ രക്തസാക്ഷി കിരീടം പ്രാപിച്ച ആ ശ്രേഷ്ഠ മഹാചാര്യന്റെ സ്പന്ദിക്കുന്ന അസ്ഥിമാടത്തിൽനിന്നുയരുന്ന നീണ്ട നെടുവീർപ്പുകളുടെ മാറ്റൊലി അവിടുത്തെ നിശ്ചലമായ അന്തരീക്ഷത്തിൽ മന്ദമായി അലയടിക്കുന്ന ശബ്ദവും അവിടെ കേൾക്കാം. പക്ഷെ ആ ശവകുടീരത്തിൽനിന്നുയരുന്ന നീണ്ട നെടുവീർപ്പുകളുടെ ശബ്ദം കേൾക്കുവാനാരു്? മലങ്കര സഭയും സത്യവിശ്വാസത്തിനും വേണ്ടി പോരാടി രക്തസാക്ഷികിരീടം പ്രാപിച്ച ഒരു ശ്രേഷ്ഠ മഹാപുരോഹിതൻ അവഗണിക്കപ്പെട്ടുപോയതിന്റെ ചിത്രം വരച്ചു കാട്ടുവാൻ ശ്രമിച്ചുവെന്നു മാത്രം. ഇതു് കേൾക്കുവാനും കാണുവാനും മലങ്കര സഭ ഇന്നു തയ്യാറുണ്ടോ? അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ അവിടെനിന്നും മാററി ബഹുമാന്യമായ ഒരു സ്ഥലത്തു നിക്ഷേപിക്കുന്നില്ലെങ്കിൽ അതു് അദ്ദേഹത്തിന്റെ നേരെ മലങ്കരസഭ കാണിക്കുന്ന ഏററവും വലിയ കൃതഘ്നതയായിരിക്കും. അക്ഷന്തവ്യമായ അപരാധവുമായിരിക്കും.

ശോഭയേറിയ മാണിക്യരത്നങ്ങൾ രാജകീയ കിരീടത്തിൽതന്നെ പതിക്കപ്പെടേണ്ടതത്രെ. മലങ്കരസഭാചരിത്രത്തിലെ ഈ ശോഭയേറിയ മാണിക്യരത്നങ്ങളുടെ കാന്തിയും മൂല്യവും ഭാവി തലമുറയ്ക്കു് അജ്ഞാതമായിപ്പോകാതെ, അവ സഭയുടെ മഹത്വമേറിയ കിരീടത്തിന്മേൽ എത്രയും വേഗം പതിക്കപ്പെടുന്നുവോ അതു് അത്രയും സഭയ്ക്കു കൂടുതൽ ശോഭയും സൗന്ദര്യവും ആയിത്തീരുമെന്നുള്ളതിനു് സംശയമില്ല.

—0—

പുതുമകളുടെ ലോകത്തിൽ പുതിയ പര്യടനം



ഫാ. ഏ. എം. വർഗീസ് മലങ്കരസഭാ മാസികയുടെ ഒരു ഉത്തമസുഹൃത്തും ലേഖനങ്ങൾ തന്നും മററും മാസികാപ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ദേഹവുമാണ്. ബാഹ്യകേരളഭദ്രാസനത്തിൽ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിക്കവെ 1970—ൽ ഉണ്ടായ ഒരു മോട്ടോർ അപകടത്തിൽപ്പെട്ട് മരണത്തിന്റെ വക്കോളം എത്തിയെങ്കിലും ദൈവകൃപയാൽ അതിൽനിന്നു രക്ഷപ്രാപിച്ചു. ഇപ്പോൾ വിദേശപര്യടനം കഴിഞ്ഞു് പന്തളത്തു് അടുത്തു് കരമ്പാല എന്ന സ്ഥലത്തു് വിശ്രമിക്കുന്നു. അച്ചനു് സെപ്ററമ്പർ 18—ാം തീയതി 60 വയസ്സു തികഞ്ഞു. ഷഷ്ട്യബ്ദ്യപൂർത്തിയിൽ അച്ചനെ 'മലങ്കരസഭ' അനുമോദിക്കുകയും സഭയ്ക്കു കൂടുതൽ പ്രയോജനപ്രദമായ നിലയിൽ ദീർഘനാൾ ആയുരാരോഗ്യങ്ങളോടെ ജീവിക്കുന്നതിനു ദൈവം കൃപ ചെയ്യട്ടെ എന്നു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

........കഴിഞ്ഞതിനെല്ലാം സാക്ഷ്യംവഹിച്ചുകൊണ്ടു് ഒരു മരക്കുരിശു കാണാം. ഭൂമിയുടെ ഉപരിതലനിരപ്പിൽനിന്നും വളരെയധികം താഴോട്ടു കുഴിച്ചു് വിശാലമാക്കിയിട്ടുള്ള അടിത്തറഭാഗങ്ങളും അതിന്റെ വശങ്ങളിൽ ക്രിസ്ത്യാനികളുടെ മാംസം തിന്നുവാൻ ഇറക്കിവിട്ടിരുന്ന സിംഹങ്ങളെയും മററും സൂക്ഷിച്ചിരുന്ന ഉൾഭാഗങ്ങളും കാണാം. വിവിധ പീഡനങ്ങൾക്കായി കരുതിയിരുന്ന ഉപകരണങ്ങളുടെ അവശിഷ്ടങ്ങളും വലിയ ചങ്ങലകളും കാണാം.........

റോമിൽ

മടക്കയാത്രയിൽ പശ്ചിമജർമ്മനിയിലെ ഫ്രാംക്ഫർട്ടിൽ ഇറങ്ങി അവിടെ ഒരു സുഹൃത്തിന്റെ വീട്ടിൽ താമസിക്കുകയും ആ സമയത്തിനുള്ളിൽ ജർമ്മൻ സാഹിത്യകാരനും കവിയുമായിരുന്ന ഗോയ്ഥേയുടെ ജീവിതവുമായി ബന്ധപ്പെട്ട മ്യൂസിയം കാണുകയും ചെയ്തു. അടുത്ത ദിവസം ട്രെയിൻ മാർഗ്ഗം റോമിലേക്കു പുറപ്പെട്ടു. സ്വിററ്സർലാൻഡിന്റെ അതിർത്തിയിക്കൂടി മിലാൻ എന്ന ഇററലിയിലെ പുരാതന പട്ടണവും കടന്നു് നവംബർ 16—ാം തീയതി ബുധനാഴ്ച അതിരാവിലെ റോമിൽ എത്തി. സഭയുടെ ശില്പികളും പണിക്കാരുമായി രക്തസാക്ഷിമരണം വരിച്ച പത്രോസ്

ഫാ. ഏ. എം. വർഗീസ്. പന്തളം

പൗലോസ് ശ്ളീഹന്മാരുടെ പാദസ്പർശനങ്ങളാലും രക്തബിന്ദുക്കളാലും ഒരിക്കൽ പരിപാവനമാക്കപ്പെട്ട റോമിൽ കാൽ കുത്തിയപ്പോൾ ശരീരവും മനസ്സും ആത്മാവും കുളിരണിഞ്ഞു. അന്നേദിവസം ഭാഗ്യവശാൽ പോപ്പ് പോൾ ആറാമൻ തിരുമനസ്സുകൊണ്ടു് സന്ദർശകർക്കു് പൊതുദർശനം നൽകുന്ന ദിവസമായിരുന്നതിനാൽ അക്കൂട്ടത്തിൽ അദ്ദേഹത്തെ കാണുന്നതിനും ഒരു മണിക്കൂർ നീണ്ടുനിന്ന പൊതുദർശനപരിപാടിയിൽ പങ്കെടുക്കുന്നതിനും സാധിച്ചു. ഏകദേശം പന്തീരായിരം സന്ദർശകർ അന്നു് തടിച്ചുകൂടിയിരുന്നു. വിശ്രമിക്കുവാൻ സമയം എടുക്കാതെ കൊട്ടംതണുപ്പിൽ നടന്നു് ലോകപ്രസിദ്ധമായ സെൻറ് പീറേറഴ്സ് ബസിലിക്കായും, വത്തിക്കാൻ സിററിയും, മാർ പാപ്പായുടെ കൊട്ടാരവും, വത്തിക്കാൻ മ്യൂസിയം, ലൈബ്രറി എന്നിവയും കണ്ടു. മൈക്കൽ ആഞ്ചലോ എന്ന പേരായ ഒരു ഹോട്ടലിൽ പാർത്തു.

എന്തൊരു കനത്ത ചെലവ്. വളരെ പിശുക്കു പിടിച്ചുനോക്കിയിട്ടുപോലും രൂപയുടെ കണക്കിൽ കൂട്ടിയപ്പോൾ ആ പെരും തണുപ്പിലും തീ പിടിക്കുന്നതുപോലെ തോന്നി. 24 മണിക്കൂർ നേരത്തേക്ക് ആഹാരത്തിനും ചായ കുടിക്കും ഉൾപ്പെടെ ഏകദേശം 450 രൂപാ. അതുകൊണ്ട് അടുത്ത ദിവസം ധൃതഗതിയിൽ സന്ദർശനം തുടർന്നു. റോമൻ ചക്രവർത്തിമാർ ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ പണിതുയർത്തിയ കൊലോസിയം എന്നറിയപ്പെടുന്ന കൂറ്റൻ സ്റ്റേഡിയം ഇടിഞ്ഞും പൊളിഞ്ഞും കിടക്കുന്നത് പോയി കണ്ടു. അവശിഷ്ടങ്ങളുടെ അകമ്പടിയോടെ ഇന്നും ആ കൂറ്റന്റെ നില്പും ഒക്കെ കണ്ടാൽ അത്ഭുതപ്പെടുകയും അമ്പരന്നുപോകുകയും ചെയ്യും. 'കഴിഞ്ഞതിനെല്ലാം സാക്ഷ്യം വഹിച്ചുകൊണ്ട് ഒരു വലിയ മരക്കുരിശ് മദ്ധ്യഭാഗത്തിൽ കാണാം. ഭൂമിയുടെ ഉപരിതലനിരപ്പിൽനിന്നും വളരെയധികം താഴോട്ട് കുഴിച്ച് വിശാലമാക്കിയിട്ടിട്ടുള്ള അടിത്തറഭാഗങ്ങളും അതിന്റെ സൈഡുകളിൽ ക്രിസ്ത്യാനിയുടെ മാംസം തിന്നാനും രക്തം കുടിക്കാനും ഇറക്കി വിട്ടുകൊണ്ടിരുന്ന സിംഹങ്ങളെയും ചീങ്കണ്ണികളേയും മറ്റും സൂക്ഷിച്ചിരുന്ന ഉൾഭാഗങ്ങളും കാണാം. വിവിധ പീഡനങ്ങൾക്കായി കരുതിയിരുന്ന ഉപകരണങ്ങളുടെ അവശിഷ്ടങ്ങളും കരിങ്കൽത്തൂണുകളും വലിയ വലിയ ചങ്ങലകളും ഇന്നും അവിടവിടെ കിടക്കുന്നു'. പ്രാണവേദനയിൽ പിടയുമ്പോൾ ഓടി രക്ഷപെടുവാനുള്ള എല്ലാ ശ്രമങ്ങളേയും പരാജയപ്പെടുത്തുമാറ് നാലു പാടും റോമൻ പടയാളികളുടെ കാവൽ കവാടങ്ങളും അവയിൽ ഘടിപ്പിച്ചിട്ടുള്ള അതിഗംഭീരങ്ങളായ ഇരുമ്പു വാതിലുകളും ഇന്നും ഉണ്ട്. ക്രൂരവിനോദങ്ങൾ കണ്ടു രസിക്കുവാൻ കൂടിയ ചക്രവർത്തിമാരുടെയും പ്രഭുക്കന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയും ഇരിപ്പിടങ്ങൾ തറനിരപ്പിൽനിന്നും വളരെ ഉയരത്തിൽ ഉണ്ടാക്കിയിരിക്കുന്നു. സുഖമായി ചാഞ്ഞും ചരിഞ്ഞും സുന്ദരികളുമായി ചേർന്നിരുന്ന് ക്രിസ്ത്യാനിയെ ക്രൂരമൃഗങ്ങൾ പിളർക്കുന്നതു കണ്ട് ആനന്ദിക്കുവാൻ സജ്ജമാക്കിയിരിക്കുന്ന ഇരിപ്പിടങ്ങളിലേക്ക് ഞാൻ കണ്ണുകൾ ഉയർത്തി. എന്റെ കണ്ണുകൾ നിറഞ്ഞു. അധികം ഭാഗവും ഇടിഞ്ഞുപൊളിഞ്ഞിട്ടും എന്തൊരു കാഴ്ച. ക്രിസ്തുസഭയോളം പഴക്കമുള്ളതും ഇടിഞ്ഞുതകർന്നിട്ടും ഇന്നും അംബരചുംബിയായും ഭീമാകാരനായും നിൽക്കുന്നതുമായ കൊലോസിയം കണ്ട് വിശപ്പും ദാഹവും തണുപ്പും ഒക്കെ മറന്ന് അവിടെനിന്നും 20 കിലോമീറ്റർ ദൂരം വരുന്ന കാറ്റാകോംബ്സ് കാണുവാൻ പോയി.

ആദിമ ക്രിസ്ത്യാനികൾ പീഡനങ്ങളെ പേടിച്ച് ഭൂമിക്കടിയിൽ ആരാധനയർപ്പിക്കുകയും അവരുടെ പ്രിയപ്പെട്ടവരുടെ ശവശരീരങ്ങൾ സംസ്കരിക്കുകയും ചെയ്ത സ്ഥലമാണ് കാലാന്തരത്തിൽ ഖനനം ചെയ്ത് കണ്ടുപിടിക്കപ്പെട്ടതും ഇപ്പോൾ കാറ്റാകോംബ്സ് എന്ന് അറിയപ്പെടുന്നതും. വിശ്വാസവീരരും ധീരരും ആയിരുന്ന ആദിമക്രിസ്ത്യാനികൾ സത്യദൈവത്തെ ആരാധിപ്പാൻ ബദ്ധപ്പെടുകയും അതിനുവേണ്ടി അസാധാരണമായ വിധത്തിൽ ഭൂഗർഭങ്ങളിൽ കഷ്ടപ്പാടുകൾ സഹിക്കുകയും ചെയ്തുവെങ്കിൽ ഇന്നത്തെ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം സത്യവിശ്വാസത്തിന്റെ പേരും പറഞ്ഞ് ആരാധനാമന്ദിരങ്ങൾ അക്രമം പ്രയോഗിച്ച് കൈവശപ്പെടുത്തുവാനും അടച്ചുപൂട്ടിയിടുവാനും ബദ്ധപ്പെടുന്നത് ഓർത്തപ്പോൾ വ്യസനം തോന്നി. ഭൂമിയുടെ ഉപരിതലത്തിൽനിന്നും ഏകദേശം മുപ്പതടി താഴ്ചയിൽ 12 ഏക്കർ സ്ഥലവിസ്തൃതിയിൽ

ഉപകാരസ്മരണയ്ക്ക്



Mrs. Annie Thomas & Family, Bombay.

കാറ്റാകോംബ്സ് ഒതുങ്ങിക്കിടക്കുന്നു. ഇരുൾ നിറഞ്ഞതും ഇടുക്കമേറിയതുമായ ഒറ്റയടിപ്പാതകളിൽകൂടി ഓരോ ചുവടും വയ്ക്കുമ്പോൾ ഇരുവശവുമുള്ള മൺഭിത്തികളിൽ ശവപ്പെട്ടിയുടെ ആകൃതിയിലുള്ള അനേകം കുഴികൾ ഒന്നിനു മുകളിൽ മറ്റൊന്നായി അടുക്കി വെട്ടിയിരിക്കുന്നതു കാണാം. ചിലതിൽ തലയോട്ടികളും അസ്ഥിക്കഷണങ്ങളും ഉണ്ട്. ഇടുക്കുവഴികൾ സന്ധിക്കുന്ന ചില പ്രത്യേക കോണുകളിൽ ചെറിയ ചെറിയ ത്രോണോസുകളും അവയുടെ മുൻപിൽ അന്ന് രക്ഷകനുവേണ്ടി ജീവാർപ്പണം ചെയ്ത വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രതിമകളും കാണാം. അന്ധകാരത്തിൽ ആരാധന നടത്തുവാൻ അന്നുപയോഗിച്ചിരുന്ന മെഴുകുതിരിക്കാലുകളുടെ അവശിഷ്ടങ്ങളും കാണുന്നുണ്ട്, ഇടുക്കുവഴികളിൽക്കൂടി ഒറ്റയൊറ്റയായി ഇറങ്ങുകയും നടക്കുകയും ചെയ്യേണ്ടിയിരിക്കുന്നതിനാൽ ഒരു പ്രാവശ്യം ഒരു ഗൈഡിന്റെ കീഴിൽ പത്തുപതിനഞ്ച് സന്ദർശകരിൽ കൂടുതൽ ഉണ്ടായിരിക്കുകയില്ല. ഉള്ളറകളിലും ഊടുവഴികളിലും വെളിച്ചം കാണുവാൻ അവിടവിടെ വൈദ്യുതിവിളക്കുകൾ ഘടിപ്പിച്ചിട്ടുണ്ട്. 12 ഏക്കർ ഉൾ വിസ്താരത്തിൽ, മൂകതയുടെ മൂടുപടത്തിൽ കാറ്റാകോംബ്സ് കിടക്കുന്നുവെങ്കിലും കയറിയിറങ്ങുവാൻ കഴിയുന്ന വഴിത്താരകളിൽകൂടി ഏതാനും ദൂരം മാത്രമേ സന്ദർശകർക്കു കടന്നുപോകുവാൻ അനുവാദമുള്ളു. പ്രധാന ഭാഗങ്ങൾ കണ്ടതിനു ശേഷം പുറത്ത് വായുവിലും വെളിച്ചത്തിലും എത്തുവാൻ ഒരു മണിക്കൂർ സമയം എടുത്തു. എന്റെ കൂടെ ഉണ്ടായിരുന്ന ഇതര സന്ദർശകർ എല്ലാം തന്നെ ഇംഗ്ലണ്ടിൽനിന്നും യൂറോപ്പിൽനിന്നും ഉള്ളവരായിരുന്നു. കാറ്റാകോംബ്സിന്റെ ഉള്ളിൽ നടന്നപ്പോൾ നമ്മുടെ കർത്താവിന്റെ പാതാള പ്രവേശനവും മരിച്ചവരുടെ പുനരുത്ഥാനവും എന്നുവേണ്ടാ ഒട്ടധികം ചിന്തകൾ എന്റെ മനസ്സിൽക്കൂടി കടന്നുപോയി.

കാറ്റാകോംബ്സ് കണ്ടതിനു ശേഷം പുരാതന റോമാനഗരം കാണുവാൻ പോയി. ആധുനിക റോമാ കാണുന്നതിനേക്കാൾ ആനന്ദകരമായി തോന്നി. പ്രാചീന റോമാ തകർന്ന് താളടിയായി കിടക്കുന്നത് കലയുടെയും സൗന്ദര്യത്തിന്റെയും മറ്റൊരു മനോഹര രൂപമാണ്. സ്വർഗ്ഗത്തോളം ഉയർന്ന കപ്പർന്നഹൂമേ, നീ പാതാളത്തോളം താണുപോകും എന്നുള്ള തിരുവചനം ഓർമ്മയിൽ വന്നു. കൊട്ടാരങ്ങളും കോടതികളും കോട്ടകളും കിടങ്ങുകളും ജയിലുകളും സെനറ്റ് ഹൗസുകളും സൈനിക കേന്ദ്രങ്ങളും വിനോദവിഹാരരംഗങ്ങളും എല്ലാം എല്ലാം പ്രാചീന റോമായുടെ പ്രാഗത്ഭ്യം പ്രസ്താവിച്ചുകൊണ്ട് അവിടവിടെ നൂറ്റാണ്ടുകളായി തലകുത്തി തകർന്നു കിടക്കുന്നു. റോമൻ ഗവർണർമാരുടെ ഈ തകർന്നടിഞ്ഞ മണിമന്ദിരങ്ങളിൽ ഒന്നിലാണല്ലൊ അപ്പോസ്തോലനായ പൌലോസ് ഫേലിക്സിന്റെ മുമ്പിൽ ചങ്ങലധാരിയായി നിലകൊണ്ടത് എന്നുള്ള ചിന്തയിൽ കുറേനേരം ഞാൻ ലയിച്ചു നിന്നുപോയി. ശില്പകലാഭംഗിയാൽ അതീവ സുന്ദരിയായി വിലസുന്ന ആധുനിക റോമാനഗരമേ! നീയും നിന്നോടു തുല്യം ഇന്നു ലോകത്തിൽ കാണുന്ന എല്ലാ മഹിമകളും നൂറ്റാണ്ടുകൾക്കപ്പുറം തകർന്നു കിടക്കേണ്ടതല്ലേ.

യാത്രയുടെ പരിസമാപ്തിയിൽ

റോമയിൽനിന്ന് വീണ്ടും തീവണ്ടിമാർഗ്ഗം പാരീസിലേക്കു പോയി. ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിന്റെ പ്രസിദ്ധമായ സൗന്ദര്യം ആകപ്പാടെ ഒന്ന് ചുറ്റിക്കറങ്ങി കണ്ടു. നെപ്പോളിയന്റെ സ്മാരകമന്ദിരവും മറ്റു ചില പ്രധാന കേന്ദ്രങ്ങളും കണ്ടതോടുകൂടി മതിയാക്കി. ഫ്രഞ്ചുഭാഷ വശമില്ലെങ്കിൽ വെറും പൊട്ടനേപ്പോലെ ആയിപ്പോകും. ബി. ഏ. ഡിഗ്രിയുടെ പ്രാധാന്യവും പ്രയോഗവും തികച്ചും നിഷ്പ്രയോജനമാക്കി എന്നെ വ്യസനിപ്പിക്കയും ശുണ്ഠി പിടിപ്പിക്കയും ചെയ്ത പാരീസ് സുന്ദരിയെ പിന്നിട്ടുകൊണ്ട് ലണ്ടൻ ലക്ഷ്യമാക്കി വീണ്ടും ട്രയിനിൽ യാത്ര തുടർന്നു. റോമിലും പാരീസിലും ദൈവം തമ്പുരാൻ ഒഴികെ ഒരു കൂട്ടിനു ആരുമില്ലായിരുന്നു. ഫ്രാൻസിന്റെ അതിർത്തിയിൽ ഉള്ള കലാസി എന്ന സ്ഥലംവരെ ട്രെയിനിൽ വന്നശേഷം കപ്പലിൽ ഇംഗ്ലീഷ് ചാനൽ കടന്ന് ഇംഗ്ലണ്ടിലെ ഡോവർ എന്ന പട്ടണത്തിൽ എത്തുകയും അവിടെനിന്നും വെളുപ്പാൻകാലത്ത് അഞ്ചരമണിക്ക് വീണ്ടും ട്രെയിനിൽ യാത്ര തുടർന്ന് രണ്ടര മണിക്കൂറുകൾക്കു ശേഷം ലണ്ടനിൽ എത്തുകയും ചെയ്തു.

പഴയ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പെരുമ പെരുപ്പിച്ചു കാണിക്കുന്ന ലണ്ടനിൽ കാൽ കുത്തിയപ്പോൾ എന്റെ മാതൃരാജ്യത്തേപ്പറ്റിയുള്ള പൂർവ്വസ്മരണകളിൽ പുളകം കൊണ്ടു. ഈസ്റ്റ് ഇൻഡ്യാ കമ്പനിയും, 150 വർഷക്കാലത്തെ ബ്രിട്ടീഷ് അധീശഭരണവും, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും, മഹാത്മ ഗാന്ധിയും, ലണ്ടനിലെ വട്ടമേശ സമ്മേളനങ്ങളും, ഉപ്പു സത്യഗ്രഹവും, ക്വിറ്റ് ഇൻഡ്യാ സമരവും, ജാലിയൻവാലാ വെടിവയ്പും, മാതൃരാജ്യത്തിന്റെ വിഭജനവും അവസാനം ഇൻഡ്യൻ സ്വാതന്ത്ര്യപ്രഖ്യാപനവും എല്ലാം എല്ലാം ഓർമ്മയിൽ ഓടിയെത്തി. സ്വതന്ത്രഭാരതത്തിന്റെ ഒരു പുത്രനായി

ലണ്ടനിൽ എത്തിയതിൽ ഞാൻ അഭിമാനപുളകിതനായി. ഇംഗ്ലീഷ് ഭാഷയുടെ മാധുര്യവും മഹിമയും വളരെയധികം ആസ്വാദ്യജനകവും സഹായകവുമായി. ഇംഗ്ലീഷ് ജനതയുടെ പരമ്പരാഗതവും മധുരോദാരവുമായ പെരുമാററങ്ങൾ, ഇററലിയിലും, ഫ്റാൻസിലും നേരിട്ട പ്രയാസങ്ങളുടെ പിരിമുറുക്കത്തിൽനിന്നും എന്നെ വിമുക്തനാക്കി.

ആധുനിക ലണ്ടന്റെ കെട്ടും മട്ടും അതിന്റേതായ ഗാംഭീര്യത്തോടെ നിലകൊള്ളുന്നു. ഭാരതത്തിന്റെ വിഭവസമ്പത്തുകൂടി കലർന്നുള്ളതാണല്ലൊ ലണ്ടന്റെ മഹത്വം എന്നോർത്തപ്പോൾ അഭിമാനവും അതോടൊപ്പം ലജ്ജയും തോന്നി. പ്രായമുള്ള ഇംഗ്ലീഷുകാരിൽ പലരും ഇന്ഡ്യയെപ്പററി താൽപ്പര്യപൂർവ്വം അന്വേഷിച്ചു. ഭൂഗർഭ റയിൽവേ സിസ്റ്റം അമേരിക്കയിലേതാണ് ഏററവും അത്ഭുതകരമെന്ന് തോന്നിയെങ്കിലും ലണ്ടനിലെ അണ്ടർഗ്രൗണ്ട് റയിൽവേ കണ്ടപ്പോൾ ആ തോന്നൽ വ്യത്യാസപ്പെട്ടു. ബക്കിംഗ്ഹാം കൊട്ടാരം, വിൻഡ്സർ പാലസ്, വെസ്റ്റ്മിനിസ്റ്റർ ആബി, സെൻറ് പോൾ കത്തീഡ്രൽ, പാർലമെൻറ് ഹൌസ്, ബിഗ്ബെൻ മണിമന്ദിരം, ടൗവർ ഓഫ് ലണ്ടൻ, തേംസ് റിവർ, ലണ്ടൻ ബ്രിഡ്ജ്, ബ്രിട്ടീഷ് മ്യൂസിയം എന്നീ പ്രധാന കാഴ്ചകൾ കാണുകയുണ്ടായി. ലണ്ടനിൽ നമ്മുടേതായ ഒരു കോൺഗ്രിഗേഷൻ ഉണ്ട്. വല്ലപ്പോഴും ആരാധന നടക്കുന്നുണ്ട്. അടുത്ത കാലത്ത് ഒരു ഇടവകയായി ലണ്ടൻ കോൺഗ്രിഗേഷൻ രൂപം പ്രാപിച്ചിട്ടുണ്ട്. ലണ്ടൻ സന്ദർശനാനന്തരം വീണ്ടും ഇംഗ്ലീഷ് ചാനൽ കടന്ന് ട്രെയിൻ മാർഗ്ഗം ഫ്റാങ്ക്ഫർട്ടിൽ എത്തിച്ചേരുകയും അവിടെനിന്നും വിമാനമാർഗ്ഗം നാട്ടിലേക്കു പോരുകയും ചെയ്തു. സന്ദർശനത്തിന് എടുത്ത നാലു മാസക്കാലം യാത്രാപരിപാടികൾക്ക് മുടക്കം വരാതെ കാത്തു പരിപാലിച്ച കാരുണ്യവാനായ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും ഈ ലേഖനപരമ്പരകൾക്ക് മലങ്കരസഭാ മാസികയുടെ താളുകൾ സദയം അനുവദിച്ച മാസികാ ഭാരവാഹികൾക്ക് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും ഈ പരമ്പര പര്യവസാനിപ്പിക്കുന്നു.

(അവലോകനം അടുത്ത ലക്കത്തിൽ)

രോഗശാന്തിക്ക്



തോമ്മസ് പുന്നൂരത്തിൽ, ബഥേൽ ഭവൻ.



വർഗീസ് ദാനിയേൽ, കൈപ്പട്ടൂർ—താമസിച്ചതിൽ ക്ഷമാപണം.

പ്രത്യാശയുടെ പാത

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക (എബ്റ. 12: 2)

റമ്പാൻ കെ. കെ. മാത്യൂസ് M. Sc., B. D.

വിവിധ കാരണങ്ങളാൽ നമ്മിൽ പലരും നിരാശയ്ക്കും ഭയത്തിനും വശംവദരായിപ്പോകുന്നു. ഉദ്ദിഷ്ട കാര്യങ്ങൾ സാധ്യമാകാതെ വരുമ്പോഴും, തോൽവികളും കഷ്ടതകളും നമ്മെ അഭിമുഖീകരിക്കുമ്പോഴും പ്രായേണ നാം തളർന്നുപോകുന്നു, തകർന്നുപോകുന്നു. ആദ്ധ്യാത്മികജീവിതത്തിലും നിരാശ നമ്മെ പിടികൂടാറുണ്ട്.

നമ്മുടെ സഭയെക്കുറിച്ച് പറഞ്ഞാൽ ഓരോ അനിഷ്ട സംഭവത്തിനു ശേഷവും ഇനിയൊന്നും ഉണ്ടാകയില്ലെന്നു പ്രത്യാശിച്ചിരിക്കും. എന്നാൽ അനുഭവം നേരെ മറിച്ചാണ്. തന്മൂലം പലരിലും ഒരു നിരാശബോധം ഉണ്ടാകുക സ്വാഭാവികമാണ്. ഇതിനു പുറമെ വഴക്കുകളിലും കേസുകളിലും ഉൾപ്പെട്ട് ഓടി നടക്കുന്നവർ ആന്തരീയമായ ആദ്ധ്യാത്മിക കാര്യങ്ങൾ അവഗണിക്കുന്നതിനും ഇടയുണ്ട്. തന്മൂലം നമ്മിലുള്ള നിരാശ അകററി, ആത്മീയമായി മുന്നേറുന്നതിനു് നാം മനപ്പൂർവ്വമായി യത്നിക്കേണ്ടിയിരിക്കുന്നു. വഴക്കുകളും കേസുകളും തീർന്നിട്ടല്ലല്ലൊ ആത്മീയ ജീവിതം ശക്തമാക്കേണ്ടതു്.

നിരാശ വരുന്നതു് നമ്മുടെ ആശ്രയം പ്രധാനമായും സ്വയത്തിൽ ആയിരിക്കുമ്പോഴാണ്. ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും വർദ്ധിച്ചുവരുമ്പോൾ നിരാശ താനേ മാറുന്നു.

ആരെങ്കിലും നന്മ ചെയ്യുന്നുണ്ടെങ്കിൽ, പരീക്ഷകളെ ജയിക്കുന്നെങ്കിൽ, അതു് ദൈവത്തിന്റെ കൃപകൊണ്ടായതിനാൽ നിഗളിക്കുന്നതിനു് അവകാശമില്ല. ആരെങ്കിലും തെററിപ്പോകുന്നെങ്കിൽ, അതു് ദൈവകൃപയിൽ ആശ്രയിക്കാത്തതുകൊണ്ടാണ്, അതിനാൽ നാരാശപ്പെടേണ്ട ആവശ്യവുമില്ല. ഇച്ഛിപ്പിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും ദൈവമാണല്ലൊ (ഫിലി. 2: 13). നാം ദൈവത്തോടു് സഹകരിക്കുക മാത്രമാണു ചെയ്യുന്നതു്. 'അവന്റെ നിറവിൽനിന്നു് നമുക്കു് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു' (വി. യോഹ. 1: 16). 'എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ലെ'ന്നു് (യോഹ. 6: 37) ആ കർത്താവുതന്നെ അരുളിച്ചെയ്യുന്നു.

പരീക്ഷകളിൽ കർത്താവിന്റെ പ്രത്യേക സാന്നിദ്ധ്യം നമ്മോടുകൂടെയുണ്ടു്. സങ്കീ. 46: 1 'കഷ്ടങ്ങളിൽ അവൻ ഏററവും അടുത്ത തുണയായിരിക്കുന്നു. റോമ. 5: 20 'പാപം പെരുകിയിടത്തു് കൃപ അത്യന്തം വർദ്ധിച്ചു. 2 കൊരി. 12: 9 'എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു'.

ഓളങ്ങളുടെ ഇടയിൽകൂടെ പത്രോസ് ശ്ലീഹാ കർത്താവിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു നടന്നു. ശ്രദ്ധ ഓളങ്ങളിലേക്കു തിരിഞ്ഞപ്പോൾ വിശ്വാസവും ധൈര്യവും പോയി. നമ്മുടെ ഹൃദയത്തിൽ ഭയത്തിന്റെയും, പ്രതികാരബുദ്ധിയുടെയും, അസൂയയുടെയും, ജഡേച്ഛയുടെയും തിരമാലകളും കൊടുങ്കാററുകളും ഉയർന്നുവരുമ്പോൾ കർത്താവിൽ ദൃഷ്ടിയുറപ്പിക്കണം. 'നാഥാ രക്ഷിക്കണമേ' എന്നു പ്രാർത്ഥിക്കണം (വി. മത്താ. 14: 30).

മനസ്സിലുണ്ടാകുന്ന വിദ്വേഷവും മററും പൂർണ്ണമായി മാറുന്നതുവരെ നാം സകലതും കർത്താവിന്റെ കുരിശിന്നരികെ സമർപ്പിക്കണം. Suppress (അടിച്ചമർത്തുക) ചെയ്യുകയല്ല, reppress ചെയ്താൽ കുറെ കഴിയുമ്പോൾ burst out ചെയ്യും (വിങ്ങിപ്പൊട്ടും) മററുള്ളവരെക്കുറിച്ചു സഹതപിക്കുവാൻ സാധിക്കണം. 'പിതാവെ, ഇവർ ചെയ്യുന്നതു് എന്തെന്നു് അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമെ' എന്നുള്ള സഹതാപത്തിലും പ്രാർത്ഥനയിലും കൂടെ കർത്താവു്, തന്റെ ഉള്ളിൽ ഉണ്ടാകാമായിരുന്ന വിദ്വേഷത്തെ നീക്കിക്കളഞ്ഞതുപോലെ നാമും ചെയ്യണം. കർത്താവിന്റെ മാതൃകയെ കണ്ടുകൊണ്ടു് ഇതുപോലെ മറെറല്ലാ ദുർവികാരങ്ങളിൽനിന്നും വിടുതൽ പ്രാപിക്കണം.

നമുക്കു് സഹതാപം തോന്നുന്നില്ലെങ്കിൽ കർത്താ

പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ



TINA, ROY, MARYKUTTY & THOMAS, CANADA.

വിൽ കാണുന്ന അതേസഹതാപം ലഭിക്കുന്നതിനായി പ്രാർത്ഥിക്കണം. വിദ്വേഷമെല്ലാം മാറിയിട്ടേ എഴുന്നേൽക്കാവൂ എന്നു വയ്ക്കണം.

കർത്താവു് 40 ദിവസത്തെ ഉപവാസത്തിനു ശേഷം 'ദൈവത്തിന്റെ വായിൽനിന്നു വരുന്ന വചനംകൊണ്ടുമാണു് മനുഷ്യൻ ജീവിക്കുന്നതെ'ന്നു് പറഞ്ഞതും, ഗത്സീമോൻ തോട്ടത്തിൽ രക്തം വിയർത്തുകൊണ്ടും, മരണത്തിനു തുല്യം വേദനപ്പെട്ടു് കവിണ്ണു വീണപ്പോഴും 'എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ' എന്നു പ്രാർത്ഥിച്ചതും, കുരിശിന്മേൽ കിടന്നു് 'എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്തു്' എന്നു നിലവിളിച്ചെങ്കിലും 'പിതാവെ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഭരമേല്പിക്കുന്നു' എന്നു പറഞ്ഞു് സമർപ്പിച്ചതും ഇവിടെ പ്രത്യേകം അനുസ്മരിച്ചു്, നാമും വികാരത്തള്ളലിങ്കൽ നമ്മെത്തന്നെ സമർപ്പിച്ചു് പ്രാർത്ഥിക്കണം.

വികാരത്തള്ളലിൽ തന്നെയാണു് നമ്മുടെ സ്വയത്തെ തകർക്കാനായി കർത്താവിനോടു പ്രാർത്ഥിക്കേണ്ടതു്. 'Striks the iron when it is hot'. ചുട്ടു പഴുത്തിരിക്കുന്ന ഇരുമ്പിനെ അടിച്ചാൽ അതു് രൂപാന്തരപ്പെടുന്നു. നമ്മിലുള്ള സ്വയത്തെ നീക്കുവാനായി അപ്പോഴാണു് നാം പ്രാർത്ഥിക്കേണ്ടതു്. വികാരങ്ങളുടെ ഇളക്കം തുടങ്ങുമ്പോൾതന്നെ കർത്താവിനെ നോക്കി പ്രാർത്ഥിക്കണം.

കർത്താവിന്റെ സ്വഭാവം മാത്രം മതി, സ്വയം പോകുന്നതുകൊണ്ടു് ഒരു ദോഷവും വരാനില്ല, എന്നു നാം ചിന്തിക്കണം. കർത്താവിന്റെ സ്നേഹം, താഴ്മ, വിശുദ്ധി, പ്രാർത്ഥനാശീലം ഇവയാണു് നമുക്കു് ആവശ്യം. അവയ്ക്കുവേണ്ടി എന്തു ത്യാഗവും സഹിപ്പാൻ നാം സന്നദ്ധരാകണം.

ചെന്നായ് ആടിനെ പിടിക്കാൻ തുടങ്ങുമ്പോൾ നല്ല ഇടയൻ നോക്കി നിൽക്കുമോ? താൻ ചാടി ഇടയ്ക്കു വീഴുകയയില്ലേ? പരീക്ഷയുടെ അവസരത്തിൽ തന്റെ പ്രത്യേക സാന്നിദ്ധ്യം നമ്മോടുകൂടെയുണ്ടു്. എന്നാൽ ആടു് ചെന്നായുടെ വായിലേക്കു് തന്നെ തന്നെ വിട്ടുകൊടുക്കുന്നെങ്കിൽ ഇടയൻ നിസ്സഹായനാകും.

സാധാരണ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട 2 കാര്യങ്ങൾ

1) 1 പത്രോ. 5: 6 'അവൻ തക്ക സമയത്തു് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പീൻ'. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. താൻ അനുവദിക്കാതെ ഒരു കഷ്ടതയും വരുന്നില്ല. അതേ സമയത്തു് അതെല്ലാം നമ്മുടെ പരമമായ നന്മയ്ക്കായിത്തീരുന്നതിനു് താൻ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അതിനാൽ നമുക്കു് എന്തുതന്നെ വന്നാലും, നമ്മെക്കുറിച്ചു് മനുഷ്യർ എന്തുതന്നെ പറഞ്ഞാലും, നാം ഇളകിപ്പോകാതെ ദൈവത്തിന്റെ ബലമുള്ള കൈക്കുകീഴ് താണിരിക്കണം. 'നാം അനേകം കഷ്ടതകളിൽക്കൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു' (അപ്പോ. 14: 22). വി. മത്താ. 5: 10–12, വി. ലൂക്കോ. 6: 26 ഇവ നോക്കുക. കഷ്ടതകളിൽക്കൂടെയല്ലാതെ സ്വയം (self) മാറിക്കിട്ടുന്നതെങ്ങനെയാണു്? പരീക്ഷയുടെ അവസരത്തിൽ സമർപ്പിക്കുന്നില്ലെങ്കിൽ, മറ്റെല്ലാ സന്ദർഭത്തിലും സമർപ്പിച്ചാലും ഫലപ്പെടുമോ? എത്ര ഭംഗിയായി രോഗിയെ ശുശ്രൂഷിച്ചാലും, അപകടം വരുമ്പോൾ തക്കതായ Injection തക്കസമയത്തുതന്നെ നൽകിയില്ലെങ്കിൽ പ്രയോജനമെന്തു്? നമ്മുടെ കർത്താവു് എല്ലാ പ്രയാസഘട്ടങ്ങളിലും പിതാവിന്റെ ബലമുള്ള കൈക്കീഴ് താണിരുന്നതുപോലെ നാമും ചെയ്യണം.

അതുകൊണ്ടു് മനുഷ്യർ എന്തു പറയുന്നു, എന്നെക്കുറിച്ചു് എന്തു ചിന്തിക്കുന്നു എന്നതിനേക്കാൾ, കർത്താവു് എന്നെക്കുറിച്ചു് എന്തു പറയുന്നു, എന്തു ചിന്തിക്കുന്നു എന്നു് ഓർത്തു നോക്കുകയും, 'പിതാവെ, ഞാൻ എന്റെ ആത്മാവിനെ തൃക്കൈകളിൽ ഭരമേല്പിക്കുന്നു' (വി. ലൂക്കോ. 23: 46) എന്നു പറഞ്ഞു് സമർപ്പിച്ചുകൊണ്ടിരിക്കയും വേണം.

2) 1 പത്രോ. 3: 13 'നിങ്ങൾ നന്മചെയ്യുന്നതിൽ ശുഷ്കാന്തിയുള്ളവരാകുന്നു എങ്കിൽ, നിങ്ങൾക്കു് ദോഷം ചെയ്യുന്നവൻ ആരു്?' വി. യോഹ. 15: 12 'ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നാകുന്നു എന്റെ കല്പന'. എവിടെ പോയാലും എന്തു ചെയ്താലും നാം മറ്റുള്ളവർക്കു നന്മ ചെയ്യുന്നുണ്ടോ എന്നാണു് ചിന്തിക്കേണ്ടതു്. ഞാൻ തന്നെ ദൈവത്തിന്റെ സമാധാനവും ദൈവത്തിലുള്ള പ്രത്യാശയും കൊണ്ടു് നിറഞ്ഞാലേ, അതു് മറ്റുള്ളവർക്കു് പകർന്നുകൊടുക്കാൻ സാധിക്കൂ.

കർത്താവു് പോയ എല്ലാ സ്ഥലത്തും താൻ ആശ്വാസവും പ്രത്യാശയും പ്രോത്സാഹനവും മാനസാന്തരവും നൽകി. അവ സ്വീകരിക്കാതെപോയവരും ഉണ്ടായിരുന്നു എന്നുള്ളതു വാസ്തവം തന്നെ. കർത്താവിന്റെ ആ വേല ഏതൊരു ഭക്തനിൽക്കൂടെയും തുടരുവാൻ കർത്താവു് ആഗ്രഹിക്കുന്നു. എല്ലാ ദിവസവും സ്വയ പരിശോധനയിൽ ഇപ്രകാരമാണൊ നാം ജീവിക്കുന്നതെന്നു് ഓർത്തുനോക്കണം.

പുസ്തകാഭിപ്രായം:

'ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും'

റവ. ഫാദർ കുറിയാക്കോസ് ഒ. ഐ. സി.

പ്രസാധനം: ബഥനി ഇംഗ്ലീഷ്സ്കൂൾ, കുന്നംകുളം
വില: രൂപാ പത്ത്
പേജുകൾ. 336

സഞ്ചാരം ചരിത്രാതീതകാലം മുതൽ മനുഷ്യൻ ഇഷ്ടപ്പെട്ടിരുന്നു. ആദിമമനുഷ്യർ അസ്ഥിരവാസികൾ ആയിരുന്നല്ലോ. സഞ്ചാരവർണ്ണനകൾ മനുഷ്യ ഭാവനയെ എന്നും ഉദ്ദീപിപ്പിച്ചിരുന്നു. പൗരാണിക സാഹിത്യകൃതികൾ ഇതിന് തെളിവാണ്. അറിയപ്പെടാത്ത തീരങ്ങളിലെ അജ്ഞാതമനുഷ്യരുടെ കഥകൾ അറിയുവാനുള്ള കൗതുകം മനുഷ്യനെ സഞ്ചാരപ്രിയനും സഞ്ചാരകഥാകുതുകിയും ആക്കി. എല്ലാ ലോകഭാഷകളിലും സഞ്ചാരസാഹിത്യത്തിനുള്ള സമുന്നതപദവിയുടെ അടിസ്ഥാനം ഇതാണ്.

ശ്രീമാൻ എസ്. കെ. പൊറ്റക്കാടിനെപ്പോലെ ചുരുക്കം ചിലർ മലയാളത്തിലെ സഞ്ചാരസാഹിത്യവിഭാഗത്തെ തങ്ങളുടെ ഉൽകൃഷ്ടകൃതികൾ കൊണ്ട് സമ്പന്നമാക്കിയിട്ടുണ്ട്. എങ്കിലും ഈ സാഹിത്യവിഭാഗം മലയാളത്തിൽ ഇനിയും പരിപുഷ്ടമാകേണ്ടതുണ്ട്. മലയാളഭാഷയിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ''വർത്തമാനപുസ്തകം'' ആണ്. ''ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും'' എന്ന ഗ്രന്ഥത്തിലൂടെ മറ്റൊരു ക്രൈസ്തവ പുരോഹിതൻ, ഫാദർ കുറിയാക്കോസ് ഒ. ഐ. സി മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന് മികച്ച സംഭാവന നൽകിയിരിക്കുകയാണ്.

ഗ്രന്ഥകർത്താവിന്റെ ഒരു പഴയ സ്വപ്നം തളിരണിഞ്ഞതിന്റെ ഫലമാണ് ഈ പുസ്തകം. 1975 മേയ് മുതൽ ഒക്ടോബർ വരെയുള്ള ആറു മാസക്കാലം ''വിദേശങ്ങളിൽ ഒരു ഓട്ട പ്രദക്ഷിണം.'' നടത്തുവാനുള്ള അവസരം ഗ്രന്ഥകർത്താവിന് ലഭിച്ചു. കുവൈററ്, പശ്ചിമ ജർമ്മനി, ഫ്രാൻസ്, ഇംഗ്ളണ്ട്, അമേരിക്കാ, ക്യാനഡാ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളാണ് ഗ്രന്ഥകർത്താവു് സന്ദർശിച്ചത്. എങ്കിലും ഒരു യാത്രാവിവരണഗ്രന്ഥം രചിക്കണമെന്ന ഉദ്ദേശ്യം ഒന്നുമില്ലാതെ യാത്രാവേളയിൽ

ഡോ. സി. വി. ചെറിയാൻ

കണ്ടതും കേട്ടതുമായ കാര്യങ്ങൾ കുറിച്ചുവയ്ക്കുവാൻ അദ്ദേഹം ഓർമ്മിച്ചു.

ഒരു സ്വപ്നം തളിരണിയുന്നു, എണ്ണപ്പാടങ്ങളുടെ നാട്ടിൽ, ലബനോന്റെ മുകളിൽ. ജർമ്മനിയിൽ, ഫ്രാൻസിലൂടെ, ഇംഗ്ളണ്ടിൽ, അമേരിക്കയിൽ, പിരമിഡുകളുടെയും ദയറാകളുടെയും നാട്ടിൽ, മടക്കയാത്ര, തിരിഞ്ഞുനോക്കുമ്പോൾ, എന്നിങ്ങനെ പത്തു അദ്ധ്യായങ്ങളാണ് ഗ്രന്ഥത്തിൽ ഉള്ളത്. അദ്ധ്യായങ്ങളുടെ പേരുകളിൽ നിന്നും പുസ്തകത്തിന്റെ ഉള്ളടക്കത്തിനുള്ള വൈവിദ്ധ്യം ഊഹിക്കാവുന്നതാണല്ലോ.

പലപ്പോഴും യാത്രാവിവരണ ഗ്രന്ഥങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ ബ്യൂറോകളിൽ നിന്നും ലഭിക്കുന്ന ഗ്രന്ഥങ്ങളിൽ നിന്നും അടർത്തിയെടുത്ത വിരസമായ സ്ഥിതിവിവരക്കണക്കുകളും, കലാശില്പങ്ങളെയും വാസ്തുവിദ്യാ സമ്പ്രദായങ്ങളെയും പററിയുള്ള മുഷിപ്പൻ വിവരണങ്ങളുമാണ് കാണുക. ഇതിൽ നിന്നും തികച്ചും വിഭിന്നമായ ഒരു ആഖ്യാനസമ്പ്രദായമാണ് പ്രകൃതഗ്രന്ഥത്തിൽ കാണുന്നത്.

യാത്രാവേളയിൽ ഗ്രന്ഥകർത്താവ് താൻ കണ്ടുമുട്ടിയ വ്യക്തികളും തനിക്കുണ്ടായ അനുഭവങ്ങളും തന്നിൽ ഉണർത്തിയ ചിന്തകൾ ഇടയ്ക്കിടെ സന്ദർഭാനുസരണം കോർത്തിണക്കിയിരിക്കുന്നത് ഗ്രന്ഥത്തെ അത്യന്തം രസകരവും പ്രയോജനപ്രദവുമാക്കാൻ സഹായിച്ചിട്ടുണ്ട്. കുവൈററിൽ മലയാളികൾ എത്തിയ സാഹചര്യവും ആധുനിക കുവൈററിന്റെ ശീഘ്രപുരോഗതിയിൽ അവർ നൽകിവരുന്ന സംഭാവനയും പ്രതിപാദിക്കുന്നതിനിടിയിൽ മലബാറിൽ കുടിയേറി മലമ്പാമ്പിനോടും മലമ്പനിയോടും മല്ലടിച്ച് അവിടെ സ്വർണ്ണം വിളയിച്ച ധീരസാഹസികരായ മദ്ധ്യതിരുവിതാംകൂർ നസ്രാണികളുടെ കഥ, ഗ്രന്ഥകാരൻ എത്ര ഔചിത്യപൂർവമാണ് പറഞ്ഞിരിക്കുന്നത്. ഇന്ത്യൻ ആയമാർ, മലയാളി മങ്കമാർ, ശുദ്ധജലം, ഇന്ത്യൻ സ്കൂൾ, പള്ളികൾ ഇങ്ങനെ എത്രയേറെ കാര്യങ്ങളാണ് കുവൈററിനെപ്പററി ഇതിൽ പറഞ്ഞിരിക്കുന്നത്. ജർമ്മനിയിലെത്തിയ മലയാളിവൈദികൻ, ജർമ്മനിയിലെ മലയാളി പെൺകുട്ടികൾ തുടങ്ങി എത്ര വൈവിദ്ധ്യമാർന്ന വിവരങ്ങൾ വായനക്കാരന് നൽകുന്നു. അമേരിക്കൻ ഐക്യനാടുകളിലും ക്യാനഡയിലും ചുരുങ്ങിയ ദിവസങ്ങൾ മാത്രം ചെലവഴിച്ച ഗ്രന്ഥകാരന് ഈ രണ്ടു രാജ്യങ്ങളെപ്പററിയും വിജ്ഞാനപ്രദങ്ങളായ ധാരാളം കാര്യങ്ങൾ വളരെ രസകരമായി പറയാൻ കഴിഞ്ഞിരിക്കുന്നു.

നൂറു പേജുകളോളം വരുന്ന ഏഴാം അദ്ധ്യായത്തിലാണ് ഗ്രന്ഥകാരനിലെ സർഗ്ഗപ്രതിഭ സമ്പൂർണ്ണമായി പ്രവർത്തന നിരതമായിരിക്കുന്നത്. ഈജിപ്ഷ്യൻ പര്യടനം അദ്ദേഹത്തിന്റെ ഒരു സ്വപ്നസാക്ഷാത്കാരവും ആയിരുന്നു. ഈജിപ്ററിനെ ''രണ്ടാം വിശുദ്ധനാട്'' എന്നു വിളിക്കുന്നതിൽ തെററില്ല എന്നു കരുതുന്ന ഗ്രന്ഥകാരൻ ബിഷോയാ ദയറാ, സുറിയാനാ ദയറാ, ബ്രമോസോ ദയറാ, മക്കാറിയോസ് ദയറാ തുടങ്ങിയ മണലാരണ്യത്തിലെ ദയറാകളുടെ സമ്പൂർണ്ണമായ വിവരണമാണ് വായനക്കാരന് പ്രദാനം ചെയ്യുന്നത്. ഈജിപ്റ്റിലെ ദയറാകളെപ്പററി പ്രതിപാദിക്കുന്ന ആദ്യത്തെ മലയാള ഗ്രന്ഥമാണ് ഇത്. ഈ ഭാഗമായിരിക്കും അനുവാചകന് ഏററവുമിഷ്ടമായിരിക്കുക എന്ന് ഗ്രന്ഥകർത്താവ് പറയുന്നുണ്ട് എങ്കിലും ഈ ഭാഗത്തിന്റെ ആകർഷകത്വം ഗ്രന്ഥത്തിൽ ആദ്യന്തം ദർശിക്കാവുന്നതാണ്.



ഉപകാരസ്മരണയ്ക്ക്

ജോർജ്ജ് തോമസ്, പൂനാ.

ഈ ഗ്രന്ഥത്തെക്കുറിച്ച് എടുത്തു പറയേണ്ട ഒരു വസ്തുത അതിൽ ഉടനീളം കാണുന്ന ആകർഷകമായ ശൈലിയാണ്. ഇതിനെ ഓജസ്സും സൗന്ദര്യവും മുററിനിൽക്കുന്ന ശൈലി എന്ന് ചുരുക്കത്തിൽ പറയട്ടെ. ഉദാഹരണമായി ഗ്രന്ഥകാരൻ പിരമിഡുകളുടെയും ദയറാകളുടെയും നാട്ടിൽ എത്തിയപ്പോൾ തന്നിൽ ഉയർന്ന ചിന്തകൾ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം ശ്രദ്ധിക്കുക. ''ഫറവോമാരുടെ നാട്ടിൽ, പിരമിഡുകളുടെയും സ്ഫിങ്ക്സിന്റെയും നാട്ടിൽ, പുരാതനക്ഷേത്രങ്ങളുടെ നാട്ടിൽ, ഗോത്രപിതാക്കന്മാരുടെ കാല്പാടുകൾ പതിഞ്ഞ നാട്ടിൽ, വിമോചനകയായ മോശയുടെ ശബ്ദം മുഴങ്ങിയ നാട്ടിൽ...........ഞാൻ എത്തിച്ചേർന്നിരിക്കുന്നു..... വിശ്വജേതവായ അലക്സാണ്ടറിന്റെ പടക്കുതിരകളുടെ കുളമ്പടി ശബ്ദം എന്റെ കാതുകളിലൊഴുകി വന്നു. സീസറിനെയും മാർക്കാൻറണിയേയും തന്റെ സൗന്ദര്യപ്പുകിട്ടിൽ മയക്കിയെടുത്ത വിശ്വസുന്ദരിയായ ക്ലിയോപ്പാട്രായുടെ നാടാണിത്,''

ആകെക്കൂടി അത്യുകർഷമായ ഈ ഗ്രന്ഥം മലയാളഭാഷയിലെ സഞ്ചാര സാഹിത്യത്തിനു ഒരു മുതൽക്കൂട്ടാണ്.

ഈ പുസ്തകത്തിന്റെ വില്പനയിൽ നിന്നും കിട്ടുന്ന അററാദായം കുന്നംകുളം ബഥനി ഇംഗ്ലീഷ് സ്കൂൾ കെട്ടിട നിർമ്മാണത്തിനു വേണ്ടി വിനിയോഗിക്കുന്നതാണെന്ന് ഗ്രന്ഥകാരൻ ആമുഖ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത്, സാഹിത്യസേവനം പോലെതന്നെ വിദ്യാഭ്യാസപ്രവർത്തനത്തിലും അദ്ദേഹത്തിനുള്ള താല്പര്യമാണ് കാണിക്കുന്നത്.

—0—

ഇപ്രകാരം ജീവിക്കുന്നതിനായി ആ ദിവസത്തെ പ്ളാൻ ചെയ്യണം. ഇപ്രകാരം ജീവിക്കുന്നതിനായി സമർപ്പിച്ചുകൊണ്ട് ദിവസം ആരംഭിക്കണം. ആ സമർപ്പണത്തിൽതന്നെ തുടരുകയും വേണം. എല്ലാ ദിവസവും ഇപ്രകാരം ചെയ്യുക. 'അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും' (വി. മർക്കോ. 13: 13).

'ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു' (1 കൊരി. 15: 10) എന്ന് പൗലോസ്ശ്ളീഹാ പറഞ്ഞതുപോലെ നമുക്കും പറയാൻ ഇടയാകത്തക്കവണ്ണം ദൈവകൃപ നമ്മോടുകൂടെയുണ്ട്. ദൈവത്തിനു തോൽവിയില്ല. നാം നിരാശപ്പെടാതിരുന്നാൽ മതി, വിശ്വാസത്തിൽ ഉറയ്ക്കണം, വിശ്വാസത്തിനായി പ്രാർത്ഥിക്കണം.

—0—

B. M. C. FUND
(ബസ്സേലിയോസ് മാർത്തോമ്മാ ചാരിററീസ് ഫണ്ട്)

'എൻെറ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു് നിങ്ങൾ ചെയ്യടത്തോളം എല്ലാം എനിക്ക ചെയ്യ എന്ന ഞാൻ സത്യമായിട്ട് നിങ്ങളോട പറയുന്നു' എന്നുള്ള കർത്തൃവാക്യത്തെ അനുസ്മരിച്ചുകൊണ്ടു് അനാഥരുടെയും ആലംബഹീനരുടെയും ആശ്വാസത്തിനുവേണ്ടി മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് സ്ഥാപിച്ചിട്ടുള്ളതാണു് ബസ്സേലിയോസ് മാർത്തോമ്മാ ചാരിററീസ് ഫണ്ടു്.

വെള്ളപ്പൊക്കം, ഭൂകമ്പം, പകർച്ചവ്യാധികൾ മുതലായവ മൂലം കഷ്ടപ്പെടുന്നവർക്കും, വിദഗ്ദ്ധ വൈദ്യസഹായം തേടുന്നതിനു് ബുദ്ധിമുട്ടുന്ന രോഗികൾക്കും, ഉപജീവനമാർഗ്ഗം കണ്ടുപിടിക്കുന്നതിനു് പ്രയാസപ്പെടുന്ന അംഗഹീനരായവർക്കും, നിർദ്ധനരായ മാതാപിതാക്കളുടെ പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കു് വിദ്യാഭ്യാസാവശ്യത്തിനു് പണം ചെലവിടുന്നതിനും, സഭയ്ക്കുവേണ്ടി ത്യാഗം അനുഷ്ഠിച്ചതുമൂലം ക്ലേശം അനുഭവിക്കുവാൻ ഇടയായിട്ടുള്ളവർക്കും, പുത്രിമാരുടെ വിവാഹത്തിനു് പണമില്ലാതെ വിഷമിക്കുന്ന നിർദ്ധനരായ മാതാപിതാക്കൾക്കും ഈ നിധിയിൽനിന്നു് സഹായം നല്കുന്നതിനുദ്ദേശിക്കുന്നുണ്ടു്.

ഈ ഫണ്ടിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിനു് പ. ബാവാ തിരുമേനിയെ സഹായിക്കുന്നതിനു് വെരി. റവ. ഡോക്ടർ എൻ. ജെ. തോമസ് റമ്പാൻ, റവ. ഫാദർ കെ. സി. ജോർജ്ജ്, റവ. ഫാദർ കെ. വി. ഗീവറുഗീസ്, മിസ്റ്റർ പി. സി. ഏബ്രഹാം, മിസ്റ്റർ ഒ. ഏ. മാത്യു എന്നിവരുൾപ്പെടുന്ന ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ടു്. ദേവലോകം അരമന മാനേജർ ഫാ കെ. വി. ഗീവറുഗീസ് ഈ കമ്മററിയുടെ കൺവീനറാണു്.

വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമുള്ള സംഭാവനകളാണു് ഈ പ്രവർത്തനത്തിനു് മൂലധനമായിട്ടുള്ളതു്. ആരുടെയെങ്കിലും സ്മരണ നിലനിർത്തുന്നതിനുവേണ്ടി ഏർപ്പെടുത്തുന്ന 'സ്മാരക ഫണ്ടു്' അതു് ഏർപ്പെടുത്തുന്നവരുടെ അഭിലാഷങ്ങൾക്കനുസൃതമായി വിനിയോഗിക്കപ്പെടുന്നതാണു്.

ദൈവംതമ്പുരാൻ നൽകിയിട്ടുള്ളതും നാം അനുഭവിക്കുന്നതുമായ സൗഭാഗ്യത്തെ സ്മരിച്ചുകൊണ്ടു് അതിൻെറ കൃതജ്ഞതയെ പ്രതിഫലിപ്പിക്കത്തക്കവണ്ണം എല്ലാവരും അവശതയനുഭവിക്കുന്ന എളിയ സഹോദരങ്ങളെ സഹായിക്കുന്നതിനുള്ള ഈ സംരംഭത്തിനു് ഉദാരമായ സംഭാവനകൾ നൽകി സഹകരിക്കുമെന്നു് പ്രതീക്ഷിക്കുന്നു. സംഭാവനകൾ 'H. H. Baselius Mar Thoma Mathews I, B. M. C. Fund, Catholicate Aramana, Kottayam–4' എന്ന പേരിൽ അയച്ചുകൊടുക്കേണ്ടതാണു്.

(ഫാ. കെ. വി. ഗീവർഗീസ്)

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



മറിയാമ്മ, ബോംബെ



Shubu Mole & Shajimon, New York.

മലങ്കരസഭാ മാനേജിങ്ങ് കമ്മററി

ആർച്ചുബിഷോപ്പ് മക്കാറിയോസിൻെറ നിര്യാണത്തിൽ അനുശോചനം; രണ്ടു കോടി നാല്പത്തിഎണ്ണായിരം രൂപായുടെ ബജററു്; കോലഞ്ചേരി മെഡിക്കൽമിഷ്യൻ ആസ്പത്രിയിലേക്കും തിരുവനന്തപുരം ബസേലിയോസ് ബിൽഡിംഗ് കമ്മററിയിലേക്കുമുള്ള മെമ്പറന്മാരുടെ തെരഞ്ഞെടുപ്പ്; പരുമല സെമിനാരി കണക്കുകൾ എപ്പിസ്കോപ്പൽ സുന്നഹദോസിൽ:

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മററിയുടെ ഒരു യോഗം 1977 ആഗസ്റ്റ് 26–ാം തീയതി കോട്ടയം പഴയ സെമിനാരിയിൽ കൂടി. പ. കാതോലിക്കാബാവാതിരുമേനി ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ദാനിയേൽ മാർ പീലക്സീനോസ്, മാർ തേയോഫീലോസ്, മാർ തീമോത്തിയോസ്, മാർ ഒസ്താത്തിയോസ്, മാർ ഗ്രീഗോറിയോസ്, മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും 72 മെമ്പറന്മാരും, ഭദ്രാസന സെക്രട്ടറിമാരും, മററും സംബന്ധിച്ചിരുന്നു. പ്രാർത്ഥനാനന്തരം സെക്രട്ടറി മി. പി. സി. ഏബ്രഹാം നോട്ടീസ് കല്പന വായിച്ചതിനെ തുടർന്നു് പ. ബാവാ തിരുമേനി അദ്ധ്യക്ഷപ്രസംഗം നടത്തി. ആദ്യമായി സൈപ്രസ് പ്രസിഡണ്ടു് ആർച്ചു ബിഷോപ്പ് മക്കാറിയോസ്, വടക്കേത്തലയ്ക്കൽ സ്ക്കറിയാ കത്തനാർ, മററമന ഗീവറുഗീസ് കത്തനാർ, അഡ്വക്കേററു് പി. ററി. വറുഗീസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

മുൻ മാനേജിംഗ്കമ്മററിയോഗമിനിററ്സ് യോഗം പാസ്സാക്കി. അതിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടും 1977–ൽ 10–8–77 വരെ ലഭിച്ച കാതോലിക്കാദിന പിരിവിൻെറയും മാവേലിക്കരെ കൂടിയ മലങ്കര അസ്സോസ്യേഷൻെറയും കണക്കുകളും ടി അസ്സോസ്യേഷൻ യോഗത്തിൻെറ മിനിട്ട്സും സെക്രട്ടറി യോഗത്തിൽ വായിച്ചു് അവതരിപ്പിച്ചു.

1977–78–ലെ സമുദായ വരവുചെലവുകളുടെ ബജററു് സെക്രട്ടറി മി. പി. സി. ഏബ്രഹാം അവതരിപ്പിച്ചു. (പ്രസ്തുത ബജററു് കഴിഞ്ഞ ലക്കം മലങ്കരസഭാമാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു). ബജററു സമർപ്പിച്ചുകൊണ്ടുള്ള സെക്രട്ടറിയുടെ പ്രസംഗം ഡെ. സെക്രട്ടറി മി. ഒ. ഏ. മാത്യു വായിച്ചതിനെ തുടർന്നു് ബജററു സംബന്ധിച്ച ചർച്ചകൾ നടന്നു. പരുമല മാർ ഗ്രീഗോറിയോസ് ആസ്പത്രിയുടെ കണക്കു് സി. ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതു് മാനേജിംഗ് കമ്മററിയെ നേരിട്ടു ബോദ്ധ്യപ്പെടുത്തുന്ന കണക്കുകൾ ഉള്ള സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയുള്ള ഏ. ഷെഡ്യൂളിൽ ആക്കണമെന്നു് അത്മായ ട്രസ്റ്റി കുര്യൻ ഏബ്രഹാം അഭിപ്രായപ്പെട്ടു. ശ്രീ. കെ. എം. മാത്യു ആ അഭിപ്രായത്തെ പിൻതാങ്ങി.

ഇതുസംബന്ധിച്ചു് നിരണം ഭദ്രാസനാധിപൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നൽകിയ വിശദീകരണത്തിൽ പരുമല സെമിനാരി കണക്കുകൾ സംബന്ധിച്ചു് വളരെ കാലമായി നടന്നുവരുന്ന ചർച്ചകൾക്കു് ഒരു തീരുമാനം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണെന്നും പ. പരുമല തിരുമേനി കാലംചെയ്തതിൻെറ 75 വർഷം തികയുന്ന ഈ ഗ്ഗാററിനും ജൂബിലി വർഷത്തിൽ കൂടുന്ന ഇന്നത്തെ മാനേജിംഗ്കമ്മററി ആ തീരുമാനം ചെയ്യുന്നതു് ഉചിതമായിരിക്കുമെന്നും പരുമല നിരണം ഭദ്രാസനത്തിൻെറ മാത്രമാണെന്നുള്ള തൻെറ മുൻഗാമി തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നിലപാടു് അല്ല താൻ സ്വീകരിച്ചിരിക്കുന്നതെന്നും പരുമല സെമിനാരിക്കു് സമുദായം മുഴുക്കു് അവകാശമുണ്ടെന്നും അവിടുത്തെ കണക്കുകൾ ശരിയായി എഴുതി സൂക്ഷിക്കുകയും ഓരോ വർഷവും ചാർട്ടർഡ് അക്കൗണ്ടൻറിനെക്കൊണ്ടു് ഓഡിററു ചെയ്യിച്ചു് അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നും എന്നാൽ ആ കണക്കുകൾ പരുമല സെമിനാരിയുടെ ചരിത്രത്തിൽ ഇതേവരെ മാനേജിംഗ്കമ്മററിക്കു് സമർപ്പിച്ചിട്ടില്ലെന്നും മേലാൽ അതു് സുന്നഹദോസിനു് സമർപ്പിച്ചു് സുന്നഹദോസിൻെറ അംഗീകാരത്തോടുകൂടി അവിടുത്തെ പ്രവർത്തനങ്ങളും വരവു ചെലവു കണക്കുകളും കൈകാര്യം ചെയ്യുകയാണു വേണ്ടതെന്നും അങ്ങനെ സുന്നഹദോസിനെ നേരിട്ടു ബോദ്ധ്യപ്പെടുത്തുന്ന കണക്കുകളുള്ള ബി. ഷെഡ്യൂളിൽ പരുമല കണക്കുകൾ വരുത്തുകയാണു വേണ്ടതെന്നും അഭിപ്രായപ്പെട്ടു.



ബാഹ്യകേരളയിടവകകളിലെ ആരാധനാഭാഷയെപ്പററി ചില നിർദ്ദേശങ്ങൾ റവ. ഡോ. എൻ. ജെ. തോമസ് റമ്പാൻ മലങ്കരസഭയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതിനെപ്പററി സഭാനേതൃത്വവും ബാഹ്യകേരള ഭദ്രാസനാധിപന്മാരും ഗൗരവപൂർവം ചിന്തിച്ച് വേണ്ടതു പ്രവർത്തിക്കുമെന്നു പ്രത്യാശിക്കുന്നു. നമ്മുടെ വി. കർബാനയും മററും ഇംഗ്ലീഷിലും മററ് ഇൻഡ്യൻ ഭാഷകളിലും നടത്തുവാൻ ക്രമീകരിക്കുന്നതിനോടൊപ്പം തന്നെ മറുനാടുകളിൽ ജനിച്ചുവളർന്നു് വിദ്യാഭ്യാസം നടത്തേണ്ടിവരുന്ന നമ്മുടെ സഭയിൽപെട്ട കുട്ടികളെ, സഭയുമായി ഏതുവിധം ബന്ധപ്പെടുത്താം എന്നുകൂടി ചിന്തിക്കുന്നതു കൊള്ളാം. നാട്ടിലേപ്പോലെ സൺഡേസ്കൂളുകളിലും മററ് ആത്മീയ സംഘടനകളിലും ചേർന്നു് സഭാകാര്യങ്ങൾ പഠിക്കുന്നതിനും വിശ്വാസത്തിൽ സ്ഥിരപ്പെടുന്നതിനുമുള്ള സാഹചര്യങ്ങൾ ബാഹ്യകേരളത്തിലെ കുട്ടികൾക്ക് വളരെ വിരളമാണ്.

വി. കർബാനയും മററും ഇംഗ്ലീഷിൽ നടത്തുന്നതുകൊണ്ടു മാത്രം അങ്ങനെയുള്ളവരെ സഭാബന്ധത്തിൽ നിലനിർത്തുവാൻ പ്രയാസമായിരിക്കും. അതുകൊണ്ട് നമ്മുടെ മറുനാടൻ കുഞ്ഞുങ്ങളെ ചെറുപ്പത്തിൽതന്നെ സഭയെപററിയും, വിശ്വാസനൈർമ്മല്യത്തെപ്പററിയും തികച്ചും ബോധവാന്മാരാക്കുവാൻ തക്കവണ്ണം, ഓരോ പ്രായപരിധിക്കനുസരണമായി പാഠപദ്ധതികൾ ക്രമീകരിച്ച് ഇംഗ്ലീഷിലും ആവശ്യമെങ്കിൽ മററ് ഇൻഡ്യൻ ഭാഷകളിലും പ്രസിദ്ധീകരിക്കുകയും, അവ ബാഹ്യകേരള ഇടവകകൾ വഴിയായും അവിടവിടങ്ങളിൽ പ്രവർത്തിക്കുന്ന നമ്മുടെ ബഹു. പട്ടക്കാർ വഴിയായും ചിതറി പാർക്കുന്ന നമ്മുടെ ഓരോ കുടുംബങ്ങളിലും എത്തിച്ചുകൊടുക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ആയതിലേക്കു വേണ്ട സാമ്പത്തിക സഹായങ്ങൾ കഴിവുള്ള ബാഹ്യകേരളഇടവകകൾ വഹിക്കുന്നതു കൊള്ളാം. ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങൾ വായിച്ചു പഠിക്കുന്നതിനു് അവരെ പ്രോത്സാഹിപ്പിക്കേണ്ടതും, വേണ്ട സംശയനിവാരണം ചെയ്തുകൊടുക്കേണ്ടതും മാതാപിതാക്കളുടെ കടമയത്രെ.

നാട്ടിൽ സഭാന്തരീക്ഷത്തിൽ വളരുകയും, സഭയെപ്പററിയും, വിശ്വാസത്തെപ്പററിയും അറിയുകയും പഠിക്കുകയും ചെയ്ത ശേഷം ഉദ്യോഗാർത്ഥവും മററും അന്യനാട്ടിൽ താമസമാക്കിയിട്ടുള്ള നമ്മുടെ ആളുകളെ, കക്ഷത്തിൽ വേദപുസ്തകവും ഏന്തി കാണുന്നവരോടെല്ലാം 'Praise the Lord' ഉം പറഞ്ഞു് വിദേശ പണസഹായത്തിന്റെ ധാടിമോടികളിൽ 'മിഷ്യനറീസ്' എന്ന ഒരു കൂട്ടർ വീടുകയറി റാഞ്ചിക്കൊണ്ടുപോയി അവരുടെ 'കൂട്ടായ്മകളിൽ' ചേർക്കുമ്പോൾ, ഇവയൊന്നും അറിയാതെ വളരുവാൻ ഇടയാകുന്ന നമ്മുടെ മറുനാടൻ ഭാവി തലമുറയെപ്പററി നാം എത്രമാത്രം കരുതലോടെ ചിന്തിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സങ്കീർണ്ണങ്ങളായ ആന്തരീക പ്രശ്നങ്ങൾ നമുക്കു പലതുണ്ടെങ്കിലും ഈ വക കാര്യങ്ങളിൽ സഭാനേതൃത്വം അനാസ്ഥരാകയില്ല എന്നു പ്രത്യാശിക്കുന്നു.

പി. വി. ബന്നി, ഷില്ലോംഗ്

[കഴിഞ്ഞലക്കം മാസികയിൽ ബാഹ്യകേരളത്തിലെ ആരാധനാഭാഷയെ സംബന്ധിച്ച് വായനക്കാർ എഴുതുന്നു എന്ന പംക്തിയിൽ എഴുതിയിരുന്നതു് ആഹമ്മദ്ബാദിൽനിന്നു് മി. മത്തായി മാമ്പള്ളിൽ ആണു്. കഴിഞ്ഞലക്കത്തിൽ പേരു ചേർക്കാൻ വിട്ടുപോയതിൽ ഖേദിക്കുന്നു.—പത്രാധിപർ.]

ഈ അഭിപ്രായത്തെ അഡ്വോക്കേററ് മി. എം. ഏബ്രഹാം പിൻതാങ്ങി. ചർച്ചകൾക്കു ശേഷം മേലാൽ പരുമല സെമിനാരി കണക്കുകൾ സുന്നഹദോസിൽ സമർപ്പിക്കേണ്ടതാണെന്നും അതു് ബി. ഷെഡ്യൂളിൽ ഉൾപ്പെടുത്തി സമുദായ വരവു ചെലവുകളുടെ കണക്കുകളോടുകൂടി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മാനേജിംഗ്കമ്മററി നിശ്ചയിച്ചു.

തിരുവനന്തപുരം മാർ ബസ്സേലിയോസ് കെട്ടിടം സംബന്ധിച്ച് വാടക പിരിക്കുന്നതിനും മററുമുള്ള കമ്മററിയിലേക്ക് മാനേജിംഗ് കമ്മററിയിൽ നിന്നു് അസ്സോ. സെക്രട്ടറി മി പി. സി. ഏബ്രഹാമിനെയും റിട്ട. ജഡ്ജി മി. കെ കോരുതിനെയും തെരഞ്ഞെടുത്തു.

കോലഞ്ചേരി മെഡിക്കൽ മിഷ്യൻ ഹോസ്പിററലിന്റെ ഗവർണിംഗ് ബോർഡിലേക്ക് ഫാ. ജേക്കബ് മണ്ണാറപ്രായിൽ, ശ്രീ. ജേക്കബ് തോമസ് എന്നിവരെ കമ്മററി നോമിനേററു ചെയ്തു.

മാനേജിംഗ് കമ്മററിയുടെ അടുത്ത യോഗം 1977 ഡിസംബറിലോ 1978 ജനുവരിയിലോ നടത്തണമെന്നു് യോഗം അഭിപ്രായപ്പെട്ടു. ഉപസംഹാരം, പ്രാർത്ഥന എന്നിവയ്ക്കു ശേഷം നാലര മണിക്ക് യോഗം അവസാനിച്ചു.

സണ്ടേസ്കൂൾ അറിയിപ്പുകൾ

സി. വി. ജോർജജ് കോറെപ്പിസ്ക്കോപ്പാ, ഡയറക്ടർ ജനറൽ

വാർഷിക പരീക്ഷ

ഈ വർഷം ഓർത്തഡോക്സ് സിറിയൻ സണ്ടേസ്കൂൾ അസ്സോസ്യേഷനിലെ ഒന്നും മൂന്നും ക്ലാസ്സുകളിലെയും 5 മുതൽ 9 വരെ ക്ലാസ്സുകളിലെ ഫസ്റ്റ് പേപ്പറിന്റെയും പരീക്ഷകൾ നവംബർ 20–ാം തീയതി ഞായറാഴ്ചയും, രണ്ടും നാലും ക്ലാസ്സുകളിലെയും 5മുതൽ 9 വരെ ക്ലാസ്സുകളിലെ സെക്കൻറ് പേപ്പറിന്റെയും പരീക്ഷകൾ നവംബർ 27–ാം തീയതി ഞായറാഴ്ചയും ഉച്ച കഴിഞ്ഞു് 2 മുതൽ 4 മണി വരെ നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

9–ാം ക്ലാസ്സിൽ ഈ വർഷം മലങ്കര സഭാചരിത്രം എന്ന പുസ്തകത്തിന്റെ മുഴുവൻ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

മററു ക്ലാസ്സുകളിലെപ്പോലെ 10–ാം ക്ലാസ്സിലും രണ്ടു പേപ്പർ ഉണ്ടായിരിക്കും. ഇതു് മുൻ പതിവിനെ അല്പം വ്യത്യാസപ്പെടുത്തി 20–8–77–ൽ ചേർന്ന എക്സിക്കൂട്ടീവു കമ്മററി തീരുമാനിച്ചതനുസരിച്ചാണ്. സെക്കൻറ് പേപ്പറിൽ ഉപപാഠപുസ്തകങ്ങളായ പരുമല തിരുമേനിയുടെ ചരിത്രം, കാതോലിക്കാ സിംഹാസന ചരിത്രം പാർട്ട് I എന്നിവയിൽ നിന്നായിരിക്കും ചോദ്യങ്ങൾ. വാർഷിക പരീക്ഷയുടെയും മത്സര പരീക്ഷയുടെയും ചോദ്യക്കടലാസ്സുകൾ കേന്ദ്രത്തിൽനിന്നു് നവംബർ 5–ാം തീയതിക്കു മുമ്പ് ഡയറക്ടന്മാരെ ഏല്പിക്കുന്നതായിരിക്കും. അവ ഡയറക്ടറന്മാരിൽനിന്നു് ഇൻസ്പെക്ടറന്മാരും ഇൻസ്പെക്ടറന്മാരിൽനിന്നു് ഹെഡ്മാസ്റ്ററന്മാരും യഥാവസരം ഏററു വാങ്ങേണ്ടതാണ്. 1 മുതൽ 9 വരെ ക്ലാസ്സുകളിലെ വിജയികൾക്ക് ഹെഡ്മാസ്റ്ററന്മാർ ക്ലാസ്സുകയററം കൊടുക്കണം. 50 ശതമാനം ഹാജരും 30 ശതമാനം മാർക്കും ലഭിക്കുന്ന കുട്ടികളെ വിജയികളായി പരിഗണിക്കേണ്ടതാണ്.

മത്സരപരീക്ഷ

5 മുതൽ 9 വരെ ക്ലാസ്സുകളിലെയും 10–ാം ക്ലാസ്സിലെയും മത്സര പരീക്ഷകൾ ഇൻസ്പെക്ടറന്മാർ ഓരോ സെൻററിൽവച്ചു നടത്തണം. 1978 ജനുവരി 1–ാം തീയതി ഞായറാഴ്ച രാവിലെ 11 മുതൽ 1 മണി വരെ 10–ാം ക്ലാസ്സിലെ ഫസ്റ്റ് പേപ്പറും; 2 മണി മുതൽ 4 വരെ 5 മുതൽ 9 വരെ ക്ലാസ്സുകളിലെ മത്സരപരീക്ഷകളും 10–ാം ക്ലാസ്സിന്റെ സെക്കൻറ് പേപ്പർ പരീക്ഷയും നടത്തണം.

10–ാം ക്ലാസ്സിൽ ചേർന്നു പഠിക്കാത്തവർക്ക് ഹെഡ്മാസ്ററർമാരുടെ അനുമതിയോടുകൂടി പ്രൈവററായി പരീക്ഷയിൽ ചേരാവുന്നതാകുന്നു. അങ്ങനെ ചേർന്നു പാസ്സാകുന്നവർക്ക് എസ്. എസ്. എഫ്. സി. സർട്ടിഫിക്കററ് കൊടുക്കുന്നതായിരിക്കും. അവർക്ക് സമ്മാനത്തിനു് അർഹതയില്ല. പ്രൈവററായി ചേരുന്നവർ ആ വിവരം ഉത്തരക്കടലാസ്സിൽ പ്രത്യേകം കാണിച്ചിരിക്കണം.

10–ാം ക്ലാസ്സ് പാസ്സാകുന്ന കുട്ടികൾക്ക് സഭവക സ്ഥാപനങ്ങളിൽ അഡ്മിഷനും നിയമനത്തിനും 5 മുതൽ 10 വരെ മാർക്കുകളുടെ വെയിറേറജ് നല്കുവാൻ പരിശുദ്ധ സുന്നഹദോസ് അനുവദിച്ചിട്ടുണ്ട്.

സഹപാഠ്യമത്സരങ്ങൾ

സ്കൂളുകളിൽ ഡിസംബർ 4–ാം തീയതി ഞായറാഴ്ചയും, ഡിസ്ട്രിക്ടുകളിൽ ഡിസംബർ 18–ാം തീയതി ഞായറാഴ്ചയും, ഭദ്രാസനങ്ങളിൽ 1978 ജനുവരി 14–ാം തീയതി ശനിയാഴ്ചയും സഹപാഠ്യമത്സരങ്ങൾ നടത്തണം. നോർത്തു് സോണിലെ മത്സരങ്ങൾ എറണാകുളം സെൻറ് മേരീസ് പള്ളിയിൽ വച്ചും, സൗത്തു് സോണിലെ മത്സരങ്ങൾ തിരുവല്ലാ എം. ജി. എം. ഹൈസ്കൂളിൽവച്ചും നടത്തപ്പെടുന്നതാണ്. സോണുകളിൽ 1978 ഫെബ്രുവരി 11ാം തീയതി ശനിയാഴ്ച രാവിലെ 11 മണി മുതൽ ആയിരിക്കും മത്സരങ്ങൾ നടത്തുന്നതു്.

സ്കോളർഷിപ്പു്

കോളജുകളിൽ പഠിക്കുന്നവരും സമർത്ഥരും ധനപരമായി സഹായമർഹിക്കുന്നവരുമായ സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടി ദിവംഗതനായ വെരി. റവ. കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പാ സ്മാരകമായി ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെൻറ് ഫണ്ടിന്റെ പലിശയിൽനിന്നുള്ള സ്കോളർഷിപ്പിനു് സഹായം അർഹിക്കുന്ന സണ്ടേസ്കൂൾ വിദ്യാർത്ഥികളുടെ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അപേക്ഷാഫാറത്തിനു് 25 പൈസ സ്റ്റാമ്പു സഹിതം ഡയറക്ടർ ജനറൽ, സണ്ടേസ്കൂൾ കേന്ദ്രാഫീസ്, ദേവലോകം, കോട്ടയം–686004 എന്ന വിലാസത്തിൽ എഴുതുക. നവംബർ 30–നു മുമ്പ് അപേക്ഷകൾ പൂരിപ്പിച്ച് ഡയറക്ടർ ജനറലിനു് ലഭിക്കത്തക്കവണ്ണം അയയ്ക്കണം.

വാർത്തകളും കുറിപ്പുകളും

പരുമല തീർത്ഥയാത്ര

തുമ്പമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരുമല തീർത്ഥയാത്ര ഈ വർഷം പൂർവ്വാധികം ഭംഗിയായി നടത്തുന്നതിനു് തീർത്ഥാടകസംഘം ഓഫീസിൽ സമ്മേളിച്ച ആദ്ധ്യാത്മിക സംഘടനകളുടെ പ്രതിനിധി സമ്മേളനം തീരുമാനിച്ചിരിക്കുന്നു. കൈപ്പട്ടൂർ പള്ളി കേന്ദ്രമാക്കി തീർത്ഥാടനം സംഘടിപ്പിക്കുന്നതാണു്. ഇതിലേക്കു് ഇടവക മെത്രാപ്പോലീത്താ ദാനിയേൽ മാർ പീലക്സീനോസ് തിരുമനസ്സിലെ രക്ഷാധികാരത്തിൽ വിവിധ കമ്മററികളെ നിശ്ചയിച്ചു. കമ്മററി പ്രസിഡണ്ടായി ഫാ. പി. ജി. ഗീവർഗീസും, ജനറൽ കൺവീനറായി മി. സി. ജോർജ്ജും സെക്രട്ടറിയായി മി. എം. ജി. റോയിയും തെരഞ്ഞെടുക്കപ്പെട്ടു.

ഒക്ടോബർ 31–ാം തീയതി രാവിലെ വി. കർബാനയ്ക്കുശേഷം തീർത്ഥാടനം കൈപ്പട്ടൂർ പള്ളിയിൽനിന്നു ആരംഭിക്കുന്നതും തുമ്പമൺ, കുളനട, മുളക്കുഴ വഴി പുത്തൻകാവു പള്ളിയിൽ എത്തി രാത്രി കഴിച്ചുകൂട്ടുന്നതുമായിരിക്കും. നവമ്പർ ഒന്നാം തീയതി രാവിലെ പുത്തൻകാവിൽനിന്നു് ചെങ്ങന്നൂർ, പേരിശേരി, ഉമയാററുകര, തിരുമൂലപുരം, തിരുവല്ലാ, പുളിക്കീഴ് മുതലായ സ്ഥലങ്ങളിൽകൂടി നിരണം വലിയപള്ളിയിൽ എത്തും. അവിടെ സന്ധ്യാപ്രാർത്ഥനയും ഭക്ഷണവും കഴിച്ച ശേഷം കത്തിച്ച മെഴുകുതിരികളുമേന്തി പരുമല കബറിങ്കലേക്കു യാത്രയാകുന്നതുമാണു്. രാത്രി തീർത്ഥാടകഗായകസംഘം കബറുങ്കൽ ഭക്തിഗാനങ്ങൾ ആലപിക്കുന്നതും, 2–ാം തീയതി വി. കർബാനയ്ക്കുശേഷം തീർത്ഥാടകർ തിരിച്ചുപോരുന്നതുമായിരിക്കും.

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു്



J. P. T.



സണ്ണി



ഒരു വിശ്വാസി, തെള്ളിയൂർ.



ആനി തോമ്മസ് മൈസൂർ.

ബിബ്ളിക്കൻ ഡയറി

അനുദിനധ്യാനത്തിനു് അനുയോജ്യമായിത്തീരത്തക്കവണ്ണം വടവാതൂർ സെമിനാരിയിൽനിന്നു് നവംബറിൽ പ്രസിദ്ധപ്പെടുത്തുന്ന ഡയറിയിൽ വേദപുസ്തകത്തിലെ ഓരോ വ്യക്തിയുടെ പേരും ഭൂതം പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും സ്ഥലങ്ങളുമായി പരിചയപ്പെടുന്നതിനുള്ള ചിത്രങ്ങളും, ബൈബിൾ സംബന്ധിച്ച പ്രധാനപ്പെട്ട മററു വിവരങ്ങളും ഉണ്ടായിരിക്കും. ഡയറിക്കു് 3 രൂപാ 65 സ. വില. പോസ്റ്റേജ് പുറമെ. കൂടുതൽ വിവരങ്ങൾക്കു്

എഴുതുക: Fr. Paul Maroky,
P. B. No. 1, Vadavathoor
Kottayam–686010.

അദ്ധ്യാപകയോഗം

വടകര ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപകയോഗം കഴിക്കോട്ടുകുന്നു് മാർ ബസ്സേലിയോസ് സണ്ടേസ്കൂൾ കെട്ടിടത്തിൽവച്ചു് ചെറുകുന്നേൽ റവ. ഫാ. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടി. മെസ്സേഴ്സ് സി.പി. ജോർജ്ജ്, എം. വി. ജോർജ്ജ് എന്നിവർ ക്ലാസ്സെടുത്തു. ശ്രീ. കെ. എം. ബേബി (ക്രിസ്തുവിന്റെ രാഷ്ട്രം) എന്ന വിഷയത്തെക്കുറിച്ചു് ഉപന്യാസം വായിച്ചു. തുടർന്നു് ചർച്ചകൾ നടത്തി. പത്തര മണിക്കു് ആരംഭിച്ച യോഗം ഉച്ച കഴിഞ്ഞു് നാലു മണിയോടുകൂടി പ്രാർത്ഥനയ്ക്കു ശേഷം അവസാനിച്ചു. അടുത്ത യോഗം കുത്താട്ടുകുളം എം. ജി. എം. സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനു തീരുമാനിച്ചു.

അങ്കമാലി കാതോലിക്കേററ് സെൻററിനെ വിജയിപ്പിക്കുക

പ. കാതോലിക്കാ ബാവാ തിരുമേനി

അങ്കമാലിയിലും പരിസരപ്രദേശങ്ങളിലുമുള്ള നമ്മുടെ ആളുകളുടെ ആത്മീയ ആവശ്യങ്ങൾക്കും മററുമായി ഒരു കാതോലിക്കേററു് സെൻറർ പണിയുന്നതിലേക്കായി അങ്കമാലി റെയിൽവേ സ്റ്റേഷനു സമീപം നാഷനൽ ഹൈവേയോടു ചേർന്നു് 30 സെൻറു സ്ഥലം 31000 രൂപയ്ക്കു് കാതോലിക്കാ സിംഹാസനത്തിലേക്കു വാങ്ങിയിട്ടുണ്ടു്. ഈ തുകയുടെ മുഖ്യപങ്കും ഈ കഴിഞ്ഞ മാവേലിക്കര അസോസ്യേഷനിൽ വച്ചു് സഭാസ്നേഹികൾ വാഗ്ദാനം ചെയ്തനുസരിച്ചു് ലഭിച്ചിട്ടുള്ളതാണു്. സഭാവിശ്വാസികൾ ഒരുമിച്ചു കൂടി സഭാകാര്യങ്ങളെക്കുറിച്ചും മററും പഠനം നടത്തുവാനും ആരാധനയിൽ പങ്കെടുക്കുവാനും ഉപയോഗപ്പെടത്തക്കവണ്ണം ഒരു കാതോലിക്കേററു് സെൻറർ വടക്കു് നമ്മുടെ പുരാതന കേന്ദ്രമായ അങ്കമാലിയിൽ ഉണ്ടാകുന്നതിനു് ഏതാണ്ടു് രണ്ടു ലക്ഷത്തോളം രൂപാ ചെലവു വരും. അവിടെയുള്ള സഭാംഗങ്ങൾ ആവതു് ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കയാണു്. എന്നാൽ അവരേക്കൊണ്ടു് ഈ തുക മുഴുവൻ ശേഖരിച്ചു് കാതോലിക്കേററു് സെൻററിന്റെ പണി പൂർത്തിയാക്കുന്നതിനു് സാധിക്കാതെയാണിരിക്കുന്നതു്. ആകയാൽ ഉദാരമതികളും സന്മനസ്സുള്ളവരുമായ സഭാമക്കളുടെ കൈ തുറന്ന സഹായവും ആത്മാർത്ഥമായ സഹകരണവും അവർക്കു് ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ നല്ല കാര്യത്തിനു് ഉദാരമായി സംഭാവന ചെയ്തു് ഈ സംരംഭത്തെ വിജയിപ്പിക്കണമെന്നു് പ. കാതോലിക്കാബാവാ ബസ്സേലിയോസ് മാർ തോമ്മാ മത്ത്യൂസ് പ്രഥമൻ തിരുമേനി സഭാമക്കളെ ആഹ്വാനം ചെയ്തിരിക്കുന്നു.

സംഭാവനകൾ കാതോലിക്കേററു് സെൻറർ ട്രഷറാർ മി. എം. യു. പൌലോസ് മാപ്പിളയുടെ പേർക്കു് Managing Director, K. S. Bamboo Corporation, Angamali എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണു്.

ബത്തേരി പള്ളിയിൽ എട്ടു നോമ്പു പെരുന്നാൾ

സുൽത്താൻ ബത്തേരി സെൻറു മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വി. ദൈവമാതാവിന്റെ ജനനപെരുന്നാൾ സെപ്റ്റംബർ ഒന്നാം തീയതി വികാരി ഫാദർ മത്തായി നൂറനാൽ കൊടി ഉയർത്തിയതോടുകൂടി ആരംഭിച്ചു. എല്ലാ ദിവസവും വി. കർബാന, ധ്യാനം, പ്രസംഗം, യാമപ്രാർത്ഥനകൾ, വി. മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ ക്രമമായി നടത്തപ്പെട്ടു. ധാരാളം ഭക്തജനങ്ങൾ പള്ളിയിൽ ഭജനമിരുന്നുകൊണ്ടാണു് നോമ്പിൽ പങ്കെടുത്തതു്.

ദിവ്യ ശ്രീമാന്മാരായ ഫാദർ പൗലോസ് പുമററത്തിൽ, ഫാ. ജയിക്കബ്ബു് മനയത്തു്, ഫാ. കുര്യാക്കോസ് പൊക്കൽ, ഫാ. തോമസ് പഴയമഠം, ഫാ. ഏലിയാസ് മംഗലം, ഫാ. അബ്രഹാം എടേക്കാട്ടു് ഫാ. സഖറിയാ മണ്ണിത്തോട്ടം, ഫാ. അബ്രഹാം മുത്തൻപൊട്ടക്കൽ, ഫാ. ററി. പി. മാത്യു, ഫാ. ജോസഫ് കട്ടക്കയം, ഫാ. ജയിക്കബ്ബു് മണ്ണിത്തോട്ടം ഡീക്കൺ പി. പി. പൗലോസ് എന്നീ വൈദീകരും പെരുന്നാൾ പരിപാടിയിൽ പങ്കെടുത്തുകൊണ്ടിരുന്നു.

പെരുന്നാൾ പ്രമാണിച്ചു് പള്ളിയിൽ എത്തിച്ചേർന്ന കണ്ടനാട്ടു് ഇടവകയുടെ ജോസഫ് മാർ

പക്കോമിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് സമുചിതമായ സ്വീകരണം നൽകി.

പ്രതിബന്ധങ്ങൾ ഏന്തുതന്നെയായാലും സത്യം വിജയിക്കമെന്നും, ഇന്നോളമുള്ള മനുഷ്യവർഗ്ഗത്തിന്റെ ചരിത്രം അതാണു നമ്മെ പഠിപ്പിക്കുന്നതെന്നും കഷ്ടതകളിൽ കൂടിയും പോരാട്ടത്തിൽ കൂടിയും മാത്രമേ സത്യത്തിന്റെ മാററ് വെളിപ്പെടുകയുള്ളവെന്നും പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ പതറിപ്പോകാതെ സത്യത്തിൽ ഉറച്ചുനില്ക്കണമെന്നും കബറടക്കപ്പെട്ടവനായ യേശുക്രിസ്തു ജയാളിയായി ഉയിർത്തെഴുന്നേററതുപോലെ സത്യം ജയിക്കുമെന്നും പാത്രിയർക്കീസ് കക്ഷിയുടെസകല ശക്തിയും കേന്ദ്രീകരിച്ചുകൊണ്ട് ശ്രേഷ്ഠ കാതോലിക്കായും, മാർ ക്ളീമീസ്, മാർ ശമുവേൽ പീലക്സീനോസ്, പറപ്പള്ളിൽ മാർ ഗ്രീഗോറിയോസ്, ചെറുവിള്ളിൽ മാർ ദീവന്നാസിയോസ് എന്നീ മെത്രാന്മാരും അനുയായികളും ബത്തേരിപള്ളി പൂട്ടിക്കുവാൻ സകല പൈശാചികപ്രവർത്തനങ്ങളും നടത്തിയിട്ടും വിജയിക്കാതിരുന്നതു് വിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥതയാലുള്ള ദൈവാനുഗ്രഹം കൊണ്ടാണെന്നും മലങ്കരസഭയൊന്നാകെ ഈ ഇടവകക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നുവെന്നും അഭിവന്ദ്യ തിരുമേനി ഭക്തജനങ്ങളോട് പ്രസ്താവിച്ചു.

സെപ്ററമ്പർ 8–നു് അഭിവന്ദ്യ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കർബാന, മദ്ധ്യസ്ഥപ്രാർത്ഥന, പ്രദക്ഷിണം, പാച്ചോർ നേർച്ച എന്നിവയോടുകൂടി പെരുന്നാൾ അനുഗ്രഹകരമായി പര്യവസാനിച്ചു.

മലബാറിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി അനേകായിരം ഭക്തജനങ്ങൾ പെരുന്നാളിൽ പങ്കെടുത്തിരുന്നു.

ബോംബെയിൽ ഓർമ്മപ്പെരുനാൾ

ചെമ്പൂർ മാർ ഗ്രിഗോറിയോസ് പള്ളിയിൽ പ: പരുമലതിരുമേനിയുടെ 75–ാമതു ഓർമ്മപ്പെരുന്നാൾ നവമ്പർ മാസം 5, 6 എന്നീ തീയതികളിൽ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കൊണ്ടാടുന്നതാണ്.

5–ാംതീയതി വൈകിട്ട് 6. 30–നു് സന്ധ്യനമസ്ക്കാരവും അഭിവന്ദ്യതിരുമേനിയുടെ ധ്യാന പ്രസംഗവും ഉണ്ടായിരിക്കും. 6–ാംതിയതി ഞായറാഴ്ച പ്രഭാതനമസ്ക്കാരത്തെ തുടർന്നു് അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കർബാനയും തുടർന്നു് റാസായും നേർച്ചവിളമ്പും നടത്തുന്നതാണ്.

പതിവുപോലെ ഈ വർഷവും ബോംബെനഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു് തീർത്ഥാടകർ സംഘങ്ങളായി എത്തിച്ചേരും.

വാർഷിക സമ്മേളനവും മെഡിക്കൽ ക്യാമ്പും.

മലങ്കര ഓർത്തഡോക്സ് സഭയിലെ M A.F (വിവാഹ സഹായ നിധി), S. A. F. (ചികിത്സാ സഹായ നിധി) എന്നീ പ്രസ്ഥാനങ്ങളുടെ വാർഷികസമ്മേളനവും, മെഡിക്കൽ ക്യാമ്പും നവംമ്പർ 5,6 തീയതികളിൽ തിരുവല്ലാ എം. ജി. എം. ഹൈസ്ക്കൂളിൽ വച്ചു് നടത്തുന്നതിനു് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്മററി നിശ്ചയിച്ചിരിക്കുന്നു.

കമ്മററിയിൽ M. A. F. ജനറൽ സെക്രട്ടറിഡീ. ജോൺവി. ജോൺ, ജോയിൻറ് സെക്രട്ടറി ഇ ജെ. മർക്കോസ് എന്നിവർ M. A. F. ന്റെ റിപ്പോർട്ടും, ജാതിമതഭേദമെന്യ അർഹരായവർക്ക് നൽകിവരുന്ന സഹായനിധിയുടെ വിവരണവും നൽകി. S A. F. ജനറൽ സെക്രട്ടറി ഡാക്ടർ എം. വി. ജോർജ്ജ് അതിന്റെ റിപ്പോർട്ടു വായിച്ചു. ട്രഷറാർ ററി. ജെ. അലക്സാണ്ടർ രണ്ടു സംഘടനകളുടെയും കണക്കു വായിച്ചു് സമർപ്പിക്കുയുണ്ടായി.

വാർഷികസമ്മേളനത്തിന്റെയും, മെഡിക്കൽ ക്യാമ്പിന്റെയും നടത്തിപ്പിലേക്ക് കെ. പി. ബേബി ട്രഷററായും, കെ. എം. മാത്യൂ, ഡാക്ടർ അലക്സ് പോൾ പി. സി. തോമസ് ഫാ. കെ ഒ ജേക്കബ്ബ് എം. യോഹന്നാൻ ഫാ. ജോർജ്ജ കളീക്കൽ എന്നിവർ കൺവീനറന്മാരായുമുള്ള ഒരു കമ്മററിയെയും തെരഞ്ഞെടുത്തു.

ഡിഫൻസ്കമമററി പ്രതിഷേധം രേഖപ്പെടുത്തി

മലങ്കര ഓർത്തഡോക്സ് സഭയിലെ പള്ളികളിൽ ഉണ്ടായിട്ടുള്ള ഭിന്നതകൾ താല്ക്കാലികമായിട്ടെങ്കിലും പരിഹരിക്കുന്നതിനു് ബ. കേരള മുഖ്യമന്ത്രി സഭയിലെ ഇരു കക്ഷികളെയും ക്ഷണിച്ചുവരുത്തി ക്യബിനററ് സബ് കമ്മററിയിൽ ചർച്ചകൾ നടത്തി കോടതി വിധികളും കോടതി തീരുമിനമില്ലാത്ത സ്ഥലങ്ങളിൽ നിലവിലുള്ളസ്റ്റാററസ്കോയും പരിപാലിക്കണമെന്നുള്ള നിർദ്ദേശം ഇരുകൂട്ടരും സമ്മതിച്ചു പിരിഞ്ഞശേഷം സഭയിലെ വിഘടിതഗ്രൂപ്പുകാർ ആ തീരുമാനം ലംഘിച്ചുകൊണ്ടിരിക്കുകയും അതിനു് അവർക്കു് പലസ്ഥലങ്ങളിലും പോലീസധികൃതർ പിൻതുണ നൽകിക്കൊണ്ടിരിക്കുകയും ചെയ്തുവരുന്നതിൽ 23–9–1977–ൽ കോട്ടയം പഴയ സെമിനാരിയിലെ സോഫ്യാസെൻററിൽ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന കാതോലിക്കേററ് ഡിഫൻസ് കമ്മററി യോഗം പ്രതിഷേധം രേഖപ്പെടുത്തുകയും ക്യാബിനററു സബ് കമ്മററിയുടെ തീരുമാനം നടപ്പാക്കുന്നതിനു് മുഖ്യമന്ത്രിയും ക്യാബിനററ് സബ് കമ്മററി അംഗങ്ങളും അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രമേയം എക്സ് എം. എൽ. ഏ. ഡോ. കെ. എം. ചാക്കോ കുറുപ്പുംപടി അവതരിപ്പിക്കുകയും മി. ഏബ്രഹാം സഖറിയാ പെമ്പകമാം പിൻതാങ്ങുകയും യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയുമാണ് ചെയ്തതു്.

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണയ്ക്കു് താമസിച്ചതിനു ക്ഷമാപണം



സി. എം. മാത്യു. ഗീവർഗീസ്, മാവേലിക്കര. Mrs. Saramma George, Thirumoolapuram.

കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു വന്നുചേർന്ന സഭാംഗങ്ങൾ സഭയിലെ പ്രശ്നങ്ങളെപ്പറ്റി ചർച്ചകൾ നടത്തി. അദ്ധ്യക്ഷൻ തിരുമേനിയും പൌലോസ് മാർ ഗ്രീഗോറിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും ഫാ. മത്തായി നൂറനാൽ മലബാർ, ഫാദർ ജോസഫ് വെണ്ടറപ്പള്ളി കൊച്ചി, ഫാ. എം. വി. ഏബ്രഹാം കണ്ടനാട്, ഫാ. കെ. സി. സഖറിയ അങ്കമാലി, ഫാ. കെ. സി. ഉമ്മൻ തുമ്പമൺ ഫാ. ഗീവർഗീസ് അഞ്ചൽ കൊല്ലം, ഫാ. കെ. വി. ജോൺ നിരണം സർവ്വശ്രീ പി. എം. പൈലിപ്പിള്ള, ഡോ. കെ. എം. പാക്കോ, സമുദായ സെക്രട്ടറി പി. സി. ഏബ്രഹാം,, സമുദായട്രസ്റ്റി കുര്യൻ ഏബ്രഹാം, അഡ്വോ. കെ. ഒ. മാത്യു, കെ. ഈ. മാമ്മൻ' സി. യു. മാത്യു ഏബ്രഹാം തലവടി, സി. ജെ. മണ്ണുമ്മൂട് മുതലായവരും ചർച്ചകൾക്കു നേതൃത്വം നൽകി. ഡിഫൻസ്കമ്മററിയുടെ ഭാവിപരിപാടികൾ സംബന്ധിച്ച് ആവശ്യമായ തിരുമാനങ്ങളും ചെയ്തു,

മെത്രപ്പോലീത്താ സ്ഥാനത്തേക്കുതെരഞ്ഞെടുക്കപ്പെട്ട റമ്പാൻ ഫാ. റ്റി. ഈ. ജോർജ്ജിനു പകരം ജോയിന്റ് കൺവീനറന്മാരായി ഫാ. കെ. സി. ഉമ്മൻ ഫാ. ജേക്കബ് മണ്ണാറപ്രാ എന്നിവരെ തെരഞ്ഞെടുത്തു. 3 മണിക്കു ആരംഭിച്ച യോഗം 6 മണിക്ക് അവസാനിച്ചു. 200 ഓളം പേർ യോഗത്തിൽ സംബന്ധിച്ചു.

വെല്ലൂർ പ്രവേശനം

ഈ വർഷം നമ്മുടെ സഭയിൽനിന്നു വെല്ലൂർ മെഡിക്കൽ കോളജിലേക്കു സ്പോൺസർ ചെയ്യുവരിൽ എം.ബി.ബി. എസ്സിനു റോഷിണി അലക്സാണ്ടർ (കൽക്കട്ടാ), തോമസ് കുറിയാക്കോസ് (കൊച്ചി) എന്നിവരെയും, നേർസിംഗിനു ഏലിയാമ്മ ഏബ്രഹാം (സചിവോത്തമപുരം കോട്ടയം), എം. വി. സാലി (പാറമ്പുഴ, കോട്ടയം), ഓമനക്കുട്ടി ജോസഫ് (വാകത്താനം, കോട്ടയം), സൂസമ്മ കോര (പുതുപ്പള്ളി, കോട്ടയം) എന്നിവരെയും തെരഞ്ഞെടുത്തു പ്രവേശനം നൽകിയിരിക്കുന്നു.

വൈദികചരമം

പുന്നമൂട് ഓർത്തഡോക്സ് പള്ളിവികാരി മാവേലിക്കര വഴുവാടിയിൽ പുത്തിരേത്തു വടക്കേത്തു വി. സി. സ്കറിയാ കത്തനാർ സെപ്റ്റംബർ 20–ാം തീയതി എഡ്രോഹംനിമിത്തം നിര്യാതനായി. ശവസംസ്ക്കാരം മത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും അനേകം വൈദികരുടെ സഹകരണത്തിലും പുന്നമൂട് പള്ളിമുററത്തു പണികഴിപ്പിച്ച കല്ലറയിൽ 20–ാംതീയതി ചൊവാഴ്ച നാലു മണിക്കു നടത്തപ്പെട്ടു.

ബ. അച്ചൻ, കടമ്പനാട്ട ഹോറേബു ദയറാസ്ഥാപകനായ ദിവ്യശ്രീ. വി. സി. കോശിയുടെ ഇളയ സഹോദരനാണു. കായംകുളം, കററാനം തുടങ്ങിയ പള്ളികളിൽ വീകാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പരുമലെ മലങ്കരസഭാ ഓഫീസ്

പരുമല പെരുനാളിനോടനുബന്ധിച്ച് നവമ്പർ ഒന്നും രണ്ടും തീയതികളിൽ മലങ്കരസഭാ മാസികയുടെ ഓഫീസ് സെമിനാരി ചാപ്പലിനു മുൻവശത്തു പ്രവർത്തിക്കുന്നതാണ്.


മലങ്കരസഭാമാസികയുടെ വരിസംഖ്യയും, ഉപകാരസ്മരണാബ്ളോക്കുകൾ ഇടുന്നതിനുള്ള പണവും മററും പ്രസ്തുത ഓഫീസിൽ അടച്ച് രസീതു വാങ്ങാവുന്നതാണ്.

മാസികയ്ക്കു ഒരു വർഷത്തിൽ കൂടുതൽ കുടിശിക ഉള്ളവർ പെരുനാളോടുകൂടിയെങ്കിലും പണം അടയ്ക്കാത്തപക്ഷം തുടർന്നു മാസിക അയക്കുന്നതല്ല. മാസികാബന്ധുക്കൾ മാസികയുടെ കുടിശിക വരിസംഖ്യ അടച്ച് മാസികാപ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

സഭാകേന്ദ്രത്തിലടയ്ക്കേണ്ട കാതോലിക്കാദിനപിരിവ്, റീശ്ശീസാ, സമ്മേസ്കൂൾ കാണിക്ക മുതലായ ഇനങ്ങളും ഓഫീസിൽ സ്വീകരിക്കുന്നതാണ്.

മാസികയ്ക്കു വാർഷിക വരിസംഖ്യ	Rs. 6
ആയുഷ്ക്കാല വരിസംഖ്യ	Rs. 100
ഉപകാരസ്മരണാബ്ളോക്കുകൾ	Rs. 10
മാർ ഗ്രീഗോറിയോസ് സോവനീർ	Rs. 5 1/2

ഫാ. റ്റി. ജി. സഖറിയ മാനേജർ



അമേരിക്കയിൽ ന്യൂയോർക്കിലെ ബ്രൂക്ലിനിൽ മലങ്കര ഓർത്തഡോക്സ് സഭവകയായി ഒരു ഇടവക പ. ബസ്സേലിയോസിന്റെ നാമത്തിൽ ഉത്ഘാടനം ചെയ്യപ്പെട്ടു. ഇടവക ഉത്ഘാടനത്തിനു എത്തിയ ഭദ്രാസനാധിപൻ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കു ഇടവകക്കാർ നല്കിയ സ്വീകരണം. വീകാരി ഫാ. റ്റി. എം. സഖറിയാ, ഫാ. റ്റി. ഏ. തോമസ്, റവ. ഡോ. മാത്യു സി. ചാക്കോ എന്നിവരെയും കാണാം.

മാർ ഗ്രീഗോറിയോസ് സോവനീർ

ഡിസംബറിൽ പ്രസിദ്ധപ്പെടുത്തുന്നു. വില: രൂ. 7.

പ. പരുമല തിരുമേനി കാലംചെയ്തതിന്റെ പ്ളാററിനംജൂബിലി പ്രമാണിച്ചു മലങ്കരസഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന സ്മാരകഗ്രന്ഥം 1977 ഡിസംബർ മാസത്തിൽ പ്രകാശനം ചെയ്യപ്പെടുന്നതാണ്.

ക്യാനഡായിലെ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിക്കാരുടേതായുള്ള മനോഹരമായ മുഖചിത്രം, പ. പരുമല തിരുമേനി മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടയുടനെ (29–ാം വയസ്സിൽ) എടുത്ത ഫോട്ടോ ബ്ളോക്ക്, തിരുമേനിയും തിരുമനസ്സിലെ സമകാലികന്മാരായ മെത്രാപ്പോലീത്തന്മാരും ഒന്നിച്ചുള്ള ബ്ളോക്കുകൾ തിരുമനസ്സിലെ സ്വന്തം കയ്പ്പടയിൽ എഴുതിയ കത്തു്, തിരുമനസ്സിലെ കല്പനകളിൽനിന്നുള്ള ഉദ്ധരണികൾ തിരുമേനിയെ നേരിട്ടു കാണുകയും തിരുമേനിയുമായി അടുത്തു പെരുമാറുകയും ചെയ്തിട്ടുള്ളവരിൽ ഇന്നു ജീവനോടുള്ള പലരുടെയും അനുഭവസാക്ഷ്യങ്ങൾ, തിരുമനസ്സിലെ കബറടക്കത്തിന്റെ ദൃക്സാക്ഷിവിവരണങ്ങൾ, തിരുവിതാംകൂർ ഗവർമ്മെൻറിന്റെ പാഠപദ്ധതിയിൽ സ്കൂൾകുട്ടികൾക്കു പഠനത്തിനായി ഏർപ്പെടുത്തിയിരുന്ന തിരുമനസ്സിലെ പ്രഭാഷണം, തിരുമനസ്സിലെ അത്ഭുതസിദ്ധികളുടെ സാക്ഷ്യങ്ങൾ, ശീമയാത്ര, പരിശുദ്ധനായി പ്രഖ്യാപിച്ചുകൊണ്ടുള്ള 1947–ലെ സുന്നഹദോസ് നിശ്ചയം, അഭിവന്ദ്യ തിരുമേനിമാരുടെയും മററും ലേഖനങ്ങൾ, കവിതകൾ മുതലായവ ഉൾക്കൊള്ളുന്ന ഈ മഹത്ഗ്രന്ഥത്തിനു വില ഏഴ് രൂപാ.

മലങ്കരസഭാ മാസികാവരിക്കാർക്കു മാത്രം 5 രൂപാ 50 പൈസാ. മലങ്കരസഭ വരുത്തുന്നവർ രജിസ്റ്റർ നമ്പർസഹിതം ഉടനെ ആവശ്യപ്പെടുക. ഈ സ്മാരകഗ്രന്ഥത്തിനു ധാരാളം ഓർഡറുകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ ഒക്ടോബർ 20–നു മുമ്പു ആവശ്യപ്പെടുന്നവർക്കു മാത്രമെ സോവനീറിന്റെ കോപ്പികൾ നല്കാമെന്നു ഉറപ്പുപറയുവാൻ സാധിക്കുകയുള്ളു. കോപ്പികൾക്കു മുൻകൂർ പണം അയച്ചു ആവശ്യപ്പെടുക: മാനേജർ, മലങ്കരസഭ, കോട്ടയം–686 004.

THE MALANKARA SABHA
Catholicate Office, Kottayam-686 004
(Licence No. 475 — 11th April 1946 Registered No. KL-KTM-38)

FOR FAVOURS RECEIVED



M. P. Paulose & Family Philadelphia, U. S. A.

Printed and Published by Rev. Fr. T. G. Zacharia at the Catholicate Press, Kottayam-686 004
Chief Editor: Very Rev. C. Zachariah Ramban